C.29

[illegible]

1474

1474
e. 29

# സംഗീതനൈഷധം.

ഗ്രന്ഥകൎത്താ

ടി. സി. അച്യുതമേനോൻ.

പ്രസാധിക

മിസിസ്. ടി. സി. അച്യുതമേനോൻ.

16-ാംപതിപ്പ് കോപ്പി 2000

ആകെകോപ്പി 31,800

SRI KRISHNAVILASAM READING ... MALAYINKEEL

തൃശ്ശിവപേരൂർ

രാമാനുജമുദ്രാലയം ക്ലിപ്തത്തിൽനിന്ന അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുന്നത

1100

1474

# സംഗീതനൈഷധം.

## ഭാഷാനാടകം

## ഒന്നാമങ്കം

മന്ദതാപംവിട്ടു നെററിത്തിരുമിഴിയുടയോൻ
കാന്തനായ്സ്ഥീൻവെന്നാം-
യുന്നിയ്ക്കുംതോഷമോടഗ്ഗിരിസുതയരികിൽ
ചെന്നുടൻചേർന്നുനില്ക്കെ
കണ്ണോക്കുംകൊങ്കതങ്കക്കരതളിരതിനാൽ
ശംഭുതാൻതൊട്ടുനേരം
കുന്നിയ്ക്കുംപ്രേമഭാരാലിളകിനപുളകം
നിങ്ങളെക്കാത്തിടട്ടെ.

(നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു)

സൂത്രധാരൻ—(സഭയെ നോക്കിത്തൊഴുത്.)

ഫീൽ—ഏകതാളം

തുക്കട.

മേരുസന്നിഭഗംഭീരരെ! സരസന്മാരെ!
ചാരുശീലരെ! വന്ദനം സഭാസദന്മാരെ!
വിരുതതില്ലതീരെ-നടനവഴിയിൽ നേരെ
ഒരുപടംവെയ്ക്കുവാൻ-ഉദ്യമെസ്തുളം
ചേരുവാനനുഗ്രഹങ്ങളരുളിടേണമെ.

(ചുററിനടന്ന് അണിയറയിലേയ്ക്കു നോക്കി) ആര്യേ!

നടി—(പ്രവേശിച്ച്) ആര്യ! ഇതാ ഞാൻ, എന്തിനായിട്ടാണ് എന്നെ വിളിച്ചത്?

സൂത്രധാരൻ—(അടുത്തുചെന്ന് സദസ്സ് ചൂണ്ടിക്കാണിച്ച്)

ബിഹാക് — അടതാള ചാപ്പ്.

പല്ലവം.

സൽസദസ്സിതുകാൺകയെ സൽഗുണാലയെ!

അനുപല്ലവം.

സഫലമാക്കണംനമ്മുടെവിദ്യയിങ്ങുനാം— സൽ

ചരണങ്ങൾ.

൧. ഭരതമുനിമതപ്രകാരമഭിനയക്രമം
കരളിൽദൃഢമായഖിലമറിഞ്ഞതയോഗ്യർതിങ്ങിടും— സൽ
൨. ദോഷഭാഗംസൂക്ഷിക്കാതെഗുണലവത്തിലേററവും
തോഷംപൂണ്ടുത്സാഹമേററുംഭവ്യർചേർന്നിടും— സൽ
൩. അന്യദൂഷണാദിദോഷഹീനരായുമെത്രയും
മാന്യരായുള്ളജനങ്ങളാൽവിളങ്ങിടും— സൽ

അതിനാൽ ഏതു നാടകമാണ് ഇവിടെ പ്രയോഗിക്കേണ്ടതെന്നു ഭവതിതന്നെ ആലോചിച്ചു പറയുക.

നടി—(വണക്കത്തോടെ)

തോടി—ആദിതാളം.

പല്ലവം

ആര്യൻചൊന്നതേചെയ്കയെന്നല്ലാതെ

അനുപല്ലവം.

കാര്യബോധമുണ്ടാമേ— ആര്യൻ

ചരണങ്ങൾ.

൧. പരാഭിപ്രായവുംകാവ്യസാരസ്യവും
ചരിതംചിത്തത്തിൽഗ്രഹിപ്പാൻചാതുര്യം
സരസജ്ഞരാകുംപുരുഷന്മാരെപ്പോൽ
നാരികൾക്കേതുമുണ്ടാമോ?— ആര്യൻ
൨. ഒന്നുമാത്രംചൊല്പാംഇന്നീസഭ്യരെല്ലാം
ഗാനപ്രിയന്മാരാകയാലിവിടെ
ഗാനനാടകംവല്ലതുമുണ്ടെങ്കിൽ
നൂനമിന്നതുതാനാടേണ്ടും— ആര്യൻ

സൂത്രധാരൻ—(ആലോചിച്ച്) ആര്യേ! ഇയ്യിടെ, ടി. സി. **അച്യുതമേനവനാൽ** രചിക്കപ്പെട്ട "**സംഗീതനൈഷധം**" ഭവതി ഓർമ്മിയ്ക്കുന്നില്ലെ?

നടി—ശരിതന്നെ, നമ്മൾ അഭ്യസിക്കുകയും ഉണ്ടായിട്ടുണ്ടല്ലോ?

സൂത്രധാരൻ—അതുതന്നെ ആകട്ടെ.

നടി—ആൎയ്യന്റെ ആലോചന നന്നായി. എന്തെന്നാൽ, നവീനസമ്പ്രദായത്തിലുള്ള നാടകം ആദ്യമായി അഭിനയിക്കേണ്ടത് ഇങ്ങിനെയുള്ള സദസ്സിൽ വെച്ചുതന്നെയാണ്.

സൂത്രധാരൻ—ആൎയ്യെ! എന്നാൽ ഞാൻ ഈ വിവരം നടന്മാരെ അറിവിക്കട്ടെ. അതിനിടയിൽ, ഇവരുടെ സന്തോഷത്തിന്നായി ഈ വസന്തഋതുവിനെ വൎണ്ണിച്ച് ഭവതി അല്പം ഗാനംചെയ്യതന്നെ. (എന്നുപോയി).

നടി— ചെഞ്ചുരുട്ടി—ആദിതാളം

പല്ലവം.

ചൊല്ലേറുംവസന്തകാലംകണ്ടാലുമയേ!

അനുപല്ലവം.

ഉല്ലാസമാൎന്നാടുന്നിതാവല്ലികൾതരുനിരയും— ചൊല്ലേ

ചരണങ്ങൾ.

൧. വികസിതസുമങ്ങളിൽനിറഞ്ഞമരുംഷൾപദ-
നികരത്തെക്കണ്ടുകൊണ്ടലെന്നശങ്കയാ
കേകാരവത്തൊടുംപിഞ്ഛരംപരത്തിമുദാ
കേകികൾപിടകളൊത്താടീടുന്നു— ചൊല്ലേ

൨. ക്രീഡയാൽതളൎന്നുള്ളപികതരുണിയെപ്പികം
ബാഢപ്രേമംചിറകാൽവീശിശ്രമമകററി
തനതുതുണ്ഡത്താൽതളിർകൊത്തിക്കൊടുത്തുംതിന്നും
ഘനകുതുകേനഗാനംചെയ്തീടുന്നു— ചൊല്ലേ

സൂത്രധാരൻ—(വീണ്ടുംപ്രവേശിച്ച്) ആൎയ്യെ!

കല്യാണി—ആദിതാളം.

കണ്ണികൾ.

൧. ശ്രുതിയുഗത്തിന്നാനന്ദമതിയായരുളുംതവ
മൃദുഗീതശ്രവണത്താൽസദസ്യരശേഷവും
മേദുരാനന്ദസാഗരെ മുങ്ങിമയങ്ങി
പ്രതിമകൾപോലായ്തീൎന്നതെ.

൨. അരയന്നപ്പുംഗവൻവരച്ചുകാണിച്ചഭീമ-
നരവരപുത്രിതന്നവയവവിലാസങ്ങൾ
നിരന്തരംസ്മരിക്കയാലെ-നിഷധക്ഷോണീ-
വരനായവൈരസേനിപോൽ.

(അണിയറയിൽ) തോഴർ ഇതിലെ, ഇതിലെ.

സൂത്രധാരൻ—(അണിയറയിലേക്ക നോക്കി) ആര്യെ! നൈഷധസുവൎണ്ണന്മാരുടെ വേഷങ്ങൾ ധരിച്ച് കളകണ്ഠതാമ്രചൂഡന്മാർ ഇതാ രംഗത്തിൽ പ്രവേശിയ്ക്കുന്നു. നമുക്കും നമ്മുടെ വേഷങ്ങൾ ഒരുങ്ങുവാൻ പോവുക.

(എന്നു രണ്ടാളും പോയി)

പ്രസ്താവന കഴിഞ്ഞു.

---

(അനന്തരം ഉൽകണ്ഠയോടുകൂടി രാജാവും, വഴികാണിച്ച് വിദൂഷകനും പ്രവേശിക്കുന്നു)

വിദൂഷകൻ—തോഴർ ഇതിലെ, ഇതിലെ.

രാജാ— സഖെസുവൎണ്ണ! നോക്കൂ,. നോക്കൂ. ഈ ഉദ്യാനം സൎവ്വപ്രകാരേണയും എന്റെ ഇപ്പൊഴത്തെ അവസ്ഥയെത്തന്നെ അനുകരിച്ചിരിക്കുന്നു. എന്തെന്നാൽ,

കാപി—ചായ്പ്.

കണ്ണികം.

൧. തരുലതാദികളൊന്നുംവിചാരമഗ്നരെന്നപോൽ
ചെറുപവനനേററുമെ ചലിപ്പതില്ലതെല്ലുമെ

൨. ഉറക്കമെന്നിയെനിശാകഴിച്ചരാഗിതന്നെപ്പോൽ
മുറയ്ക്കുകൂമ്പിടുന്നിതാകുമുദമാകവെഭൃശം

൩. പരമുൽകണ്ഠിപോലവെപരഭൃതങ്ങൾമൌനമായ്
മരങ്ങളിലിരുന്നിട്ടുന്നിനനുഭിച്ചിതെങ്കിലും

൪. സരോരുഹമിനകരോദയത്തെപ്പാൎത്തിടുന്നുഞാൻ
മരാളപുംഗവാഗമംനിനച്ചവാണിടുന്നപോൽ.

വിദൂഷകൻ—തോഴരെ! ഇതാ ഉദ്യാനമണ്ഡപം അടുത്തുണ്ടല്ലൊ? അവിടെ ചെന്നിരുന്നു വിശേഷസൌരഭ്യമുള്ള പൂക്കളിൽ തട്ടിവരുന്ന തണുത്ത കാററേററു വിശ്രമിക്കാം.

രാജാ—അങ്ങിനെയാകട്ടെ നടക്കൂ.

വിദൂഷകൻ—എഴുന്നള്ളണം.

(രണ്ടാളും ചുററിനടന്ന് ചെന്നിരിക്കുന്നു)

രാജാ—വയസ്യ! മന്ദിരത്തിലിരിക്കുനതായിരുന്നു ആശ്വാസം;

ഉദ്യാനത്തിൽ വന്നാതേ ദൃഷ്ടമായി. എന്തെന്നാൽ, ഇതുപോലെയുള്ള ഒരു പ്രഭാതത്തിൽ, കൌതുകത്താൽ ആ ഹംസശ്രേഷ്ഠനെ പിടികൂടിയത് ഈ നില്ക്കുന്ന അശോകവൃക്ഷത്തിന്മേൽ നിന്നാണല്ലൊ. ഇതു കാണുമ്പോൾ ആ സാധുവിൻെറ ശ്രമം എന്തായി എന്നറിയാഞ്ഞിട്ട് എൻെറ മനസ്സ വല്ലാതെ കുഴങ്ങുന്നു.

വിദൂഷകൻ—തോഴരെ! ഹംസം ഇന്നലെയല്ലെ ഇവിടുന്നു പോയത്? പിന്നെ എന്താണ് ഇത്ര പരിഭ്രമിപ്പാനുള്ളതെന്ന് എനിക്കു മനസ്സിലാകുന്നില്ല.

രാജാ—വയസ്യ, അങ്ങിനെയല്ല.

കാപി—രൂപകം.

കണ്ണികൾ.

൧. കന്നൽകണ്ണികൾമൌലിയാമവൾതന്നിലാഗ്രഹം
മന്നവക്കെല്ലാക്കുമൊരുപോലുണ്ടുപോൽപരം
൨. പിന്നെയുംസുരാസുരാദിപരിഷകൾക്കുമേ (ർ
സന്നതാംഗിയിൽവാച്ചപോൽകൊതിചതിയുടങ്ങുമായവ
൩. രത്നമൊന്നേയുള്ളുതദത്ഥമെതിച്ചീടുന്നഖിലരും
യത്നംമാമകമാകയാൽവെറുംയത്നമായ്താൻതീന്നിടാം
൪. ഇതിവിവിധങ്ങളാകുംചിന്താതരംഗങ്ങളാലെ
രോധിക്കപ്പെട്ടുള്ളോരെൻമനം വേധിതമിന്നേത്രയും

വിദൂഷകൻ—തോഴർ വിചാരപ്പെടേണ്ട. ആ ഹംസം ഭവാൻെറ ചിത്രപടംകൂടി കൊണ്ടുപോയിട്ടുണ്ടല്ലൊ. ഇത്ര സൌഭാഗ്യമുള്ള തോഴരുടെ ആ ചിത്രം കണ്ടാൽ അവൾക്കു പിന്നെ അന്യനിൽ ബുദ്ധിചെല്ലുകതന്നെയില്ല. അഥവാ, അവൾക്കു മറിച്ചുതോന്നുന്നപക്ഷം, ഗുണദോഷം അറിഞ്ഞുകൂടാത്ത അവളെക്കുറിച്ച് അത്ര വിചാരിപ്പാനുമില്ലല്ലൊ.

രാജാ—വയസ്യ! അങ്ങിനെ വിചാരിപ്പാനും പാടില്ല. എന്തെന്നാൽ,

ധന്യാശി—ആദിതാളം

കണ്ണികൾ

൧. മുന്നമേമന്നവർസുന്ദരിതൻകരം
ഒന്നായത്ഥിച്ചിരിക്കാംചാരജനമുഖേന

൨. എന്നതിലേകനെതന്നുടെനാഥനായ്
ഉന്നിയവൾമാനസേഎന്നുവന്നെങ്കിലോ
൩. പിന്നെഇളക്കാൻപണിസതികളായീടുന്ന
കന്യകമാർമനമങ്ങിനെയല്ലയൊ?

വിദൂഷകൻ—തോഴർ ക്ഷമിക്ക, ഞാനൊന്നു നോക്കട്ടെ (ആലോചനനടിച്ചു, കൈവിരൽ മടക്കി എണ്ണി) തോഴരേ! എന്റെ ബുദ്ധിയെല്ലാമെടുത്ത് ആലോചിച്ചുനോക്കിയതിൽ ലക്ഷണംകൊണ്ട് ഇങ്ങിനെയാണ് കാണുന്നത്.

രാജാ—എങ്ങിനെ?

വിദൂഷകൻ—തോഴരുടെ സൌന്ദൎയ്യാദിഗുണങ്ങളെ പലരും വൎണ്ണിക്കുന്നതു കേട്ടിട്ട് ഒരു സമയം ആ ഭൈമി തോഴരെത്തന്നെമനസാവരിച്ചിരിക്കണം. ഇല്ലെങ്കിൽ മററുവല്ലവരേയും.

രാജാ—വയസ്യ! കളിവചനങ്ങൾ മതി. യാതൊരു സമാധാനവുമില്ലാതിരിക്കുന്ന എന്റെ മനസ്സിനെ എന്തു വിനോദത്താലാണ് ഞാൻ സമാധാനപ്പെടുത്തേണ്ടതെന്നു പറയൂ.

വിദൂഷകൻ—ഞാൻ സമാധാനത്തിന്ന് നല്ലൊരു മാൎഗ്ഗം ആലോചിക്കാം.

രാജാ—എന്നാൽ താനാലോചിയ്ക്കൂ.

വിദൂഷകൻ—(ആലോചന നടിക്കുന്നു)

രാജാ—(വിചാരം)

പരസു—ഏകതാളം.

പല്ലവം.

പ്രാണമിത്രം ഹംസപുംഗവൻ;

അനുപല്ലവം.

പ്രാണധാരണൈകാധാരമാം മൽ— പ്രാണ

ചരണങ്ങൾ.

൧. ഏണാക്ഷിയെക്കാണ്മാൻതരം
കാണാഞ്ഞുഴന്നീടുന്നിതൊ
കാണാൻകഴിഞ്ഞുമിംഗിതം
വീണായടങ്ങിപ്പാൎത്തിതൊ— പ്രാണ

മിന്നുംചിറകിൻകാന്തിക-
ണ്ടന്നാളെന്നാലെന്നവിധം
അന്യയാമങ്ങന്യൻകരം
തന്നിൽകുടുങ്ങിപ്പോയിതൊ— പ്രാണ

വിദൂഷകൻ—തോഴരെ! ആശ്വാസത്തിന്നുനല്ലോരുപായംകിട്ടി.

രാജാ—എന്താണത്, കേൾക്കട്ടെ.

വിദൂഷകൻ—ആ ഹംസം ദമസോദരിയുടെ ഓരോരൊ അവയവം പ്രത്യേകം പ്രത്യേകം വൎണ്ണിക്കയുണ്ടായില്ലെ?

രാജാ—ഉവ്വ്, അതിന്നെന്താണ്?

വിദൂഷകൻ—അതെല്ലാം ആലോചിച്ച മനസ്സിനെ വിനോദിപ്പിയ്ക്കണം.

രാജാ—എടൊ! താനെന്തുപറയുന്നു?

ബിഹാക്—രൂപകം
കൎണ്ണികം

൧. കുന്നിച്ചീടുംവിരഹശോകം
മന്ദിപ്പാനത്തന്വിതന്നുടെ
സുന്ദരതരമവയവങ്ങ-
ളൊന്നൊന്നായ് താനോൎത്തോത്താൽ

൨. കത്തിക്കാളുമനലനെക്കെ-
ടുത്തിടുന്നതിന്നുടനെ
നിൎത്തിടാതടിയ്ക്കടിനെയ്
വീഴ്ത്തീടുന്നപോലല്ലയൊ?

൩. ചിത്തമേറിവാണിവന്നു
ചിത്തജാസ്ത്രിചേൎത്തിടുന്ന
ഉത്തമാംഗീസ്മരണപുൺണ്ണിൽ
കുത്തിക്ഷാരംവെയ്ക്കുംപോലാം.

വിദൂഷകൻ—എന്നാൽ എനിക്ക് ഇത്രയേ ആലോചനശക്തിയുള്ളൂ.

രാജാ—എടോ! താനെന്റെ പ്രിയസ്നേഹിതനായിരുന്നിട്ടുംകൂടി എന്റെ ദുഃഖമറിയാത്തതെന്താണ്? തനിക്ക് ഇഴവക സംഗതികളിൽ യാതൊരു അസ്വാസ്ഥതയും തോന്നുമാറില്ലെ?

വിദൂഷകൻ—ഞാൻ ഇതിലും വലിയ സങ്കടങ്ങൾ അനുഭവിച്ചിട്ടുള്ളവനാണ്. എങ്ങിനെയെന്നാൽ,

## നാഥനാമക്രി— ഏകതാളം.

### കണ്ണികകൾ.

൧. പണ്ടൊരുനാളെൻെറസ്വാന്തം-പാരം
ശങ്കാചിണഞ്ഞെന്നോട്ടരിയാടാതായി.

൨. എന്നതുകണ്ടപ്പോൾഞാനും-പുന-
രൊന്നുംമിണ്ടാതെൻെറപാട്ടിൽതിരിച്ചു.

൩. അഞ്ചാറുനാൾഘനഭാവം-പൂണ്ടു
ചഞ്ചലിയാതങ്ങിരുന്നോൻ.

൪. എന്നിട്ടുമാൾവന്നില്ലെന്നായ്-കണ്ടു
ന്നൂണുമുറക്കവുംപൊങ്ങി.

൫. അല്പംനാൾചെന്നപ്പോൾസ്വാന്തം-തൻെറ
ചൊല്ലൊങ്ങുംതോഴിയെവിട്ടു.

൬. സാമർത്ഥ്യമേറുന്നതോഴി-എന്നെ
ക്കാമിനിയോടണച്ചേർത്തു.

൭. അന്നുമുതൽക്കൊന്നുകൊണ്ടും-ഞാൻ
പിന്നെഴിച്ചീട്ടുമാറില്ല.

രാജാ—എടൊ! താൻ നേരംപോക്കുകൾമതിയാക്കു.

വിദൂഷകൻ—(മേല്പട്ടുനോക്കി) അയ്യോ! എന്താണിത് ആകാശത്തിൽ നിന്നിങ്ങോട്ട് ഇറങ്ങിവരുന്നത്? (എന്നു ഭയം നടിച്ച് എഴുനേററു രാജാവിൻെറ പിറകിൽചെന്നുനില്ക്കുന്നു)

രാജാ—(സൂക്ഷിച്ചുനോക്കി) ഹാ! ഹാ!

ഇന്നുമൽകാര്യ്യസാദ്ധ്യത്തിന്നുന്നിയാക്കുണ്ഡിനാലയെ
ചെന്നുപോന്നീട്ടുമാഹംസംമിന്നൽപോലെവരുന്നിതാ

(അനന്തരം ഹംസം പ്രവേശിക്കുന്നു)

രാജാ—സ്നേഹിത! അടുത്തുവരു.

ഹംസം—(അടുത്തുചെന്നു) ഭവാൻ സന്തോഷിച്ചാലും, സന്തോഷിച്ചാലും.

രാജാ—കാര്യ്യം സഫലമായൊ ഇല്ലയോ എന്നറിയാഞ്ഞിട്ട് എൻെറ മനസ്സു പരിഭ്രമിക്കുന്നു.

ഹംസം—ഭവാൻ കേട്ടാലും, ഞാൻ ഇവിടെനിന്നു തിരിച്ച്,

ബിലഹരി — ആദിതാളം

പല്ലവി

കുണ്ഡിനപുരമതിലുണ്ട്യാനെഞാൻ
ചെന്നുവസിച്ചൊരുതരുമൂലെ

അനുപല്ലവി

കന്നൽനേർമിഴിദമസോദരിയും
തന്നുടെസഖിമാരോടിടചേൎന്ന് — കുണ്ഡിന

ചരണങ്ങൾ

൧. വന്നാളവിടെ കേളികൾചെയ്യാൻ
അന്നേരംഞാൻമന്നിലിറങ്ങി
തന്നത്താനേവന്നുപിടിപ്പാൻ
നന്നൊന്നുംഞാൻകരളിലുറച്ചു — കുണ്ഡിന

൨. മന്ദംമന്ദംനടകൊണ്ടേൻഞാൻ
മന്ദതയോടവൾപിൻതിരിവതിനായ്
ഉന്നിനസമയെമന്ദമവൾതൻ
മുന്നിൽചെന്നുനിൻകഥകളുരച്ചേൻ — കുണ്ഡിന

൩. നളനെന്നുള്ളൊരുശബ്ദംകേട്ടൊ-
രളവിൽതന്നെഒന്നുവിയൎത്തു
നെടുവീൎപ്പുകളുംവിട്ടുതുടങ്ങീ
അടിയൻശേഷംചൊല്ലീടണമൊ — കുണ്ഡിന

രാജാ — പ്രിയഹംസമെ! എനിക്കുതന്നെ കിട്ടുമൊ, അതൊ അന്യന സ്വാധീനയായിവരുമൊ?

ഹംസം — ഭവാൻ ഒട്ടുംതന്നെ സംശയിക്കേണ്ട. എന്തെന്നാൽ,

സിന്ധുഭൈരവി — ധ്രുവരൂപകം.

കണ്ണികൾ

൧. കന്നൽകണ്ണാളെനീയെന്നൊടു
ചൊന്നതുശരിയൊ കളിയൊ ചൊല്ലുക
എന്നവളുടെ മനമറിവാനായ്ഞാൻ
പിന്നെയുമരുളിയനേരമുരച്ചാൾ

൨. "അന്നപ്രവരധരിച്ചാലുംനീ
എന്നുടെമനമതിലേറിവസിക്കും

മന്നൻനൈഷധനേമൽപതിയ-
ല്ലെന്നതുവന്നാലന്നുമരിയ്ക്കും".

രാജാ—എന്നാൽ എന്റെ സകല സംശയങ്ങളും തീൎന്നു.

ഹംസം—എന്നുമാത്രമല്ല, ഭവാനിൽ ആ ഭൈമിയ്ക്കു് നന്നെ അനുരാഗമുണ്ടെന്നും, കൂടക്കൂടെ ഭവാന്റെ ഓരോ ഗുണങ്ങളെപ്പററി പ്രശംസിക്കാറുണ്ടെന്നും, സഖിമാരുടെ വാക്കിനാലും ഞാൻ അറിഞ്ഞിരിയ്ക്കുന്നു.

രാജാ—അല്ലെ, സ്നേഹിതാ!

കല്യാണി—കലാശം

൧. ദമസോദരിയുടെമനമതിലുക്കീട്ടെന്നിൽചേൎത്തുഭവാൻ
കാമാതങ്കംനീക്കിയതിനുഞാൻപ്രത്യുപകാരത്തെ

൨. നൃപനെന്നാലുംചെയ്യുതിനാമൊട്ടുദാനത്താലും
ഉപ്തിവരുന്നതുമല്ലെൻഹൃദയെഎന്നതിനാലിപ്പോൾ

൩. ഖഗവരനിന്നിൽനല്ലൊരുയശസ്സുംആയുസ്സുംസുഖവും
ജഗദീശ്വരനാൽനൽകപ്പെട്ടുവാൻപ്രാൎത്ഥിച്ചീടുന്നേൻ

൪. എന്നല്ലാതെന്നിന്നെപ്പോലെഉടനെടനായ് തന്നെ
ഇന്നീചെയ്തതിനൊപ്പംചെയ്യാൻഎന്നാലാകുവതൊ

ഹംസം—ഭവാൻഅങ്ങിനെപറയരുതെ എന്തെന്നാൽ;

അന്നാളെന്നെപ്പിടിപെ-
ട്ടൊന്നുംചെയ്യാതെവിട്ടയച്ചതിനായ്
മന്നവപ്രത്യുപകാരം
ഇന്നീച്ചെയ്തതുപെരുത്തുനിസ്സാരം.

രാജാ—എങ്ങിനെയെങ്കിലുമാകട്ടെ, എനിക്കിതിൽപരം ഒന്നും തന്നെ ചെയ്യേണ്ടതില്ല.

ഹംസം—എന്നാൽ ഇപ്പോൾ എന്നെ പോകുവാൻ അനുവദിക്കണം. വിവാഹാനന്തരം വന്നുകൊള്ളാം.

രാജാ—ഇത്രവേഗം പോകയൊ?

ഹംസം—എനിക്കും പിരിഞ്ഞുപോകുന്നതിൽ നന്നെ വ്യസനമുണ്ട്. എന്തുചെയ്യാം ഞാൻ ഇത്ര ദിവസമായിട്ടും തിരിച്ചു ചെല്ലാഞ്ഞിട്ട് ഒരു സമയം എന്റെ പ്രാണേശ്വരി;

ചെഞ്ചുരുട്ടി—ഏകതാള.

പല്ലവം

"മേദിനിയിൽ പോയവരൻ
മേദുരഗുണനികരൻ

ചരണം

ബദ്ധനായൊരീഷ്ഷർകയ്യാൽ
പദ്ധതിയിൽ,വിരഹാർത്ത്യാൽ
സ്വിദ്യമാനസർവ്വശേഷമായ്,പ്രാണനും
ബദ്ധശോകമോടെന്നെയും
ശ്രദ്ധനടൻ വെടിഞ്ഞിതൊഹഹ"— "മേദിനി

എന്നിപ്രകാരം വിചാരിച്ചു ജീവത്യാഗം ചെയ്യു എന്നു വന്നേക്കാം.

രാജാ—എന്നാൽ പോകതന്നെ.

ഹംസം—(വിദൂഷകനോട്) പിന്നെക്കാണാം. (എന്നുപോയി).

രാജാ—സുവണ്ണ! ആ ഹംസംപോയ വഴിയെത്തന്നെ എന്റെ ധൈര്യവും പോയി.

വിദൂഷകൻ—തോഴരെ! ഇതെന്താണ്, ദമയന്തിയെ കാണുന്നതിന്നുപകരം ആ ഹംസത്തെ കണ്ടാൽ മതിയൊ?

രാജാ—എടൊ, ഭ്രാന്ത! ദമയന്തിയിലെന്തിരിക്കുന്നു? പ്രിയമിത്രമായ ഹംസം ഇല്ലെങ്കിൽ ഇതിൽ ഏതെങ്കിലും ഉണ്ടാകുമൊ?

വിദൂഷകൻ—അതു ശരിയാണ്. എന്നാൽ ആ ഹംസം ഇത്രയൊക്കെ തീർച്ചപറഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഒട്ടുംതന്നെ സംശയിപ്പാനില്ല

(തവണക്കാരൻ പ്രവേശിച്ച്) തിരുമനസ്സിലെ കാണ്മാൻ കുണ്ഡിനത്തിൽനിന്ന് ഒരു ദൂതൻ വന്നു സമയം പാർത്തുനില്ക്കുന്നു.

രാജാ—കുണ്ഡിനത്തിൽനിന്നൊ?

തവണക്കാരൻ—സ്വാമിൻ!

രാജാ—എന്നാൽ വേഗത്തിൽ വരാൻ പറയു.

തവണക്കാരൻ—കല്പനപോലെ. (എന്നുപോയി).

ദൂതൻ—(പ്രവേശിച്ച്) തിരുമേനി ജയിച്ചാലും. തൃക്കയ്യിൽ തരുവാനായി സ്വാമി ഭീമമഹാരാജാവ് ഒരു പത്രം തന്നയച്ചിട്ടുണ്ട്. (എന്ന് എഴുത്തുകൊടുക്കുന്നു).

രാജാ—(വാങ്ങി വായിച്ച്) ആകട്ടെ, താൻ പൊയ്ക്കോളൂ.
ദൂതൻ—കല്പനപോലെ (എന്നുപോയി).
വിദൂഷകൻ—തോഴരെ! എഴുത്തിലെ താല്പര്യം വിരോധമില്ലെങ്കിൽ എനിക്കറിഞ്ഞാൽ കൊള്ളാമെന്നുണ്ട്.
രാജാ—താൻ കേട്ടോളൂ. (എന്നു വായിക്കുന്നു).

ശ്രീരസ്തു.

സോമകുലാലങ്കാരഭൂതനായി നിഷധം പരിപാലിച്ചുവരുന്ന വീരസേനാത്മജൻ നളനെ പ്രേമത്തോടെ ആലിംഗനം ചെയ്തു കുണ്ഡിനാധിപനായ ഭീമൻ അറിയിക്കുന്നതു എന്തെന്നാൽ:—

നമുക്ക് അനല്പപുണ്യത്താൽ ലഭിച്ചവളും, ഇപ്പോൾ പൂർണ്ണയൌവ്വനത്തെ പ്രാപിച്ചവളുമായ നമ്മുടെ പ്രിയപുത്രി ദമയന്തിയെ, ഇന്നേയ്ക്കു മൂന്നാംദിവസം നല്ല മുഹൂർത്തമാകയാൽ നാനാരാജാക്കന്മാരും നിറഞ്ഞ സഭയിൽവെച്ചു സ്വയമായി ആരെ വരിക്കുന്നുവോ ആ ആൾക്കു വിവാഹം ചെയ്തുകൊടുക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കകൊണ്ടു, അങ്ങും പരിജനസമേതം തലേദിവസംതന്നെ വന്ന്, സ്വയംവരാർത്ഥം കൂടുന്ന രാജസഭയെ അലങ്കരിക്കുമെന്നു വിശ്വസിക്കുന്നു.

വിദൂഷകൻ—തോഴരെ! എന്നാലിനി മോടികൂട്ടുകയല്ലെ?
രാജാ—(ചിരിച്ച്) താൻകൂടി വരുന്നോ?
വിദൂഷകൻ—ഉം, ഉം, ഞാനില്ല.
രാജാ—എന്തുകൊണ്ടാണ്?
വിദൂഷകൻ—തങ്ങൾതങ്ങൾക്കാണ് കിട്ടുക എന്നുള്ള വിശ്വാസത്തിന്മേൽ അസംഖ്യം രാജാക്കന്മാർ വന്നുചേരും. അവൾ സ്വാമിയെത്തന്നെ മാലയിടുകയും ചെയ്യും. അപ്പോൾ അവിടെ ചില ലഹളകളെല്ലാം ഉണ്ടാകും.
രാജാ—തനിക്ക് അത്രഭയമുണ്ടെങ്കിൽ താൻ പോരേണമെന്നില്ല.
വിദൂഷകൻ—(ആലോചിച്ച്) തോഴരെ! ഞാൻ കൂടി പോന്നാൽ ഭൈമി ഭവാനെ വരിക്കുമ്പോൾ സഖികളിൽ ആരെങ്കിലും എന്നെക്കൂടി വരിച്ചെങ്കിലൊ?
രാജാ—എടൊ! തനിക്കിവിടെയുണ്ടല്ലോ?

വിദൂഷകൻ—എന്നാൽ ഞാൻപോരുന്നില്ല.

(അണിയറയിൽ)

ദേവൻ ജയിച്ചാലും, ജയിച്ചാലും, ഇതാ,

മെത്തുന്നോരാതപത്താൽതണലുകളണവാൻ
പാന്ഥരാകുന്നവേഗാ-
ലെത്തുന്നൂപൊയ്കതോറും പറവകളധികം
മുങ്ങുവാൻതിങ്ങിടുന്നു
തത്തിക്രീഡിക്കുമന്നങ്ങളതധികമതാം
ചൂടിനാൽകേളിയെല്ലാം
നിൎത്തിപ്പായുന്നു നന്നായ്കമലദലമതിൻ
ഛായയിൽചെന്നുചേരാൻ.

രാജാ—തോഴരെ! വൈതാളികൻ മദ്ധ്യാഹ്നത്തെ സൂചിപ്പിയ്ക്കുന്നു; അതിനാൽ നമുക്കു മാദ്ധ്യഹ്നികത്തിന്നു പോകാം.

വിദൂഷകൻ—അങ്ങിനെതന്നെ.

(എന്നു രണ്ടാളും പോയി)

ഒന്നാമങ്കം കഴിഞ്ഞു.

---

# സംഗീതനൈഷധം

---

## ഭാഷാനാടകം

---

## രണ്ടാമങ്കം.

---

(ആസനസ്ഥനായി ഇന്ദ്രൻ പ്രവേശിയ്ക്കുന്നു.)

ഇന്ദ്രൻ—(വിചാരം) അഹൊ! സ്നേഹിതന്മാരായ ധൎമ്മരാജാദികൾ ഇനിയും വന്നില്ലല്ലൊ. ഇവിടെയാകട്ടെ,

കാമോദരി—ആദിതാളം.

കണ്ണികകൾ

൧. പരഭൃതമൊഴിദമഭഗിനിചരിത്രം
നാരദമുനിവരനരുളിയഉടനെ
കരളുകടന്നുനടന്നിതുതന്നിയെ
സ്മരനെഭയന്നവളെശരണമണയുവാൻ

൨. ലൌകികമഭിമാനാദികൾനോക്കി
സഖരുടെവരവും കാത്തുവസിയ്ക്കും
പാകശാസനശരീരംസുമശര
നികരമതേറവുപൊടിയാകാറായി.

ആകട്ടെ, അവരുടെ വരവു കാത്തു കുറേനേരംകൂടി ഇവിടെ ഇരിക്കാം. (അപ്രകാരം ചെയ്യുന്നു.)

(അനന്തരം യമൻ, അഗ്നി, വരുണൻ ഇവർ പ്രവേശിച്ച് ആചാരോപചാരങ്ങൾ ചെയ്ത് ഇരിയ്ക്കുന്നു.)

യമൻ—ഭോഃ സ്വാമിൻ! വൃത്രനിഷൂദന! ഞങ്ങളെ ഇത്ര തിടുക്കമായി ആളയച്ചു വരുത്തുവാനുണ്ടായ സംഗതി എന്താണെന്നറിവാൻ ആഗ്രഹിയ്ക്കുന്നു.

ഇന്ദ്രൻ.—(മന്ദസ്മിതത്തോടെ)

തോടി—രൂപകം

കണ്ണികകൾ

൧. ധർമ്മരാജ! നിർമ്മലാംഗ ഹവ്യവാഹന!
അംബുധീശ! എങ്കിൽനിങ്ങൾ കേട്ടുകൊള്ളുവിൻ

൨. ഭൂമിതന്നിൽ കുണ്ഡിനേശപുത്രിയായൊരു
കോമളാംഗിയുണ്ടവൾഗുണംസീമയില്ലപോൽ

൩. നാമംദമയന്തി, സുഷമാധാമംപോലവൾ
വാമമിഴിതൻസ്വയംവരവുംനാളെയാണുപോൽ

൪. നമ്മളതിനിറങ്ങിടേണമെന്നതെൻമതം
സമ്മതമൊനിങ്ങൾക്കെല്ലാം ചൊൽകസാമ്പ്രതം.

യമൻ—ഭവാന്റെ എന്തഭിപ്രായവും ഞങ്ങൾക്ക് ആജ്ഞയായിട്ടിരിയ്ക്കേ ഈ സംഗതിയിൽ ഞങ്ങളുടെ അഭിപ്രായം പ്രത്യേകം ആലോചിപ്പാനുണ്ടോ?

ഇന്ദ്രൻ—എന്നാൽ പുറപ്പെടുകയല്ലേ?

യമാദികൾ—അങ്ങിനെതന്നെ.

(എല്ലാവരും എഴുന്നേററു ചുററിനടക്കുന്നു)

ഇന്ദ്രൻ—അഹൊ! ഇതാ ഭൂലോകം കാണപ്പെടുന്നു. അടുക്കുന്തോറും അതിൻെറ കാഴ്ച കൌതുകത്തെ ജനിപ്പിക്കുന്നു.

ദൂരെക്കന്ദുകമെന്നപോലെവിലസും
ഭൂലോകമേതാരോക്ഷണം-
തോറുംവീൎത്തുവരുന്നപോലെവലുതായ്
കാണപ്പെട്ടുന്നുണ്ടതിൽ
ഓരോപൎവ്വതമങ്ങുമിങ്ങുമധുനാ
പൊട്ടിപ്പുറപ്പെട്ടപോ-
ലാരാൽഗോപുരമന്ദിരങ്ങളുമഹൊ
കാണുന്നുവെവ്വേറെയായ്.

യമൻ—അഹൊ! നാം ഇത്ര ക്ഷണംകൊണ്ടു മൎത്ത്യലോകത്തിൽ വന്നു ചേൎന്നുവല്ലൊ.

വരുണൻ—എന്നുതന്നെയല്ല, കുണ്ഡിനത്തിൻെറ സമീപപ്രദേശത്താണ് നാം അവതരണംചെയ്തതെന്നും തോന്നുന്നു.

അഗ്നി—കന്യകയെ ആദ്യമായി നാംതന്നെ ചെന്നു കാണുന്നതു യുക്തമല്ല. വല്ലവരേയും പറഞ്ഞയച്ച് അവളുടെ മനസ്സറിയണം.

യമൻ—(അണിയറയിലേക്കു നോക്കി) ഇതാ വലിയ സൈന്യത്തോടുകൂടി ഏതൊ ഒരു ഭൂപൻ പോകുന്നു. ഇയ്യാളെ വിളിച്ചു ദൂതിന്നയച്ചാലെന്താണ്?

ഇന്ദ്രൻ—(അണിയറയിലേക്കു നോക്കി ഉച്ചത്തിൽ) ഹേ! ഹേ! ആരാണ് പോകുന്നത്? എവിടേക്കാണ്?

(അണിയറയിൽ) ഞാൻ വീരസേനാത്മജനായ നളനാണ്; ദമയന്തീസ്വയംവരത്തിന്നാണ് പോകുന്നത്.

ഇന്ദ്രൻ—ഇവിടത്തോളം ഒന്നു വന്നുപോയാൽ കൊള്ളാം.

(അണിയറയിൽ) അധികം താമസിക്കാതെ കഴിച്ചാൽ കൊള്ളാമെന്നുണ്ട്.

ഇന്ദ്രൻ—താമസിക്കേണമെന്നില്ല, സേനയെ അവിടത്തന്നെ നിറുത്തി തനിച്ചു വന്നാൽ മതി.

രാജാ—(പ്രവേശിച്ചു്) തേജസ്വികളായ ഭവാന്മാർ ആരെല്ലാമെന്നറിഞ്ഞാണു് ഞാൻ സംഭാവനം ചെയ്യേണ്ടതു്?

ഇന്ദ്രൻ— ബിഹാക്—ചാപ്പു്

പല്ലവം.

നൈഷധരാജൻതോഷമോടറികഞാൻ
ദോഷരഹിതനാംപാകവൈരി

ചരണങ്ങൾ.

൧. പാതകികൾക്കതിദാരുണനന്ത്യത്തിൽ
പൂതചരിത്രൻമഹാനീതിരതൻ
പ്രേതനാഥൻയമനിവനല്ലോ— നൈഷ

൨. വരുണനിവൻമഹാജലധിയിലാണ്ടുഴം
വരമണിനിചയത്തിന്നേകാധിപൻ
ചരണവിനതജനശരണപരൻ— നൈഷ

൩. രാജശിഖാമണെ!സൎവ്വഭൂതങ്ങൾക്കമെ
തേജസ്സുചേൎക്കുംഗുണരാജിതനായിടും
തേജോനിധിയനലനാകുന്നിവൻ— നൈഷ

രാജാ—(ഭക്തിവിനയങ്ങളോടുകൂടി) ദേവന്മാരായ ഭവാന്മാൎക്ക നമസ്കാരം.

ഇന്ദ്രാദികൾ—ഭവാനു മംഗളം ഭവിക്കട്ടെ.

രാജാ—ഭവാന്മാരുടെ എന്താജ്ഞയാണു് അടിയൻ അനുഷ്ഠിക്കേണ്ടതെന്നറിയുന്നില്ല.

ഇന്ദ്രൻ—അതും പറയാം, എന്നാൽ സാധിക്കാമെന്നു നിശ്ചയമുണ്ടോ?

രാജാ—അഷ്ടൈശ്വൎയ്യസിദ്ധിമാന്മാരായ ഭവാന്മാൎക്കു് അസാദ്ധ്യമായതു നിസ്സാരനായ അടിയനു സാദ്ധ്യമാകുമെന്നു വിചാരമില്ല. എന്നാൽ ഭവാന്മാരുടെ എന്താജ്ഞയും നിൎവ്യാജമനുഷ്ഠിപ്പാൻ അടിയൻ സന്നദ്ധനാണെന്നുമാത്രം അറിയിച്ചുകൊള്ളുന്നു.

ഇന്ദ്രൻ— ഹംസധ്വനി—ഏകതാളം.

പല്ലവം.

ഭീമനന്ദനീപാണിപീഡനം
കാമിച്ചല്ലൊ വന്നു ഞങ്ങളിവിടെയറികെടോ

ചരണങ്ങൾ.

൧. വാമമിഴിതന്നരികിൽചെന്നുകാൎയ്യമോതുവാൻ
കോമളാംഗമടിവെടിഞ്ഞുപോകണംഭവാൻ— ഭീമ
൨. സാമവാക്യമരുളിനീയുംതാമസംവിനാ
ഭൈമിതന്നെഞങ്ങൾക്കിന്നുവശഗയാക്കണം— ഭീമ
൩. മാനവേന്ദ്ര! ഈ സഹായംചെയ്കിൽഞങ്ങടെ
അനുഗ്രഹംഭവിയ്ക്കുംനിന്നിലെന്നുംനിൎണ്ണയം— ഭീമ

രാജാ—(വിഷാദത്തോടെ വിചാരം) കഷ്ടം ഞാൻ വലിയ ദുൎഘടത്തിലായി. എന്റെ താല്പൎയ്യം മറച്ചുവെച്ച് അന്യന്മാരുടെ കാൎയ്യം എങ്ങിനെയാണ് അവളുടെ അടുക്കൽ ചെന്നറിവിക്കുന്നത്, പ്രയാസമാണെന്നു പറഞ്ഞാൽ ദേവന്മാരായ ഇവർ കോപിയ്ക്കുകയും ചെയ്യും. എന്തുചെയ്യട്ടെ. (ആലോചിച്ച്) ആകട്ടെ, ഏതെങ്കിലും പറവാനുള്ളതു പറകതന്നെ. (സ്പഷ്ടം) ദേവന്മാരെ! പ്രസാദിക്കണെ, പ്രസാദിക്കണെ. അടിയനും ഭൈമീകാമുകൻ തന്നെയാണ്. പിന്നെ എങ്ങിനെയാണ് ഭവാന്മാരുടെ ദൌത്യം ആചരിക്കേണ്ടതെന്നറിയുന്നില്ല.

യമൻ—(കോപത്താൽ പല്ലുകൾകടിച്ച്)

ബലഹരി—ആദിതാളം

പല്ലവം

എന്തെടനരകീടാ!ചൊന്നതു
നന്നുനന്നുതവദുൎന്നയമതിശഠ!

ചരണങ്ങൾ.

൧. ധൎമ്മാധൎമ്മങ്ങളെല്ലാംനിൎമ്മായംവേർതിരിച്ചു
കൎമ്മംപോലുള്ളഫലംചെമ്മെമനുജൎക്കേകും
ധൎമ്മരാജന്റെമുന്നിൽധൎമ്മംവിട്ടിന്നിവണ്ണം
നിൎമ്മൎയ്യാദംചൊന്നതുംദുൎമ്മതെപൊറുക്കുമൊ
നരവരനെന്നാകിലുംദാരിദ്ര്യവാനെന്നാകിലും
ദുരിതംചെയ്യുന്നവരെയൊരുഭേദമെന്യെകെട്ടി
വരിഞ്ഞുദണ്ഡിനാൽതാഡിച്ചുരിയനരകങ്ങളിൽ
തരിതംതള്ളിവിടുന്നവൈവസ്വതനെമറന്നു— എന്തെട

അഗ്നി—(കോപത്താൽ ക്ഷോഭിച്ച്)

ച. ചന്തംകേട്ടെന്നിൽതന്നെപൂന്തേൻനേർവാണിമനം
ബന്ധിച്ചിതെന്നഗർവ്വാലന്ധനായിന്നീവണ്ണം
ഹന്തഞങ്ങളാരെന്നുംസപാരന്തെചെറുമോർക്കാതെ
താന്തോന്നിതംചൊന്നതുംചന്തംചന്തമെത്രയും
മുന്നംശിതികണ്ഠൻതന്റെമിന്നിടുംഫാലനേത്രത്താൽ
നന്നായ്ത്രിപുരരെചുട്ടുപൊട്ടിച്ചപോലിന്നുഞാനും
നിന്നെയുംസന്നതഗാത്രിതന്നെയുംനിൻപുരത്തെയും
ഒന്നൊഴിഞ്ഞിടാതെചുട്ടുവെണ്ണീറാക്കീടുവൻനൂനം—എന്തെ

വരുണൻ—(ആടോപത്തോടുകൂടി)

ന. മുന്നെയാവാമെന്നോതിപ്പിന്നെവയ്യെന്നുചൊന്നാൽ
നന്നോമാനവാധമ! നന്നുനന്നുനിൻസത്യം
ഉന്നയനിധിയാകുംമന്നൻവാണീടുംരാജ്യം
നിന്നീടുമൊപ്രജകൾക്കെന്നുമുണ്ടാമൊസൌഖ്യം
പാരംഗംഭീരനായീടുംവാരിരാശിയ്ക്കീശൻമുമ്പിൽ
നേരുകേടോതീടുവാനുംധൈര്യമുണ്ടായൊരുനിന്നെ
വീരസേനസുത! ഞാനുംസ്വൈരംവിട്ടയച്ചീടുമൊ
തീരുംനിന്റെമോഹമെല്ലാംസാരമേറുമെന്റെശാപാൽ

രാജാ—(ഭയപ്പെട്ടു വിറച്ചുംകൊണ്ടു) ഭവാന്മാർ പ്രസാദിയ്ക്കണെ. സ്വാർത്ഥപരതയാൽ വന്നുപോയ ഈ അപരാധം ക്ഷമിയ്ക്കണെ.

ഇന്ദ്രൻ—എന്നാൽ താമസിയാതെ ദൌത്യം കയ്യേൾക്കതന്നെ.

രാജാ—അടിയൻ ഇതാ സന്നദ്ധനായിരിക്കുന്നു. എന്നാൽ ദാസികളാലും ഭടന്മാരാലും ഭദ്രമായി സൂക്ഷിക്കപ്പെട്ടിട്ടുള്ള അവളെ, അടിയൻ എങ്ങിനെയാണ് ചെന്നു കാണേണ്ടതെന്നറിയുന്നില്ല.

ഇന്ദ്രൻ—അതിന്നുപായമുണ്ട്. ഞങ്ങൾ തിരസ്കരിണി ഉപദേശിയ്ക്കാം. എന്നാൽ പിന്നെ ഭൈമിയല്ലാതെ ആരുംതന്നെ ഭവാനെ കാൺകയില്ല (എന്നു ചെവിയിൽ ഉപദേശിയ്ക്കുന്നു.)

രാജാ—സന്ദേശം അരുൾചെയ്താലും.

ഇന്ദ്രൻ— കാപി—ആദിതാളം

കണ്ണികൾ.

പ, ചെല്ലണമവൾതൻചാരെചൊല്ലണംഞങ്ങൾചൊന്നതാ-
വല്ലതുംചെന്നാങ്ങുചൊന്നാലല്ലലുണ്ടാക്കീടുംഞങ്ങൾ (ച്

ദ. "നാലുപേർഞങ്ങളിലാരെവേണ്ടുവെന്നതോൎത്തവനെ
ചാലവെവരിച്ചെന്നാകിൽമാലൊഴിഞ്ഞിരിക്കാംമേലിൽ"
ന. പരഭൃതമൊഴിയോടേവംനരവര!ധരിപ്പിച്ചവൾ
അരുളിട്ടുംസമാധാനംവന്നിവിടെച്ചൊല്ലിടേണംനേരെ.

രാജാ—അടിയൻ കഴിയുന്നതുംയത്നിക്കാം.

ഇന്ദ്രൻ—എന്നാൽ പോയിവരു. ഭവാൻ വരുന്നതുവരേ ഞങ്ങൾ ആ ഇലഞ്ഞിത്തറയിന്മേലിരുന്നു വിശ്രമിക്കാം.

(എന്നു മററു മൂവരോടും കൂടി പോയി)

രാജാ—(വിഷാദത്തോടെ വിചാരം) അഹോ! ത്രൈലോക്യസുന്ദരിയും എന്നിൽ ദൃഢാനുരക്തയുമായ ആ ഭൈമിയുടെ സമീപത്തിൽ ചെല്ലുമ്പോൾ, എൻെറ അന്തരംഗത്തിലുള്ള അനുരാഗം ലേശംപോലും പ്രദൎശിപ്പിക്കാതെ ദേവന്മാരുടെ കാൎയ്യം അറിവിപ്പാൻ എനിക്കു ധൈൎയ്യമുണ്ടാകുന്നത് എങ്ങിനെയാണ്. ദൂതകൃത്യം ആചരിക്കുന്നതിൽ അല്പമെങ്കിലും സ്വാൎത്ഥത എൻെറ മനസ്സിൽ ഉദിക്കുന്നതായാൽ, ത്രികാലജ്ഞരായ അവർ അറിയുന്നതും കോപിക്കുന്നതും, തന്നിമിത്തം അവരുടെ ഉഗ്രശാപത്തിന്നു ഞാൻ പാത്രമായിത്തീരുന്നതുമാകുന്നു. അതിനാൽ, ഒരുവിധം ധൈൎയ്യമവലംബിച്ച് എൻെറ ആന്തരീകവികാരങ്ങളെ വെളിപ്പെടുത്താതെ കന്യകയുടെ സമീപത്തിൽ ചെല്ലുകതന്നെ. (ചുററിനടന്ന്) ഇതാ കണ്ഡിനം. ഇതിൽ പ്രവേശിയ്ക്കട്ടെ. (പ്രവേശിക്കുന്നതായിനടിച്ചു ചുററും നോക്കി ആശ്ചൎയ്യത്തോടെ) അഹോ!

ഭൈരവി—രൂപകം

പല്ലവം.

ഭൂമിപന്മാം ഭീമൻവാഴുമിപ്പുരം
അമരാവതിയതിലുംപരംരുചിരം

അനുപല്ലവം.

പാരരണ്ടേഴിലുമുള്ളപരഭൃതമൊഴിമാൎക്കെല്ലാം
വരമണിദമയന്തിതൻെറതാതനെന്നുഖ്യാതിതേടും— ഭൂമി

ചരണം.

ഇരുപുറവുമത്യുന്നതമണിസദനങ്ങൾനിരന്നും സ്ഫടികത്താൽ
സുരുചിരമായ് പടുത്തുള്ളനല്ലപ്രഗുണപണ്യവീഥികളും

നരപതിസദനംസചിവനികേതനമായുധശാലകൾ
കരിഹയരഥശാലകൾപാദാതാലയപംക്തികളിവയേന്നീടും- ഭ്രൂ
(ചററിനടന്ന്) ഇതാ, ഒരുദ്യാനം കാണപ്പെടുന്നു. ഇതിൽ കട
 ക്കാം. (പ്രവേശംനടിച്ച്) അഹൊ! ഈ ഉപവനം, പൂത്തും
 തളിൎത്തും നില്ക്കുന്ന വിവിധതരുലതാദികളാലും, മധുരമായി
 പാടി ഉല്ലസിക്കുന്ന പക്ഷിഗണങ്ങളാലും, ഏററവും രമണീയ
 മായിരിക്കുന്നു.
(ഒരിടത്തുനോക്കി കൌതുകത്തോടെ) ഇതാ ഇവിടെ;

പാർസിബിഹാക്ക് — ഏകതാളം

ഠാംരി.

പ. നവവധുവാംപികാംഗനവ്രീളയാലെ-ഏതു
മവലോകനംചെയ്തീടായ്കയാലെ
സാനുരാഗമന്വയംപികമിതുകാലെ-പാരം
ദീനനായ്‌വിരഹത്താലെ-മാഴ്കി
മൌനംഭജിച്ചീടുന്നുവഴിപോലെ-തപോ-
വനംതന്നിൽതാപസനെന്നപോലെ.

(ചുററിനടന്നു മറെറാരുഭാഗത്തുനോക്കി)

ഇരതേടിവാടിയണയുംപിടതന്നെ-ശുക-
വരൻസാമോദമെതിരേററമൂന്നെ
മരക്കൊമ്പിൽപത്രച്ഛായയിലിരുത്തിപ്പിന്നെ-പത്രം
പരത്തിവീശിത്താൻതന്നെ-തളിർ
തരത്തിലേകിക്കൂകിയരികിൽതന്നെ-ശ്രമ
ഹരണംചെയ്യുമരുവുന്നിണങ്ങിനന്നെ.

(ആലോചന നടിച്ച്) ഇതുതന്നെയായിരിക്കുമൊ കന്യകോദ്യാ
 നം? ആകട്ടെ, നോക്കാം. (എന്നു ചുററി നടക്കുന്നു)
(അനന്തരം മദനാതുരയായി, താമരഇലകൾ വിരിച്ച ശയിയ്ക്കു
 ന്ന ദമയന്തിയും, ശീതോപചാരങ്ങൾ ചെയ്യുന്ന സഖിയും
 മറെറാരുഭാഗത്തു പ്രവേശിക്കുന്നു).
സഖി—പ്രിയസഖിക്ക് ഈ ശീതോപചാരം സുഖത്തെ ചെയ്യു
 ന്നുണ്ടോ?

രാജാ—(ചെവിയോർത്ത്) ഇവിടെ സംസാരിക്കുന്നതാരാണ്. ശബ്ദസാമ്യംകൊണ്ട് സ്ത്രീയാണെന്നു തോന്നുന്നുവല്ലോ, പക്ഷെ ഭൈമി ഇവിടെത്തന്നെ ഉണ്ടായിരിക്കുമോ? (ചുററിനടന്നു ദമയന്തിയേയും സഖിയേയും കണ്ടു്) ഇതാ ഒരു സ്ത്രീ, കാമാമയത്താൽ,സഖിയാൽ ചെയ്യപ്പെടുന്ന ശീതോപചാരത്തെ അനുഭവിച്ചുംകൊണ്ട് കിടക്കുന്നു.നിശ്ചയമായും ഇവൾ ഭൈമിതന്നെ ആയിരിക്കണം. ആകട്ടെ, ഈ വൃക്ഷങ്ങളുടെ ഇടയിൽ മറഞ്ഞുനിന്ന് ഇവരുടെ സംഭാഷണങ്ങളെ കേട്ടതിൻെറശേഷം, അവസരംപോലെ അടുത്തു ചെല്ലാം. (എന്ന് അപ്രകാരം മറഞ്ഞുനില്ക്കുന്നു).

സഖി—പ്രിയസഖി എന്താണ് ഒന്നും പറയാത്തത്? ഞാൻ ചോദിച്ചത് കേട്ടില്ലെ? ഈ ശീതോപചാരം സുഖത്തെ ചെയ്യുന്നുണ്ടോ?.

SRI KRISHNAVILASAM READING ROOM MALA

ദമയന്തി—(ദീർഘനിശ്വാസംചെയ്തു്)

നാഥനാമക്രി—ആദിതാളം.

പല്ലവം.

പ്രാണസഖി!എന്തിനയ്യോപാഴ്വേലചെയ്യുന്നു നീ

അനുപല്ലവം.

പ്രാണനാഥൻതന്നാനനംകാണുമാറാകാഞ്ഞാലിനി
കാണിനേരമിദ്ദേഹത്തിൽവാണിടുമൊമൽപ്രാണങ്ങൾ—പ്രാ

ചരണങ്ങൾ.

൧. ചന്ദനച്ചാറെന്നുചൊല്ലിസ്തനങ്ങളിൽവീഴ്ത്തുന്നെന്തോ
കനലെണ്ണവീഴുംപോലെഅനുഭവമിങ്ങെനിയ്ക്കും
സാരസദളങ്ങളാലെശയ്യയെന്നതല്ലോചൊല്ലി
ഘോരശരമുനകളിൽചാരംശയിപ്പതുംന്തുനം— പ്രാണ

൨. കാമകോമളവിഗ്രഹൻഹിമകരകുലദീപൻ
മാമകാശയെവിളങ്ങുംഭൂമിപാനനചന്ദ്രൻെറ
കൌമുദിയതല്ലാതൊന്നൊന്നാമയങ്ങൾതീർപ്പാനാമൊ.
കാമിനിയതിന്നെതിയ്ക്കപ്രേമമെന്നിലുണ്ടെന്നാകിൽ—പ്രാ

രാജാ—(വിചാരം) ഇവളുടെ ഈ മദനതാപം ഞാൻ നിമിത്തംതന്നെ ആയിരിക്കുമോ?

സഖി—തോഴി! നാളെ സ്വയംവരത്തിങ്കൽ നിനക്കു ഭർത്താവിനെ പ്രത്യക്ഷമായി കാണാമല്ലോ? ആ ഹംസം തന്നിട്ടുള്ള

അദ്ദേഹത്തിൻെറ ചിത്രംകൊണ്ടുതന്നെ ഇന്നത്തെ ഒരു ദിവസം വല്ലവിധവും കഴിച്ചുകൂട്ടി.

രാജാ— (വിചാരം) ഇനി എന്താണ് സംശയിപ്പാനുള്ളത്. ഹാ! പ്രിയെ! ഭവതിയുടെ ആ ഭത്താവ് ഇപ്പോൾ മററാരാളായിത്തീന്നിരിക്കുന്നതിനാൽ ആശ്വാസകരനാകുവാൻ നിവൃത്തിയില്ലല്ലൊ.

ദമയന്തി—എന്നാൽ നീപോയി എൻെറ ശയ്യമേൽ വെച്ചിട്ടുള്ള ആ ചിത്രം എടുത്തുകൊണ്ടുവരു.

സഖി—അങ്ങിനെതന്നെ. (എന്നുപോയി)

രാജാ—(വിചാരം) ഇവളുടെ സമീപത്തിൽ ചെല്ലുവാൻ ഇതുതന്നെയാണവസരം. (എന്നു അടുത്തു ചെല്ലുന്നു)

ദമയന്തി—(പരിഭ്രമിച്ചെഴുനേററ് വിചാരം) ഇതാരാണ്. ഇവിടെ പുരുഷന്മാർ പ്രവേശിപ്പാൻ തരമില്ലല്ലൊ. സൂക്ഷിച്ചു നോക്കി (ലജ്ജയോടും ആശ്ചര്യത്തോടുംകൂടി വിചാരം)

കമാസ്—ആദിതാളം

പല്ലവം

ചിത്തരംഗസ്ഥിതനവൻ താനോ ഇവൻ-മൽ

അനുപല്ലവം.

ഉത്തമഗുണധാമൻ ചിത്തജകോടിസീമൻ
സത്തമനരിഭീമൻഭൂതൃത്താശ്രിതപ്രേമൻ മൽ—ചിത്ത

ചരണം

അരയന്ന പ്രൌഢൻ മമ കരത്തിലപ്പിച്ചപടം-
സരസംപാത്തതുമുതൽ അരനിമിഷം പിരിയാതെൻ-ചിത്ത

ആകട്ടെ, വഴിയെ അറിയാം (സ്പഷ്ടം) ഉദ്യാനപാലകന്മാരേയും, കിങ്കരന്മാരേയും ലംഘിച്ച് ഇവിടെ വന്ന ഭവാൻ ആരാണ്?

രാജാ—ഞാൻ ദേവദൂതനാണ്.

ദമയന്തി—ദേവദൂതനായ ഭവാൻ അവിടെ ഇരിയ്ക്കാം.

രാജാ—(ഇരുന്ന്) ഭവതിയും ഇരിയ്ക്കു.

ദമയന്തി—(ഇരുന്നു വിചാരം) ഈശ്വര! ഇദ്ദേഹം ആകൃതികൊണ്ട് എൻെറ പ്രിയതമനെപ്പോലെതന്നെ ഇരിക്കുന്നുവല്ലൊ. (എന്നു ആലോചന നടിക്കുന്നു)

രാജാ—(ദമയന്തിയെ നോക്കി വിചാരം) ഇവൾ വിചാരമഗ്ന യെന്നപോലെ കാണപ്പെടുന്നു. അതിനാൽ ഈ വിചാര ത്തിൽനിന്നു നിവത്തിച്ചശേഷം പിന്നെ ദേവകാര്യത്തെ അ റിയിക്കാം.

(അനന്തരം മറെറാരുഭാഗത്ത് ഇന്ദ്രാദികൾ പ്രവേശിക്കുന്നു)

യമൻ—(ദമയന്തിയെ കണ്ട് ആശ്ചര്യത്തോടെ) ഭോ! സ്വാ മിൻ! ഇവൾ തന്നെയൊ ആ ദമയന്തി?

ഇന്ദ്രൻ— വേകട-ചാപ്പ്

പല്ലവം

ഇവൾതാനിവൾതാൻഭീമനന്ദിനിയാകും
ഭുവനൈകസുന്ദരിഇവൾതാൻ.

ചരണങ്ങൾ

൧. പരമേഷ്ഠിതന്നുടെകരകൌശലമുദ്രയൊ
പരമിതിതോന്നിക്കുംസുരുചിരാംഗിയായീടും— ഇവൾ
൨. ഉർവ്വീഭാഗങ്ങൾവാഴുംസർവ്വഭൂപാലരേയും
ദുർവ്വാരമദനമാൽചേർത്തുവലിപ്പിച്ചീടും— ഇവൾ
൩. ദേവേശാനലയമവരുണന്മാരാംനമ്മെ
വേവുംമാനസമോടീധരണിയിൽചരിപ്പിയ്ക്കും— ഇവൾ

ദമയന്തി—ആര്യ! ഭവാൻ പരമാത്ഥത്തിൽ ദേവദൂതൻ തന്നെ യാകുന്നുവൊ?

രാജാ—ഞാൻ ഇപ്പോൾ ദേവദൂതനാണെന്നുള്ള സംഗതി ആ ദ്യംതന്നെ ഭവതിയോടു പറകയുണ്ടായില്ലെ?

ദമയന്തി—ദേവദൂതനായ ഭവാൻ ഇവിടെ വരുവാൻ സംഗതി യെന്താണ്?

രാജാ—ഭദ്രെ! സകലസുരന്മാക്കും ഏകചക്രവത്തിയായ ഭഗ വാൻ ഇന്ദ്രനും, ധമ്മസ്വരൂപനായ ഭഗവാൻ വൈവസ്വ തനും, പരിശുദ്ധനും തേജസ്വിയുമായ ഭഗവാൻ വൈശ്വാ നരനും, അംഭോനിധിപതിയായ ഭഗവാൻ വരുണനും, ഞാൻ മുഖേന ഭവതിയുടെ പാണി അത്ഥിക്കുന്നു.

ദമയന്തി—(ഹാസത്തോടെ) നാലുപേരും കൂടിട്ടൊ?

രാജാ—അല്ല, അവർ നാൽവരിൽ ആരെയാണ് ഭവതിക്കു സ മ്മതമെന്നു വെച്ചാൽ ആ ആളെ ഭവതി ഭത്താവായി വരി ക്കേണമെന്ന് അവർ ആവശ്യപ്പെടുന്നു.

നവരസം— ആദിതാളം

കണ്ണികം

൧. കല്യൻസ്വർല്ലോകാധീശൻതന്നോടുരചെന്നാൽ
കല്യേ! നിൻഭാഗ്യവിശേഷമതെന്നേചൊല്ലാവൂ
൨. ചൊല്ലേറുംഉർവ്വശിമുമ്പാംഅമരവധുക്കളെവ-
ക്കല്ലാതെമാനുഷനാരികൾകാംക്ഷിച്ചെന്നാലും
൩. സാധിച്ചീടുകയില്ലവനുടൽകാണ്മാൻപോലുമഹൊ
ബോധിച്ചീടുകനീസുന്ദരിസ്വർഗ്ഗംചെന്നെന്നാൽ
൪. കേളിയ്ക്കുദ്യാനംനന്ദനമതിനുസമാനമതായ്
നാളീകാക്ഷീ!ഉപവനമീപാരിൽകണ്ടീടാ
൫. സാന്ദ്രാനന്ദത്തെനൽകുംവൃന്ദാരകപതിയെ
ചേർന്നീടുകതാമസമെന്യേകമനികളണിമൌലേ!

ദമയന്തി— ചെഞ്ചുരുട്ടി—ആദിതാളം

പല്ലവം

ദേവദൂത!ഇന്ദ്രനുനരകന്യകചേരുമൊ?

അനുപല്ലവം

ഹംസത്തിനൊരുകാകതരുണിയൊ?— ദേവ

ചരണങ്ങൾ

൧. ജരയുംനരയുംഅമരർക്കുണ്ടോ
താരുണ്യത്തിനുനീക്കമതുണ്ടോ
നരകാമിനിമാർക്കെല്ലാരുമയൌവന-
മരനാഴികയതിലധികമതുണ്ടോ?— ദേവ
൨. പുരുഷൻതരുണൻരമണിവയോധിക
വരുമൊചെറുതുമവർക്കനുരാഗം
ഒരുകാലംസുഖമിരുവർക്കുണ്ടോ?
പെരിയൊരുദുരിതമിതിൽപരമുണ്ടോ?— ദേവ
൩. ഇന്നതിനുണ്ടാംചെറുതുമുപായം
എന്നാലുംപുനരുണ്ടൊരപായം
ഇന്നതതെന്നുഭവാനറിയേണ്ട
ഇന്ദ്രൻകഥയിനിയുരിയാടേണ്ട— ദേവ

ഇന്ദ്രൻ—(ലജ്ജിച്ച് തലതാഴ്ത്തുന്നു)

രാജാ— ശങ്കരാഭരണം—ആദിതാളം.

പല്ലവം

മാനിനിമാർമണിയേ! എന്നാലൊ
ഇന്നതന്നയനെവരിക്കനീ

അനുപല്ലവം

ബ്രഹ്മസൃഷ്ടിയതഖിലത്തിനും
ധർമ്മസാക്ഷിബഹുനിർമ്മലനിന്നവൻ— മാനി

ചരണം

പരിചൊടാചന്ദ്രതാരംവരനൊടുമായ്
പരമസുഖംരമിയ്ക്കാംതരുണിമണേ!
നരകഭയവുംവേണ്ടമരണമില്ല
സാരമോക്ഷവുംനരെന്തിഹവേണ്ടതു— മാനി

യമൻ—(വിചാരം) ഇവരം എന്തു പറയുന്നു, നോക്കട്ടെ.

ദമയന്തി— തോടി—ആദിതാളം

പല്ലവം

ദേവദൂത! പോരുംപോരുമെ
വൈവസ്വതനെന്നാംവഞ്ചിച്ചതും

അനുപല്ലവം

കേവലമിതെല്ലാംസത്യമാകിലുമി-
ങ്ങാവതില്ലതിനു— ദേവ

ചരണം

നന്നെതേജസ്വിയാമൊരുവനെഎന്മനെ
മുന്നമെവരനതാക്കിവരിച്ചേൻ
ഇന്നവനെവെടിഞ്ഞപരനെവരിച്ചാൽ
ദുർന്നയംപുനരതിൽപരമുണ്ടൊ
ധർമ്മസാക്ഷിയാംയമനറിയാതൊ
എന്മതങ്ങളവനറിയുംനേരം
ധർമ്മഭ്രഷ്ടയാംഎന്നെപ്പരിചൊട്ടു
ധർമ്മരാജനെന്തോക്കുമതോക്കനീ— ദേവ

യമൻ—(ബഹുമാനത്തോടെ വിചാരം) ധർമ്മസന്ധയായ ഇവരംക്ക വിരോധമായി ഞാനൊന്നുംതന്നെ പ്രവർത്തിയ്ക്കുന്നില്ല. ഇവരം മനസാ അനുരാഗിയ്ക്കുന്ന പുരുഷനെത്തന്നെ പ്രാ

പിക്കട്ടെ. ഇതിന്നു പുറപ്പെട്ടപ്പോൾതന്നെ ഇവൾ എന്നെ വരിയ്ക്കുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. എന്തെന്നാൽ,

മോഹനം—അടതാള ചാപ്പ്.

പല്ലവം.

നേരെക്കാണ്കിലീനരകന്യകാരത്നമുടനെ
ദൂരെക്കുതിച്ചോട്ടമില്ലകില്ലേതും.

ചരണം

പരമൂലകിലുള്ള സകലർക്കുമൊരുപോലെ
മരണവുമതല്ലരിയനരകഭീയരുളും
ക്രൂരചരിതൻദരദനായുള്ളൊരെന്നുടെ
ഘോരതടിയരുണമിഴിയാകാരമെന്നിവ— നേരെ

രാജാ— ബിഹാക്—രൂപകം

പല്ലവം

തേജസ്സേറും പുരുഷനെച്ചേരാൻമോഹമെങ്കിലോ ഭീമ-
രാജതനയെ! അനലദേവനെവരിയ്ക്കു സാമ്പ്രതം

ചരണം

പ്രീതനാകിൽവീതിഹോത്രനെന്തും ചെയ്യുമെ
കാതരാക്ഷി! വീതശങ്കമവനെവരിയ്ക്കെടൊ
മോദംപൂണ്ടുവാഴ്കെടൊ— തേജ

ദമയന്തി— കമാശി—ചാപ്പ്.

പല്ലവം

അനലദേവനിൽമനം ചേരുന്നതില്ലമേ

അനുപല്ലവം

വാനവദൂത! നീ ചൊന്നതുപോരുമെ— അന

ചരണങ്ങൾ

൧. നന്നെപ്രേമമോടുള്ളിൽതന്നോമൽകാന്തയെ
എന്നും സൂക്ഷിപ്പവനെന്നിൽപ്രേമമുണ്ടാമൊ— അന
൨. എന്നാല്ലെന്നിൽപ്രേമമുണ്ടെന്നുവന്നാലും
നന്നല്ലസാപത്ന്യമെന്നും നാരികൾക്കോർത്താൽ— അന

അഗ്നി—(ലജ്ജിച്ച് അധോമുഖനായി നിൽക്കുന്നു)

രാജാ— ചെഞ്ചുരുട്ടി—ആദിതാളം.

പല്ലവം

എന്നാലൊവരുണനെവരിയ്ക്കുനീ
സന്നതാംഗി ദമഭഗിനി.

ചരണം

വിത്തത്തിനുണ്ടാക്ഷാമം-അവൻ
ചിത്തത്തിലുണ്ടുനിന്നിൽപ്രേമം-പിന്നെ
മത്തകാശിനികൾകാമം ചെയ്വാൻ
വിത്തനാഥനെക്കാൾകേമൻ-അവൻ— എന്നാ

ദമയന്തി—(അസഹ്യഭാവത്തോടെ)

കാപി—രൂപകം

പല്ലവി

ദേവദൂതനാംഭവാനി-
ന്നേവംചൊൽവതെന്തിനേറെ

അനുപല്ലവി

കേവലംചിന്താഗ്നിയാലെ
വേവുമെന്നെക്കൊല്ലുവാനോ— ദേവ

ചരണങ്ങൾ

൧. വാസവാദിദേവകളും
വാസവഭൂവാസസുഖവും
ഹാസകരമെൻമാനസസ്ഥനാം
ഭാസമാനൻതന്നെയോർത്താൽ— ദേവ

൨. മാരതുല്യൻനൈഷധഭൂ-
വരചരിത്രമെങ്കിലോതാം
പരകഥപരമാർത്ഥമെങ്കിലും
തരമല്ലിങ്ങുചൊൽവതേതും— ദേവ

(എന്നു മറ്റൊരു ഭാഗത്തേയ്ക്കു തിരിഞ്ഞിരിക്കുന്നു)

രാജാ— ഭൂരികല്യാണി—ചാപ്പ്.

പല്ലവി

ഭീമരാജേന്ദ്രാത്മജേ! കേമമല്ലോനിൻഭ്രമം

അനുപല്ലവി

കേവലമൊരുനരകീടമാമാനൈഷധൻ
ദേവരാജാദികളെക്കാൾകേമനെന്നോമതം— ഭീമ

ചരണം

ഘോരതപസ്സാലുമസാധിതമല്ലാതുള്ള
സുരപുരവാസത്തിനുംമരണമൊഴിപ്പതിനും
വരുന്നമരരിലിന്നേകനെച്ചേരാനുംനിൻ
കരളിലാഗ്രഹമില്ലെന്നുരചെയ്വതുംനേരാകുമോ— ഭീമ

ദമയന്തി—ഇപ്രകാരമുള്ള അനിഷ്ടവചനങ്ങളെക്കൊണ്ട് എനിയ്ക്കു ഹൃദയശല്യമുണ്ടാക്കിത്തീക്കുന്ന ഭവാൻെറ സമീപത്തിലിരിപ്പാൻ ഞാനാഗ്രഹിയ്ക്കുന്നില്ല. (എന്നു എഴുനേററു പോയി)

രാജാ—(വിചാരം) ഹാ! ഇവൾക്ക് എന്നിലുള്ള അനുരാഗം എത്ര ദൃഢമായിരിയ്ക്കുന്നു. (ആലോചിച്ചു സന്തോഷഭരിതനായി) ബിഹാക്—അടതാളചാപ്പ്

ഗജ്ജൽ

നിമ്മലഗാത്രീലാഭമന്യൂനം
ജന്മസാഫല്യംമേന്തനം
ബ്രഹ്മാദികൾക്കുംമന്മഥോന്മാദം
നിമ്മായമേകുംപൊന്മാൻമിഴിത്ത്രൈലോക്യം
മന്മഥൻതൻപ്രണയിനിയാംരതിയ്ക്കും
വന്മദംപോക്കുംസുഷമാനന്മധുരവാക്കും
പ്രേമാനുഭാവംസൌമ്യസ്വഭാവം
സീമാതിരേകംധീമാനപ്രതിഭാദിചേരും.

(വിചാരത്തോടെ) എന്നാൽ, ഈ ദൂതകൃത്യം നിവ്വഹിച്ചുതിവെപ്പററി ദേവന്മാരായ അവർ എന്തു വിചാരിയ്ക്കുമോ ആവൊ. എന്തെങ്കിലുമാകട്ടെ, അവരോടു വിവരം അറിവിക്കതന്നെ. (എഴുനേററു ചുററിനടക്കുന്നു.)

ഇന്ദ്രാദികൾ—(അടുത്ത്) ഹേ! രാജൻ! ഇത്രയും നിവ്യാജമായി പ്രവത്തിച്ചതിനാൽതന്നെ ഞങ്ങൾ സന്തുഷ്ടന്മാരായിത്തീന്നിരിയ്ക്കുന്നു.

രാജാ—ദേവന്മാരുടെ അനുഗ്രഹത്താലാണ് ഇത്രയുംസാധിച്ചത്

ഇന്ദ്രൻ— കല്യാണി—രൂപകം

പല്ലവം

കുമുദബന്ധുവംശദീപ!
വിമലാശയ! കേൾക്കഭൂപ!

അനുപല്ലവം

വരമിതുനീവരിച്ചുകൊൾക
പരമകൌതുകേനധീമൻ— കുമുദ

ചരണങ്ങൾ

൧. ഉന്നതഗതിഭദ്രവുംതേ
വന്നുചേരുംമേൽക്കുമേലെ

എന്നുമല്ലനീചിന്തിയ്ക്കുമ്പോൾ
വന്നീടാംഞാൻനിൻനികടത്തിൽ— കുമുദ

യമൻ—൨. കറിയുംചോറുംവെച്ചീടുംനീ
വിറകുകൂടാതമ്മുത്തുല്യം
കുറവുവരാതുള്ള ധർമ്മം
നിറവേററീടുംനിൻകീർത്തിയെ— കുമുദ

അഗ്നി—൩. ദഹനജ്വാലകൾതട്ടിയെന്നാൽ
തുഹിനംപോലെതോന്നീടുംതേ
പരമതല്ലവെന്തവക്ത്രംനിൻ
കരസ്പർശനത്താലാധിനീങ്ങും— കുമുദ

വരുണൻ—൪. മരുഭൂമിയിലാകിലുംവൻ-
ഗിരിമുകളിലെങ്കിലുംനിൻ
കരളിലോർക്കിൽവേണ്ടുവോളംമ-
ന്ദാരമാല്യവുംജലവുമുണ്ടാം— കുമുദ

രാജാ—ദേവന്മാരേ! ദാസനായിരിയ്ക്കുന്ന ഇവനിൽ ഭവാന്മാരുടെ കരുണ സദാ വേണമെ.

ഇന്ദ്രാദികൾ— അങ്ങിനെതന്നെ, ഭവാൻ സ്വയംവരത്തിന്നു ചെല്ലുക.

രാജാ- ഭവാന്മാർക്കു നമസ്കാരം (എന്നുപോയി)

അഗ്നി—നമുക്കും നമ്മുടെ പുരങ്ങളിലേയ്ക്കു മടങ്ങുകയല്ലെ?

ഇന്ദ്രൻ—നമ്മളും സ്വയംവരത്തിന്നു ചെല്ലണം. എന്തെന്നാൽ;

അറിവനർമണിയാളാംഭൈമിയിൽപ്രേമമേറും
നരവരരവരെല്ലാംകണ്ടുകണ്ണങ്ങിരിയ്ക്കെ
നരപതിനളകണ്ഠേമാലചേർക്കുംശുഭാംഗീ
പരമതുവഴിയായിട്ടേററവുംശണ്ഠയുണ്ടാം.

അപ്പോൾ ഭക്തനായ നളന്നു യാതൊരു ദോഷവും പററാതെ നമ്മൾതന്നെ രക്ഷിയ്ക്കണം.

യമൻ—അതു ശരിയാണ്.

(എന്ന് എല്ലാവരും പോയി)

രണ്ടാമങ്കം കഴിഞ്ഞു.

# സംഗീതനൈഷധം.

## ഭാഷാനാടകം

### മൂന്നാമങ്കം

(അനന്തരം കലിയും ദ്വാപരനും പ്രവേശിയ്ക്കുന്നു)

കലി — കാപി — ഏകതാളം

പല്ലവം

ജളമതിനരപാലകബാലനായിടും
നളനെപ്പരിചൊടുതടയണം
കളമൊഴിയാളെയുംഹരിയ്ക്കണം.

ചരണം.

സുരവരാദിലോകപാലർ
നരവരപ്രവരരും
അരക്കരമരവരരുംമിഴിച്ചു
നിരന്നുനിന്നീടുംവേളയിൽ
ഭൈമാരംഭൈമീസ്വയംവരത്തിൽ
ഭ്രതീയാകംഭീമജയെ
കരംപിടിച്ചുടൻതേരിലേററിക്കൊണ്ടു
ദരമെന്ന്യെനടകൊണ്ടുദ്ദ്യമ്മാഹിവാം — ജളു

ദ്വാപരൻ — സഖെ കലെ! അങ്ങിനെ അന്ധാളിക്കേണ്ട.

മാൽകോസ് — ഏകതാളം

കണ്ണികം

൧. ബാലൻതാൻനളനെന്നാലും
വലരിപുപുരുവരബലവാൻ

നീലഗളൻതന്നുടെഭക്തൻ
നലഗുണഗണപരിപൂൎണ്ണൻ
൨. കാലക്കേടാണുനമുക്കൊ
ത്തുലയുംവേലമൊടെത്തുന്നതാൽ
കാലബലംപോലെഫലം
വലരിപുസഹജനുപോലും.

കലി—(വിഷാദത്തോടെ) എന്നാൽ എന്തൊരുപായംകൊണ്ടാണ് ആ ദുഷ്ടദമ്പതിമാരെ വേർപിരിയ്ക്കേണ്ടത്?

ദ്വാപരൻ— അതിനു ഞാനൊരുപായം പറയാം.

കലി—(ഉത്സാഹത്തോടെ) കേൾക്കട്ടെ.

ദ്വാപരൻ— നളന് നന്നെ അടുത്ത കുലത്തിൽ പുഷ്കരൻ എന്നൊരു അനുജനുണ്ട്. അവന് നളനോട്ട മാത്സൎയ്യവുമുണ്ട്. അവനെ പറഞ്ഞിളക്കി നളനോടുകൂടി ചൂതാടിക്കണം. എന്നാൽ എല്ലാം വഴിയുണ്ടാകും.

കലി— എന്നാൽ ഞാൻ പുഷ്കരനിൽ പ്രവേശിച്ചു നളനെ ജ്യേഷ്ഠനെന്നുള്ള ബഹുമാനം തീരെ ഇല്ലാതാക്കാം.

ദ്വാപരൻ— എന്നാൽ താമസിക്കേണ്ട. വരു, നമുക്കു പുഷ്കരന്റെ സമീപത്തിലേയ്ക്കുതന്നെ ചെല്ലാം.

(എന്നു രണ്ടാളും പോയി)

ഇങ്ങിനെ പൂൎവ്വാംഗം.

---

(അനന്തരം ഇരുന്നുംകൊണ്ടു രാജാവും
ദമയന്തിയും പ്രവേശിയ്ക്കുന്നു.)

രാജാ—

മാനേലുംമിഴി! ദുഷ്ടരാമസുരരുംചൊല്ലേറ്റൊണ്ടദിക്പാലരും
മാനംചേൎന്നനരേന്ദ്രരൊക്കെയുമഹോനിന്നേലഭിച്ചീടുവാൻ
മാനംവിട്ടധികാപ്രയത്നമതുചെയ്യുന്നാകിലുംനിന്നെയ-
ന്നൂനംവിട്ടൊരുപൂൎവ്വജന്മസുകൃതംകൊണ്ടിന്നുകൊണ്ടീടിനേൻ.

അതിനാൽ എന്റെ ജന്മം ഫലിച്ചു. എങ്കിലും,

ചെഞ്ചുരുട്ടി—രൂപകം

കണ്ണികൾ

൧. കാമിനിമണെ!മനമൊട്ടുമനംചേൎത്തുനമ്മുടെ
കാമംസാധിപ്പിച്ചൊരന്നംശ്ലാഘ്യമാകയാൽ— കാ
൨. ഗരളശംഭുദേവൻതന്റെകരളിലെന്നപോൽ
കരളിതന്റെഖേദസുഖത്തിൻനടുവിലാണഹോ— കാ
൩. കുണ്ഡിനത്തിൽചെന്നുനിന്നെകണ്ടുചൊന്നതും
പൂൎണ്ണമോദംതിരിയെവന്നുനമ്മിൽചേൎത്തതും — കാ
൪. ഓരോനേരത്തവനെനേരെകണ്ടിടായ്കയാൽ
ചേരുന്നല്ലലഖിലസുഖവുംദൂരെനീക്കുന്നു— കാ

ദമയന്തി— പരമോപകാരിയായ ആ ഹംസശ്രേഷ്ഠനെ സംബന്ധിച്ചേടത്തോളം ആൎയ്യപുത്രൻ പറഞ്ഞതു് ശരിയാണു്. എന്നാൽ;

ചെഞ്ചുരുട്ടി—രൂപകം.

പല്ലവം

വല്ലഭ!മൽപൂൎവ്വപുണ്യസഞ്ചയത്തിനാൽ

ചരണങ്ങൾ

൧. ദുൎല്ലഭനാമങ്ങുവന്നുകണവനായിമേ
അല്ലാതങ്ങേഭാഗ്യമെന്നുചൊല്ലിടുന്നിതൊ— വല്ല
൨. അംഗലാവണ്യവുംവേണ്ടുംസൽഗുണങ്ങളും
തിങ്ങിടും ഭവാനുമററുതരുണിയില്ലെന്നോ— വല്ല
൩. ഉൎവ്വശിമുമ്പായിടുന്നസ്വൎവ്വധുക്കളെല്ലാം
ഉൎവ്വീനാഥാവേണമെങ്കിലരികിലാംക്ഷണം— വല്ല
൪. പ്രബലമാകുംചാടുവാക്യമരുളിയിങ്ങിനേ
അബലയാകുമെന്നെയേറ്റുമപഹസിക്കൊലാ— വല്ല

രാജാ— പ്രിയെ ഭൈമീ! എന്റെ പൂൎവ്വപുണ്യത്താലാണു് ഭവതിയെ ലഭിച്ചതെന്നു പറയുന്നതുകൊണ്ടു ഭവതിയെ പരിഹസിക്കയാണെന്നു വരുമൊ? എന്നാൽ,

വേകട—രൂപകം.

പല്ലവം

ദയിതെ!നിൻപരിണയമതുവരെയുള്ളൊരു
വാൎത്തകൾകേൾക്കശുഭേ!

അനുപല്ലവം

നാരദമാമുനിനിൻഗുണമെല്ലാംചൊന്നപ്പോഴെ
മാരശരങ്ങൾക്കെൻതനുതൂണിയതായ്തീൎന്നിഹ— ദയി

ചരണങ്ങൾ

൧. അന്നുമുതലൂണുംനിദ്രയുമില്ലെന്ന-
ല്ലൊന്നിനുമില്ലാതായ്മോഹം
എന്നിട്ടുദ്ധ്യാനത്തിലാവാസവുമാക്കി
ഖിന്നനായ്വാണേൻഞാൻചിരകാലം
പിന്നെയൊരുദിനംപുലരുമ്പോളുദ്ധ്യാനം
നന്നായ്നോക്കിടുപ്പോരുനേരം
മന്ദമതൊരുവൃക്ഷത്തിൽമിന്നുംഹംസംതന്നെ
കണ്ടുടനുഞാൻമിണ്ടിടാതെകൈക്കലൊക്കിഞാൻജവേന— ദയി

൨. കൊന്നീടുമെന്നോൎത്തുഖിന്നനായ്ത്തീൎന്നപ്പോൾ
നന്ദിച്ചുകൈവിട്ടുമാറിനേൻഞാൻ
വന്നൊരുതോഷത്താലെപ്രത്യുപകാരമതായി
നിന്മനമെന്നിൽതന്നെചേൎത്തുസഖാ
പിന്നെനിന്നുടെതാതൻതന്നുടെപത്രംകണ്ടുട-
നന്നാതമോദത്തോടെഞാനും
മന്നവസഭയിൽചേരാനെന്നുടെപരിജനസഹിതം
യാത്രയായിനിൻചരിത്രമോൎത്തുപേൎത്തുമാൎത്തനായി— ദയി

൩. ഏതാനുംചെന്നപ്പോൾസുധാശനേന്ദ്രൻ,വരുണൻ,
പ്രേതാധീശൻ,ദഹനൻ,ഇവർനാലാം
കാതരാക്ഷിനിന്നോടുദൂതുരചെയ്വാൻപോകെ-
ന്നോതുംസംശയമെന്യെശാസിച്ചാർ
അതൽമറച്ചുഹനിന്നെക്കണ്ടചർചൊന്നതുകേൾപ്പി-
ച്ചുത്തരമവരോടുനേരായറിയിച്ചേൻ
പ്രീതരായിട്ടവരവർവരഗണമേകിയശേഷം
നിൻമനസ്സുകൊണ്ടിവണ്ണമെനിക്കുകിട്ടിനിന്നെ— ദയി

ദമയന്തി— നാഥാ! അങ്ങ് പുരുഷനായതുകൊണ്ടു ഏതുവിധവും ആകാമല്ലൊ? എന്നാൽ അസ്വതന്ത്രയായ എന്റെ കഥ ആലോചിച്ചുനോക്കു.

കമാശി—ആദിതാളം.

പല്ലവം

മന്നവ! നിൻഗുണങ്ങളെവന്നവർ ചൊല്ലിക്കേൾക്കയാൽ

ചരണങ്ങൾ

൧. ഖിന്നയായിട്ടാരുമൊരുതുണയില്ലാതുഴലുമ്പോൾ
അന്നരാജൻ നിൻമതവും വന്നുരച്ചുമോദം ചേർത്താൻ— മ

൨. പിന്നെയും സ്വയംവരത്തിൽ നിന്നെയും ദേവന്മാരെയും
ഒന്നുപോലെയായ്ക്കാൺകയാൽ ഒന്നുഴന്നന. നീട്ടുമ്പോൾ— മ

൩. വാണിയുടെ കാരുണ്യത്താൽ പ്രാണനാഥനിന്നെക്കണ്ടേൻ
ചേലെഴും നിൻ കണ്ഠം തന്നിൽ മാലയും ഞാൻ ചേർത്തനന്ത—

രാജാ— പ്രിയേ! കഴിഞ്ഞ കഥകളെല്ലാം മതിയാക്കു. എങ്ങിനെയെങ്കിലും ഈശ്വരകാരുണ്യത്താൽ നമ്മൾ രണ്ടാളുടേയും അഭിലാഷം സാധിച്ചല്ലൊ.

(അണിയറയിൽ)

എടാ, എടാ, നളനൃപാലാധമ,

ഹംസധ്വനി—ആദിതാളം.

പല്ലവം

വരികവരിക ദ്യൂതുപൊരുവതിന്നു നീശഠ!

ചരണങ്ങൾ

൧. തരത്തിൽപൊരുതു രാജ്യമാകെ കരത്തിലാക്കുവാൻ
തരത്തെപ്പാർത്തുകാത്തുപോന്നിതിത്രനാളും ഞാൻ— വരിക

൨. മറുത്തെതിർത്തുപൊരുതു ദ്യൂതിൽ ജയത്തെ നേടുകിൽ
കരുത്തനെങ്കിലെന്തു നിന്റെ ദാസനായിടാം— വരിക

൩. അറികയില്ലയെങ്കിൽ നേരെ നിന്നോടോതിടാം
പെരിയ സങ്കടങ്ങൾ നിന്നാലനുഭവിച്ച പുഷ്കരൻ— വരിക

ദമയന്തി— (ആശ്ചര്യത്തോടെ) നാഥാ! ഇതെന്താണ്?

രാജാ— ദേവി! സാരമില്ല, ദാസീപുത്രനായ പുഷ്കരൻ ദ്യൂതിന്നു വിളിയ്ക്കുകയാണ്. ഞാൻ വേഗത്തിൽ ചെന്ന് ആ ദുർമ്മതിയെ ഒതുക്കിവരുന്നുണ്ട്. ഭവതി അന്തഃപ്പുരത്തിലേയ്ക്കുതന്നെ ചെല്ലു.

ദമയന്തി— അവൻ നിസ്സാരനാണെന്നു വെക്കരുതേ; പിന്തുണയില്ലാതെ അവന്ന് ഇതിന്ന് എവിടുന്നാണ് ധൈര്യമുണ്ടാകുന്നത്?

രാജാ— ആരുണ്ടായാലെന്താണ്? (എന്ന് എഴുന്നേററ്) പ്രിയേ! എന്താണിത്? കണ്ണുകൾ മൂടുന്നു, കൈകാലുകൾ കുഴയുന്നു, അയ്യോ! ഞാൻ വല്ലാതെ തളരുന്നു. (എന്നു പെട്ടെന്നിരിയ്ക്കുന്നു)

ദമയന്തി— (താങ്ങി) നാഥാ! ആശ്വസിച്ചാലും, ആശ്വസിച്ചാലും. (എന്നു തടവുന്നു)

(അണിയറയിൽ പിന്നെയും)

കമാസ്—ആദിതാളം

പല്ലവം

ചൂതുപൊരുവാനൊരുപുരുഷൻവിളിയ്ക്കുമളവിൽ
ഗതപത്രനായിങ്ങിനെ

ചരണങ്ങൾ

ഏ. പരിചൊടുതരുണിയെപരിപാലിച്ചിരിപ്പതുചിതമോ
പെരികെന്യായമോറു വരധമ്മമോഅതിനിക്കൂട്ടമോ
വരികനരകുലത്തിൽപിറന്നവനെങ്കിൽനീ— ചൂതു
വ. മുറയ്ക്കുനയ്ക്കുഃ പരേണ്ടംധരിത്രിഭാഗമെൻബാല്യംതന്നിൽ
പരിചൊടടക്കിഭൃത്യനാക്കിപൊരുതിപോക്കി
പരമവയുടെഫലമെല്ലാംതരുവൻവരികശഠ!— ചൂതു

രാജാ— (പെട്ടെന്നെഴുന്നേററ്) എട ദുഷ്ട! നില്ക്ക്, നില്ക്ക്, ഇതാ ഞാൻവരുന്നു. പ്രിയെ! ഞാൻ ഇപ്പോൾതന്നെ ചെന്ന് ആ ദുമ്മതിയെ ഒതുക്കി വരുന്നുണ്ട്.

ദമയന്തി— ഞാൻകൂടി വരാം.

രാജാ— എന്നാൽ പോരു, ഭവതികൂടിയുണ്ടെങ്കിൽ എനിയ്ക്ക് അധികം ഉത്സാഹമുണ്ടാകും.

(എന്നു രണ്ടാളും പോയി)

(അനന്തരം ഒരു കാളയുടെ കഴുത്തിൽ കയ്യുംവെച്ചു ചൂതുപടവുംനിരത്തി പുഷ്കരൻ പ്രവേശിക്കുന്നു)

പുഷ്കരൻ— (ആത്മഗതം) അഹോ! ഞാനെന്തു കഥയില്ലായ്മയാണിച്ചെയ്തത്. ജ്യേഷ്ഠനും അന്നദാതാവുമായ വൈരസേനിയെ ഞാൻ എന്തെല്ലാം അധിക്ഷേപിച്ചു. കഷ്ടം! കഷ്ടം! ആ ദുഷ്ടന്മാരുടെ വാക്കിനെ വിശ്വസിച്ചു ഞാൻ ഇങ്ങിനെ ചെയ്തുപോയല്ലോ. അവരെ എങ്ങിനെ വിശ്വസിക്കുന്നു. സാഹസം, സാഹസം. ഇനി വേഗംചെന്നു ജ്യേഷ്ഠനെ നമ

സ്ഫുരിയ്ക്കുതന്നെ (എന്ന് എഴുനേററു കുറച്ചു നടന്ന്) ഛീ! എന്തു ജ്യേഷ്ഠൻ, എന്തു സാഹസം, ഒന്നുമില്ല. എന്നെ എത്രതന്നെ കഷ്ടപ്പെടുത്തീട്ടുണ്ട്.

മാണ്ട് — മിശ്രം

ഗജ്ജിൽ

അവനിമുഴുവനടക്കിവാണുമാം
കേവലംദാസനാക്കിഎന്നു—
മവശമിങ്ങിനെഹാസ്യഭാജനമായ്
പാവയെപ്പോലിരിപ്പാൻ-
കല്പിച്ചപൌരുഷംജല്പിച്ചുകാന്തയാം
ഉല്പലാക്ഷിഭൈമീലാളനൈകപരനായ്
കാലംപോവതുംനാട്ടിൽനടപ്പതുമറിയാതെ
കാലംപോക്കുംവൈരസേനിയെ-ചൂതിൽ
കലിസഹായത്താലപജയപ്പെടുത്തിക്ഷിതിയും
മൂലധനധാന്യമഖിലം-എത്തും
കാലംകളയാതെകൈയ്ക്കലാക്കിവന-
പാലനംചെയ്യിട്ടവൻ-ഇതു
കാലമാക്കിനിഷധക്ഷമാമണ്ഡല-
പാലകനായിടുവൻ-ഞാൻ.

അതിനാൽ അവന്റെ വരവു കാത്ത് ഇവിടെ ഇരിയ്ക്കുതന്നെ.

(എന്നു മുൻസ്ഥാനത്തിൽ ചെന്നിരിക്കുന്നു)

(അനന്തരം രാജാവും ദമയന്തിയും പ്രവേശിക്കുന്നു)

രാജാ— (പുഷ്കരനെക്കണ്ടു ദമയന്തിയോടായിട്ട്)

അമീർകല്യാണി— ഏകതാളം.

പല്ലവം

സുന്ദരിമാർമുടിമണെ! കാണ്കനീ

അനുപല്ലവം

കുന്നിച്ചമദമൊടുചൂതിനായ്
എന്നൊടേൽക്കുമീസഹജംപ്രിയേ!— സുന്ദ

ചരണങ്ങൾ

൧. അന്നജനെന്നോർത്തുഞാനനുദിവസവുമേകും
അന്നമശിച്ചുംമിനങ്ങാതെതാൻ
ദിനം പോക്കീടും കൃതഘ്നം ശഠം— സുന്ദ

൨. ക്ഷിതിയിൽകൊതിവാച്ചുയാൽദ്യൂതിനിമന്നനോടിദം
ധൃതിയൊടെത്തുവേഗാൽതന്നുടെ
മൂതിപ്പെക്കുവാൻമൃതിഖംഖലം.— സുന്ദരി

ദമയന്തി— നാഥാ! ഇവനെ ഹിംസിക്കരുതെ. അല്പബുദ്ധിയായ ഇവൻ അധിക്ഷേപിച്ചതെല്ലാം കഥയില്ലായ്മ എന്നു ക്ഷമിച്ചു രക്ഷിക്കേണ്ടതാണ്.

രാജാ— അല്ലേ പുഷ്കര!

കാപി— ആദിതാളം.

൧. ഭോഷനാം നീ പിശുനജനമൊഴികേട്ടുനിജസ്ഥിതിമറന്നിദം
ദൂഷണങ്ങളുരച്ചുദ്യൂതിനുവന്നതോർത്താലുലേശവും
രോഷമില്ലെന്നുള്ളിൽക്ഷമിച്ചേനീയവിവേകം
തോഷമോടിനിശേഷംകാലവുംകഴിക്കമാമാശ്രയിച്ചുനീ.

പുഷ്കരൻ— (എഴുന്നേററ് അടുത്തുചെന്നു ഹാസത്തോടെ)

൨. ദ്യൂതബാണരണത്തിനൊബതദ്യൂതുപൊരുവതിനൊഭവാൻ
കാതരാക്ഷിയൊടൊത്തിങ്ങാഗതനായതോർത്തുകരുമ്മതെ!
കുതുകംകാന്തയ്ക്കുരുവാൻഅസഭ്യങ്ങൾചൊൽവതിൻ
പ്രതിഫലം,ദ്യൂതാട്ടകഹമരന്നിമിഷമതിനകമേകുവൻ.

രാജാ— (മന്ദസ്മിതത്തോടെ)

൩. നന്നുനന്നിതെൻപോരുതിന്നതിൻക്രൂരതനായൊരുമ്മതെ
ഇന്നശിച്ചശത്രുമാരുടെവകയെന്നുമോർക്കുന്നതില്ലയൊ?
വന്നതെല്ലാംപോട്ടെഉണർന്നിനിയെന്നാലും
വന്നെൻകാലുപിടിച്ചുപൊരുതിമുടക്കിടാതെവസിക്കെടൊ.

പുഷ്കരൻ— (ൽ

൪. ക്ഷിതിയുംപദവിയുംപോകുമെന്നതിഭീതിയുള്ളിലുദിക്കയൊ
ദ്യൂതിനേല്പാതൊഴിയുവാനിദമരുളുംഭീഷണിവാക്കിനാൽ
ഭീതനായൊഴിയ്ക്കുംഞാനെന്നോർക്കേണ്ടനീയേതും (നീ
ക്ഷിതിഹരിച്ചുനിന്നെവനത്തിലാക്കാതടങ്ങുകില്ലഹമോർക്ക

രാജാ— (കോപത്തോടെ) എടാ ദുഷ്ട! വരികതന്നെ.

പുഷ്കരൻ— എന്നാൽ തുടങ്ങുകയല്ലേ?

രാജാ— അങ്ങിനെതന്നെ.

(എല്ലാവരും ഇരിക്കുന്നു)

പുഷ്കരൻ— ഹിന്ദുസ്ഥാനി തോടി — ഏകതാളം

കണ്ണികൾ

പ. ഇക്കാണും കാളയെ വെച്ചേൻ പണയമായ്
കയ്ക്കലാക്കാം ജയം നേടുന്നതാകിൽ നീ
വ. ഞാൻ ജയിച്ചീടുന്നതാകിൽ എന്താണു നിൻ പണയം
മാനവേന്ദ്ര! ചൊന്നാലുമാരംഭിച്ചാലും നീ.

(എന്നു ചുക്കിണി കൊടുക്കുന്നു)

രാജാ— എന്തിനു വളരെ പറയുന്നു.

ന. ഉരുക്കേറും സൈന്യവുമശ്വഗജങ്ങളും
കയ്ക്കലാക്കാം നീ ജയത്തെ തക്കമോടു നേടിയെങ്കിൽ.

പുഷ്കരൻ— എന്നാൽ ആരംഭിച്ചോളു.

രാജാ— (ഉത്സാഹത്തോടെ കളിച്ചിട്ട്) എന്താണെന്നു നോക്കു!

പുഷ്കരൻ— (നോക്കീട്ട്)

നവരസം— ആദിതാളം.

കണ്ണികൾ

പ. രണ്ടൊന്നിൽ മററതിലൊന്നും മിന്നിക്കണ്ടാകിൽ
രണ്ടത്തൊന്നാകുമൊ ഇല്ലയൊ മന്നവ ചൊല്ലുക നീ.

രാജാ— (സൂക്ഷിച്ചു നോക്കീട്ടു വിചാരം) അഹഹാ! എന്താണിത്? ആകട്ടെ, ഒന്നു കൂടി കളിച്ചുനോക്കട്ടെ. (എന്നു കളിച്ച്) പുഷ്കര! ഇപ്പോഴും എന്താണെന്നു നോക്കു!

പുഷ്കരൻ— (നോക്കീട്ട്)

വ. ഇപ്പോഴും മുന്നേപ്പോലെ രണ്ടത്തൊന്നല്ലൊ
ചൊല്ലാങ്ങും നരവര! ഞാനും കളിയാടീടുമന്നൻ.

രാജാ— കളിക്കു, നോക്കട്ടെ! (എന്നു ചുക്കിണി കൊടുക്കുന്നു)

പുഷ്കരൻ — (കളിച്ചു സന്തോഷത്തോടെ)

ന. ഇരാറുകാൺക നീ വീരസേനാത്മജ!
പെരുപ്പമുണ്ടതിനില്ലല്ലീ?

രാജാ— ദേവി ഭൈമി! എന്താണിത്?

ദമയന്തി— ആര്യപുത്ര! കളിച്ചതുമതി.

രാജാ— ഛീ! അതു ക്ഷാത്രധർമ്മത്തിനു വിരോധമല്ലേ? (പുഷ്കരനോട്) അങ്ങിനെ സമ്പ്രദായമുണ്ട്, അതിനാൽ കളിക്കാം.

പുഷ്കരൻ— (വീണ്ടും കളിച്ചു)

൪ സേനയുമശ്വഗജാദികളെല്ലാം
ഇന്നെനിക്കായ്വന്നിനിമേൽചൊല്ലേണ്ടുതാൻപണയം.

രാജാ— ഭൈമി!

കേദാരഗൗളം—ആദിതാളം

കണ്ണികം

൧ ദിൿപാലന്മാർ പണിയും എൻദുഷ്കർമ്മത്തിൻഫലമൊ
ഉരുകളെപെരുത്തൊരുഭടരുംമററുംനഷ്ടമതായ് സുദതീ!

ദമയന്തി—

൨. എന്തിനുചൊല്ലുന്നുമുന്ന് ഞാൻചൊന്നതുഃകേളാതെ
ഹന്തഭവാനുമതിഭ്രാന്തോചൊൽകാന്തഇന്നാംബുനിധെ!

പുഷ്കരൻ—

൩. ദ്യൂതപ്പൊരുന്നളവിൽതാനൊനാരീസല്ലാപം
വീതവിശങ്കംപറകനീപണയംജയമതുനേടീടിൽ.

രാജാ— പുഷ്കര! ക്ഷമിയ്ക്കൂ, ക്ഷമിയ്ക്കൂ, പരിഭ്രമിക്കേണ്ട.

൪. പണയംഞാൻവെച്ചുൻരാജ്യംപുഷ്കര!കേൾപിന്നെ
ഗുണഗണമിയലുംമന്ത്രീന്ദ്രരെയുംമററുള്ളവയെല്ലാം.

പുഷ്കരൻ— അല്ലെ വൈരസേനിൻ! അഭിമാനംകൊണ്ടു വെറുതെ തന്നത്താൻ ഭക്ഷിയ്ക്കേണ്ട. ഭൈമിയൊന്നിച്ചു സുഖമായിരുന്നുകൊള്ളൂ. രാജ്യം ഞാൻ ഭരിച്ചുകൊള്ളാം.

രാജാ— എട! അധികപ്രസംഗം ചൊരിഞ്ഞതു മതി, നോക്കിക്കൊ. (എന്നു കളിക്കുന്നു)

ദമയന്തി— (തടുത്ത്) നാഥാ! മതിയാക്കു, മതിയാക്കു.

കാമാസ്—രൂപകം

കണ്ണികം.

൧. അവനിക്രൂടിപ്പോകുന്നാകിൽ
അവസ്ഥയെല്ലാമോക്കേവാൻ,പോരുമെ,പോരുമെ,
പോരുമെകേളിഅവനീശന്മാർമൌലിമണെ!

൨. അപജയത്തെക്കാണുംതോറും
അപഹസിക്കുമല്ലൊവൈരിപോരുമെ,പോരുമെ
പോരുമെകേളിഅവനീശന്മാർമൌലിമണെ!

കാമോദരി—ആദിതാളം

പുഷ്കരൻ— ദ്യൂതിന്നിടയിലോരോന്നിന്നേവമുരചെയ്തീടായ്ക
കാതരാക്ഷിഭൈമിനീയുംനാരിയല്ലയൊ?

രാജാ— ശങ്കരാഭരണം — രൂപകം

അരചന്മാക്കുദേവനകർമ്മംസരസിജഭവകല്പിതമല്ലോ?
മങ്കേ!നീഖേദിയായ്വേണ്ടതും എൻകുലധർമ്മമാചരിപ്പതിൽ.

(എന്നു കളിക്കുന്നു)

പുഷ്കരൻ— (ഉത്സാഹത്തോടെ)

രാജ്യംപണയമതായി തവ ജ്യേഷ്ഠ!ഭ്രാതാവേ!
പൂജ്യംപണയത്തിനതെന്നാൽഭൈമിയെവെയ്ക്കുകവാൽ.

രാജാ— (അധോമുഖനായിരിക്കുന്നു)

ദമയന്തി— ബിഹാക് — രൂപകം

കണ്ണികരം

പ. എന്തുചെയ്‌വുഞാൻഹന്തദൈവമേ!
ബന്ധമെന്തുകാന്തനേവംസംഭവിക്കുവാൻ
വ. അന്തകാദിയാമവർചിന്തുംകോപത്താൽ
കാന്തനേവംവരുവതിന്നുചിന്തചെയ്തിതോ
ര. അന്തകാന്തക!ത്രിപുരാന്തക!ഭവാൻ
അന്തരംഗേകൃപയൊഴിപ്പാൻഎന്തുചെയ്തുഞാൻ

(എന്നു കരയുന്നു)

രാജാ— (വിചാരം)

കഷ്ടംനിഷ്ഠുരനായപുഷ്കരനഹോസ്വാധീനമായ്‌രാജ്യവും
ഇഷ്ടപ്രേയസിയുംശരീരമിതുമേശിഷ്ടാംനമുക്കുള്ളതും
കഷ്ടപ്പാടുകളിത്തരങ്ങളധുനാവന്നീടവാൻദൈവമേ!
കഷ്ടംഞാൻകരുതീങ്കലേതുമറിയുന്നില്ലിങ്ങുചെയ്തുള്ളതായ്.

കഷ്ടം, കഷ്ടം. ഇപ്രകാരം ദൈവംകൂടി വിരോധമായിട്ടുള്ള സ്ഥിതിയ്ക്കു ഞാൻ എന്തു ചെയ്യട്ടെ. ഭൈമിയും കരയുന്നു. ഇവയൊന്നും അനുഭവിപ്പാൻ സംഗതിയില്ലാത്ത കാന്തയെക്കൂടി ഇങ്ങിനെ ദുഃഖിപ്പിക്കുന്നതിനാൽ ഞാൻ മഹാപാപിതന്നെ.

(ദമയന്തിയോടായിട്ട്)

അണ്ണാരാജാക്ഷി!മികച്ചപാപിയിവനെപ്രാപിക്കയാലിവിധം
മണ്ണിൽതന്നെമിഴിച്ചുനിന്നുകരവാൻയോഗംഭവിച്ചൂതവ
വിണ്ണോർന്നായകനന്നിരന്നളവിലങ്ങൊന്നിച്ചുപോയെങ്കിലീ-
വണ്ണംവന്നുഭവിയ്ക്കുമൊകഴിവെനിക്കില്ലാതെയായൊന്നിനും.

(ഭൈമിയെ ചാരി കരയുന്നു)

പുഷ്കരൻ— ആരവിടെ?

(നടയിൽ തവണക്കാരൻ പ്രവേശിച്ച്) അടിയൻ.

പുഷ്കരൻ— മന്ത്രിയെ വിളിച്ചുകൊണ്ടുവരു.

തവണക്കാരൻ— കല്പനപോലെ. (പോയി)

പുഷ്കരൻ— (എഴുന്നേററ്)

ഹുസേനി—രൂപകം

കണ്ണികം

൧. എന്നുഴിവിട്ടതിവേഗംപോകപോകപോകനീ
മന്നവചിഹ്നാഭരണാദികൾതന്നീടുകവേഗാൽ.

൨. രണ്ടുവസ്ത്രംമാത്രംനിങ്ങൾകൊണ്ടുപോകുവിൻ
മണ്ടിക്കൊൾവിൻകാനനദേശെതെണ്ടിക്കൊൾവാനായ്.

൩. മിണ്ടിടാതെപോകപോകപിന്നെമൽപുരെ
കണ്ടുവെങ്കിൽകണ്ടിട്ടുണ്ടിഹവീണ്ടുംകേൾക്കുകനീ.

൪. രാജ്യമെൻെറ എന്നുംപിന്നൊന്നിനക്കുചേരുമൊ
പൂജ്യംതന്നെനിനക്കുതനയരുണ്ടെന്നാകിലും.

൫. എൻെറപുത്രനത്രെ ചേച്ച് എൻെറരാജ്യവും
തൻറിടംമനസ്സിലുള്ളനാളിലേകുമൊ.

(എന്നു ഗൌരവത്തോടിരിക്കുന്നു)

മന്ത്രി— (പ്രവേശിച്ചു രാജാവിനേയും ദമയന്തിയേയും കണ്ടിട്ടു വിചാരം)

നല്ലോരീനൃപനുംപ്രിയയ്ക്കുമിതുനാൾവന്നോരുവല്ലായ്മയി-
ന്നൊല്ലാകാണ്മതിനെന്തുതന്നെകഠിനക്കയ്യിങ്ങുചെയ്തീടിനേൻ
അല്ലൽപ്പെട്ടുമുഖംമറച്ചുനൃപനുംഭീമാത്മജാതാനുമി-
ന്നൊല്ലാതെകരയുന്നകഷ്ടമിതുകണ്ടേററംവലഞ്ഞേനഹം.

എന്തു ചെയ്യട്ടെ, ഈയുള്ളവൻെറ ദുർദ്ദശയുടെ വലിപ്പംതന്നെ.
(പുഷ്കരനെ നോക്കി) ഭക്ഷിയ്ക്കുന്ന ഇവനുണ്ടൊ രക്ഷിപ്പാൻ
പോകുന്നു. (എന്ന വിചാരത്തോടെ നില്ക്കുന്നു)

രാജാ— (ആഭരണാദികളെല്ലാം അഴിച്ചുവെച്ച്)

ചെഞ്ചുരുട്ടി—ചാപ്പ്

കണ്ണികൾ

൧. ഹാഹാജഗദീശ!ഹാഹാപരമീശ!
ഹാഹാഗൌരീശ!
൨. ആധാരമില്ലാത്തദമ്പതികൾഞങ്ങൾ
ഹാഹന്തചെയ്വതെന്തൊ?
(ദമയന്തിയെ നോക്കി കാരുണ്യപാരവശ്യങ്ങളോടെ)
൩. കാന്തേ!മൽദമയന്തി! എന്തിഹചെയ്വുഞാൻ
ബന്ധുരാംഗഗാത്രി!
൪. സരസിജമെതിരാകുംചരണങ്ങളാലെനീ
ആരണ്യേചരിപ്പാനാളൊ?

(എന്നു ദുഃഖത്തോടെ ചുററിനടന്നു ദമയന്തിയോടുകൂടി പോയി)

മന്ത്രി— (അടുത്തു ചെന്നു്) ദേവൻ ജയിച്ചാലും, ജയിച്ചാലും

പുഷ്കരൻ— അമാത്യ! ഇപ്രകാരം രാജ്യമൊക്കെ പരസ്യം ചെയ്യിക്കണം.

കല്യാണി—ആദിതാളം

പല്ലവം.

വൈരസേനിയ്ക്കൊഭൈമിയ്ക്കൊ—പൌരരിലാരുംതാൻ
ഇരന്നാൽപോലുംനൽകിടരുതെ.

അനുപല്ലവം.

അരിയൊവസനമൊഅരനിമിഷനേരമൊ-
ട്ടിരിപ്പാനൊരിടംതാനൊഉരിവെള്ളംകുടിപ്പാനൊ—വൈര

ചരണം

ക്ഷിതിതലാധിപത്യമിനിവന്നാണെന്നുംകല്പന-
യ്ക്കെതിരായ്നടന്നിടുവോനെവനെന്നാലുമവനു
മൃതിയും,ചൊല്പടിചെയ്യോനിൽ
പ്രീതിയും,ഫലമെന്നുംനിശ്ചയ-
മേതിലുമണുഭേദവുംചെയ്യുവനല്ലഞാനെന്നും
മതിയിലോർത്തുംകാലംപോയ് മറിഞ്ഞതറിഞ്ഞുംമേലിൽ—
വൈ)

മന്ത്രി— (വിചാരം) കഷ്ടം! ഇതും ഞാൻ ചെയ്യേണ്ടിവന്നല്ലോ.
(സ്പഷ്ടം) കല്പനപോലെ.

പുഷ്കരൻ— എന്നാൽ വേഗം പരസ്യമാക്ക, ഞാനും എന്റെ കൃത്യങ്ങൾ നടത്തുവാൻ പോകുന്നു. (എന്ന് എഴുനേററ്) അഹൊ! നേരം സന്ധ്യയായെന്നു തോന്നുന്നു. ഇതാ ഇപ്പോൾ;

അൎക്കൻപോയബ്ധിതന്നിൽ പരിചൊടുമുഴകി-
പ്പോയിതോഎന്നുനോക്കാൻ
മുക്കാലുംകാറിനുള്ളിൽതനുവതുമറവാ-
യെത്തിനോക്കുന്നുചന്ദ്രൻ
ചിക്കെന്നാനാഥനെത്തീയലസതയിനിമേൽ
നിൎണ്ണയംകുററമാകമ-
ന്നുൾക്കാമ്പിൽകണ്ടുതാരങ്ങളുമിതഗഗനേ
ചെന്നുചേരുന്നുവേഗം.

(എന്നു രണ്ടാളും പോയി)

മൂന്നാമങ്കം കഴിഞ്ഞു.

---

# സംഗീതനൈഷധം

## ഭാഷാനാടകം

## നാലാമങ്കം

(ഓരോ വസ്ത്രംമാത്രം ധരിച്ച രാജാവും ദമയന്തിയും പ്രവേശിക്കുന്നു)

രാജാ—(ചുററുംനോക്കിഭയപാരവശ്യങ്ങളോടെ ദമയന്തിയോടു)

സാവേരി—രൂപകം.

പല്ലവം

അതിദാരുണവനെ-വാണു
സതിമണെകാലംകഴിപ്പതെങ്ങിനെ?

അനുപല്ലവം

പുരവരമണിമന്ദിരെ ഭൂ-
വരവരസുഖഭോഗമെല്ലാം
പരമസുഖംഭുജിച്ചസൈപര-
മിരവുംപകലുമിരുന്നനാമീ— അതി

ചരണം

ഗത്തതടങ്ങളിടകലന്നും
ക്രൂത്തകല്ലുംമുള്ളുംനിരന്നും
ധൂത്തമാനസതുല്യഭൂഷ്ഠാപ
വത്തനികരംമാത്രമാന്നും
ചീത്തമദമെഴുന്നഘോര-
സത്വനിവഹനിലയനമാസ്സി-
കത്തനാഭലേശമേശാ-
താത്തതിമിരഭരമമരുമീ— അതി

(ആലോചനയോടെനിന്നു ദീഘനിശ്വാസം ചെയ്തു്) എ
ങ്കിലും പുരുഷനായ ഞാൻ വല്ലവിധത്തിലും ഏതാനും ദിവസ
ങ്ങഠം കഴിച്ചുകൂട്ടിയെന്നു വന്നേക്കാം. എന്നാൽ,

കാപി—ധ്രുവരൂപകം

പല്ലവം

അല്ലലെന്നതറിയാത്ത
പല്ലവാംഗിയായുള്ള നീ

ചരണങ്ങഠം

൧. കാണിനേരമെന്നാലുമീ
കാണംകാനനാന്തരത്തിൽ
വാണിടുവാനാളാകുമോ?— അല്ല

൨. ഗഹനത്തിലെന്നുമുണ്ടാം
തുഹിനംശീതവാതവും
സഹിച്ചുകൊള്ളുന്നെങ്ങിനെ— അല്ല

൩. അരുവിനീർപാനംചെയ്തും
കരിങ്കായ്കഠംകനിതിന്നും
ഒരുദിനംജീവിയ്ക്കുമോ?— അല്ല

ദമയന്തി—ആൎയ്യപുത്ര! ഭവാനൊന്നിച്ചിരിക്കുമ്പോൾ, എന്തു ദുഃഖങ്ങൾതന്നെ അനുഭവിക്കേണ്ടിവന്നാലും, അതുകൾ ഒന്നും എനിക്കു ദുഃഖങ്ങളായി തോന്നുന്നതല്ല. എന്നാൽ എതു കാൎയ്യത്തിലും ഭവാനെ നിഴലെന്നപോലെ അനുവൎത്തിയ്ക്കുണ്ടവളായ എന്നോട്, അന്ന്യഥാ സങ്കല്പിച്ചെന്നപോലെ, ഇങ്ങിനെയെല്ലാം പറയുന്നതു കേൾക്കുമ്പോൾ മാത്രമേ ഞാൻ ദുഃഖിക്കുന്നുള്ളു.

രാജാ—ദേവി! എനിയ്ക്കു വിശക്കുന്നു. ഭവതിക്കും അധികമായ വിശപ്പും ക്ഷീണവും ഉണ്ടായിരിക്കുമല്ലോ. രാത്രി സമീപിച്ചതിനാൽ വല്ല കായൊ കിഴങ്ങൊ അന്വേഷിയ്ക്കാമെന്നുവെച്ചാലും പ്രയാസം. എന്തുചെയ്യട്ടെ. (നിരാശയോടെ മേലോട്ടുനോക്കി ഉത്സാഹത്തോടെ ദമയന്തിയോടു)

ബിഹാൿ—ആദിതാളം.

പല്ലവം

കണ്ടാലഴകേറും പക്ഷികൾ രണ്ടെണ്ണം

അനുപല്ലവം

കണ്ടിതൊ കാന്തെ! പറന്നണ്ടിതാ വന്നീടുന്നു— കണ്ടാ

ചരണങ്ങൾ

൧. മരതകമയം ഗളം, വൈരക്കമ്പികൾപോൽ മനോ-
ഹരശിഖാ, രുണാക്ഷികൾ ചരണതുണ്ഡങ്ങളാലും— കണ്ടാ

൨. ധവളമാമുടൽ, നല്ലസുവൎണ്ണതനൂരുഹങ്ങൾ,
ശ്യാമവക്ഷസ്ഥലങ്ങൾ, ഹരിതബൎഹങ്ങളാലും— കണ്ടാ

വല്ലവിധത്തിലും ഇവയെ വലവെച്ച് കൈക്കലാക്കണം. പ്രാണരക്ഷയ്ക്ക് ഇന്നതു ചെയ്യാമെന്നില്ലല്ലോ. (എന്ന് ഉടുത്ത വസ്ത്രം അഴിച്ചു വലവെച്ച് ഒതുങ്ങിനില്ക്കുന്നു).

ദമയന്തി—ആൎയ്യപുത്ര! ഇരുട്ടാകുന്നതിനുമുമ്പായി തങ്ങളുടെ കൂട്ടുകളിൽ ചെന്നുചേരുവാൻ പറന്നുപോകുന്ന പക്ഷികളാണൊ ഇവ എന്നു ഞാൻ ശങ്കിക്കുന്നു.

രാജാ—(നോക്കി മിണ്ടാതിരിപ്പാൻ ആംഗ്യം കാണിച്ച്) ശബ്ദിയ്ക്കാതിരിയ്ക്കു; ഇങ്ങോട്ടുതന്നെവരുന്നുണ്ട്.

(അനന്തരം മേൽപറഞ്ഞപ്രകാരം രണ്ടു പക്ഷികൾ പ്രവേശിച്ചു വസ്ത്രം കൊത്തി ഉയരുന്നു.)

രാജാ—(ഓടിച്ചെന്നു വസ്ത്രം കിട്ടാതെ മേല്പോട്ടുനോക്കി വിവശനായി നില്ക്കുന്നു).

പക്ഷികൾ—

ഹിന്തുസ്ഥാനികാപി—ആദിതാളം.

പല്ലവം

പക്ഷികളല്ലഞങ്ങൾപക്ഷികളല്ല

അനുപല്ലവം.

പുഷ്കരവീരനെച്ചൂതിൽജയമതി-
നക്ഷകളായിരുന്നോർ— പക്ഷി

ചരണം

കക്ഷിനിറപ്പാൻഞങ്ങളെക്കൊൽവാൻ
ശിക്ഷയിലോർത്തതുംകൌതുകമെത്രയും
നഷ്ടമാകിനിൻരാജ്യവിഭവപൌരുഷാദികൾ
ശിഷ്ടംവസനമിതാശുപറിപ്പാനത്രാഗതരായി— പക്ഷി

(എന്നു പറന്നുപോയി)

രാജാ—(ആശ്ചര്യഭാവത്തോടെ വിചാരം) അഹോ! ഇങ്ങിനെയോ ഞാൻ ചൂതിൽ പരാജിതനായത്. പുഷ്കരനെക്കൊണ്ട് എന്റെ സർവ്വസ്വവും അപഹരിപ്പിച്ചും തൃപ്തിപ്പെടാതെ, ശേഷിച്ചുള്ള എന്റെ ഏകവസ്ത്രംകൂടി ഹരിപ്പാൻ, പക്ഷിരൂപം ധരിച്ച് ഇവിടെ പ്രാപ്തരായ ഇവർ ആരായിരിയ്ക്കാം. (അല്പം ആലോചിച്ചുനിന്നു ദമയന്തിയോടു) നാഥേ! ആ മായാപക്ഷികളുടെ വാക്കുകൾ ഭവതി കേട്ടില്ലേ?

ശങ്കരാഭരണം—ചാപ്പ്.

കണ്ണികൾ

൧. കരണത്രയത്താലുംഒരുദോഷമൊരുനാളും
ഒരുവനുംചെയ്തതില്ലെഇതുനാളോളം.

൨. വന്ദ്യരെവഴിപോലെവന്ദിയ്ക്കാതിരിയ്ക്കയും
നിന്ദ്യരെനിന്ദിയ്ക്കയുംചെയ്തതില്ലേതും.

൩. ദേവഭൂദേവാദിസേവയ്ക്കന്തരമേതും
കേവലംവരുത്തിയതായോർപ്പതില്ലേതും.

പിന്നെ എങ്ങിനെയാണ് എനിയ്ക്കു വിരോധികളുണ്ടായതെന്നു ഞാൻ അറിയുന്നില്ല.

ദമയന്തി—(ഗൽഗദത്തോടെ) ആൎയ്യപുത്ര!

കമാസ്—ആദിതാളം.

പല്ലവം.

കാലദോഷംബലമായ്ചേരുന്നൊരു
കാലത്തിൽവൈരികളാമെ-ആരും

അനുപല്ലവം

നീലലോഹിതൻതന്നാലംബമറേറവം— കാല

ചരണങ്ങൾ

൧. സ്ഥാനഭ്രംശവുംമാനഹാനിഘോര-
കാനനവാസവുംദിനമൊന്നിൽവരുമാറു— കാല

൨. തനയനെന്നപോൽവിനയവാൻകനിഷ്ഠൻ
ജനതതിയുമേകദിനംകൊണ്ടെതിരാംവണ്ണം— കാല

രാജാ—(ദീൎഘനിശ്വാസംചെയ്തു്) നമ്മുടെ കാലവൈപരീത്യം ദാരുണംതന്നെ.

ദമയന്തി—നാഥാ! അതെല്ലാം ആലോചിച്ചിട്ടെന്താണ് പ്രയോജനം? നോക്കൂ, ഈ വനമാസകലം അന്ധകാരം വ്യാപിച്ചു കഴിഞ്ഞു. ഞാൻ ഏററവും തളൎന്നിരിക്കുന്നു. അതിനാൽ ശേഷിച്ച ഈ വസ്ത്രം വിരിച്ചു നമുക്ക് ഇവിടെ ശയിക്കാം.

രാജാ—ദേവി! ഈ ശൎക്കരിലം ശയനയോഗ്യമല്ലല്ലൊ. (ചുററും നോക്കി) നാഥെ! അല്പം വടക്കുഭാഗത്തു ചന്ദ്രകരങ്ങൾ തട്ടി പ്രശോഭിക്കുന്ന ഒരു സ്ഥലം കാണപ്പെടുന്നു. അവിടെച്ചെന്നാൽ ശയിപ്പാൻ സൌകൎയ്യമുള്ള വല്ല സ്ഥലവും കണ്ടേക്കാം.

ദമയന്തി—എന്നാൽ അങ്ങോട്ടു പോകാം.

(രണ്ടാളും കൈകോൎത്തുപിടിച്ചു ചുററിനടക്കുന്നു)

രാജാ—(വ്യാകുലതയോടെ വിചാരം)

നാട്ടക്കുറിഞ്ഞി—ആദിതാളം

പല്ലവം

സൂനശരാരെഭഗവൻ!ദിഗംബരൻഞാൻ

അനുപല്ലവം.

സൂനാംഗിയെയെങ്ങിനെകാനനെഭരിപ്പതും— സൂന

ചരണങ്ങൾ

൧. നീലലോഹിത!പ്രാലേയാചല-
ബാലാവര!വരദ!ചന്ദ്രക്കലാകലാപ!— സൂന

ധ. വൃഷഭവാഹന!ഭക്തജനാവന!
വിഷമവിലോചന!പാവന!വിഷധരവിഭൂഷണ!— സുന

ദമയന്തി—ഹാ! ആൎയ്യപുത്ര! (എന്നു പെട്ടന്നിരിക്കുന്നു)

രാജാ—(പരിഭ്രമത്തോടെ) നാഥേ! എന്താണ്, എന്താണ്?

(എന്നിരിക്കുന്നു)

ദമയന്തി—(വലത്ത കാൽ പിടിച്ചു വേദനനടിച്ച്)

കാപി—രൂപകം.

പല്ലവം

കണ്ടകമൊന്നെൻകാലിൽ
കൊണ്ടിതയ്യയ്യോ!

രാജാ—(ദമയന്തിയുടെ കാൽ തടവുന്നു)

ദമയന്തി—(രാജാവിൻെറ ചുമലിൽ കൈകരം ഊന്നി)

ചരണങ്ങൾ.

ഫ. വേദനയോടുദസ്സഹമെൻമേനിയാകവെ
സ്വേദകണങ്ങളാലാർദ്രംകമ്പിതംപരം— കണ്ടക

ധ. മോഹംബാധിയ്ക്കുന്നുനേത്രംമങ്ങിടുന്നഹൊ
ദാഹംവായ്ക്കയാൽനാവുംവരളുന്നേററവും— കണ്ടക

രാജാ—(അനുകമ്പയോടെ)

ടി രാഗം ടി താളം

പല്ലവം

പ്രാണവല്ലഭെ! ഏവം
കേണിടാതയ്യോ!

ചരണങ്ങൾ

ഫ. പദതളിരിൽതേകൊണ്ടകണ്ടകംദളനംചെയ്യതെൻ
ഹൃദയപത്മത്തെത്താൻനിൻപദത്തെയല്ലഹൊ— പ്രാ

ധ. ദനമാനസനാകുമെന്നെനിൻദീനസ്വരങ്ങളാൽ
ഹനനംചെയ്യൊലാകാലംവിസ്മരിക്കൊലാ— പ്രാ

(എന്നു ദമയന്തിയുടെ ഉള്ളംകാൽ തടവി) നാഥെ! ഭവതിയുടെ പാദത്തെ പീഡിപ്പിച്ചതു മുള്ളല്ല, കല്ലാണ്. അതിനാൽ എഴുനേററ് എൻെറ കൈ അവലംബിച്ചു പതുക്കെ നടപ്പാൻനോക്കു. വല്ലവിധവും ആ പ്രകാശമുള്ള പ്രദേശം പ്രാ

പിച്ചാൽ ആശ്വാസമായി. (എന്നു ദമയന്തിയെ പതുക്കെ എഴുനേല്പിച്ചു കൈപിടിച്ചു ചുററിനടക്കുന്നു)

ദമയന്തി— ആൎയ്യപുത്ര! ക്ഷീണംകൊണ്ട് എൻെറ ചരണങ്ങൾ നീങ്ങുന്നതേ ഇല്ല.

രാജാ— (വിചാരം) എങ്ങിനെ ക്ഷീണിക്കാതിരിക്കും. കഷ്ടം, കഷ്ടം! യാതൊരു ദുഃഖവും അനുഭവിച്ചു പരിചയമില്ലാത്ത പ്രാണേശ്വരി, കല്ലിലും മുള്ളിലും അലഞ്ഞു വേദനപ്പെടുന്നതും, ക്ഷുല്പിപാസകളാൽ തളൎന്നലയുന്നതും, കണ്ടുംകൊണ്ടു ജീവിച്ചിരിക്കയെന്നുള്ളതു പരമസങ്കടംതന്നെ. കുണ്ഡിനത്തിൽ കൊണ്ടുചെല്ലാമെന്നുവെച്ചാൽ എങ്ങിനെയാണ് ഈ സ്ഥിതിയിൽ ഞാൻ പോകുന്നത്. താനെ പറഞ്ഞയയ്ക്കാം എന്നു വിചാരിക്കുന്നപക്ഷം ദൃഢാനുരക്തയായ ഇവൾ ഈ പാപിയെ വിട്ടുപിരിയുന്നതുമല്ല. എന്താണ് ചെയ്യേണ്ടത്. (ആലോചിച്ച്) ഞാൻ വല്ലവഴിക്കും കടന്നുപോകുന്നതായാൽ ഇവൾ എങ്ങിനെയെങ്കിലും കുണ്ഡിനത്തിലൊ ചേദിയിലൊ ചെന്നുചേൎന്നുവെന്നു വന്നേക്കാം. അതിനാൽ, വല്ലവഴിക്കും കടന്നുപോകതന്നെ.

ദമയന്തി— ആൎയ്യപുത്ര! നാം ആ സ്ഥലം പ്രാപിച്ചു.

രാജാ— (ചുററുംനോക്കി) ദേവി! ഈ പ്രദേശം എനിയ്ക്കൊട്ടും തന്നെ അപരിചിതമല്ല. (നേരെ നോക്കി) കണ്ടാലും അതാ ഗന്ധമാദനപൎവ്വതം ആ പൎവ്വതം കടന്നാൽ ഭവതിയുടെ മാതാവിൻെറ സ്വരാജ്യമായ ചേദിയിൽ ചെല്ലാം (മറെറാരു മാൎഗ്ഗം കാണിച്ച്) ആ കാണുന്ന വഴിയിൽക്കൂടി ഒരു ദിവസത്തെ വഴി ചെന്നാൽ ഭവതിയുടെ മാതൃസഹോദരിയുടെ ഭൎത്താവു വാഴുന്ന അവന്തിയിൽ ചെല്ലാം (വേറെ ഒരു ഭാഗത്തേക്കു തിരിഞ്ഞ്) ഈ വഴിയെ ഏതാനും ദൂരം പോയാൽ പയോഷ്ണി എന്ന നദി കാണാം. ആ നദി കടന്നാൽ ഭവതിയുടെ സ്വരാജ്യമായ കുണ്ഡിനത്തിൽ ചെല്ലാം. അതിനാൽ,

തോടി—ധ്രുവരൂപകം.

പല്ലവി

കാലദോഷത്താലെ—വനെ
അലയുമെൻകൂടെത്തന്നെ

അനുപല്ലവം.

മാലറിഞ്ഞീടാത്തുള്ള ഭൂപാലനന്ദിനിനീനന്നെ
ഉലഞ്ഞടനംചെയ്യാതെ ചാലെപോയാലുമിന്നെ- കാല

ചരണങ്ങൾ

൧. താതസന്നിധിതന്നിലൊമാതൃജന്മഭൂമിയിലൊ
ജ്ഞാതികൾമററാരാൻവാഴുംഭൂതലഭാഗത്തിങ്കലൊ- കാല

൨. ചൂതസായകനാശനൻപ്രീതനായ്മുന്നെപ്പോൽശുഭം
ഏതുകാലമരുളുമൊ അതുവരെവാഴ്കണ്ടുതാൻ- കാല

(എന്നു് ഓടുവാൻ ഭാവിക്കുന്നു.)

ദമയന്തി—ആര്യപുത്ര! അരുതെ. അരുതെ. (എന്നോടിച്ചെന്നു പിടിക്കുന്നു)

രാജാ—(ദയാപാരവശ്യങ്ങളോടെ ദമയന്തിയെ നോക്കി)

സുരുട്ടി—രൂപകം.

പല്ലവം

ജീവനാഥെനിന്നഴലെല്ലാം
ഏവംകണ്ടിരിപ്പതിനൊ

അനുപല്ലവം

തവനിയോഗമെങ്കിലെന്തഹോ!
ഇവനിന്നുഗത്യന്തരം മൽ— ജീവ

ചരണം

സോമവംശധൂമകേതുവായ്
കുമതിവരനായ്ഭ്രഷ്ടനായ്
ഭീമകാനനവാസംചെയ്തുതാൻ
സമയംകഴിക്കുവാൻ ഹത-
വിധിനിയുക്തനായ്ബോധരഹിതനായ്
ആധിസാഗരകീലാലനിമഗ്നനായ്
വ്യാധവൃത്തിയാന്നപാപിയാമെന്നോടും
സന്താപഗണമദ്ധ്യെവാഴ്വാനൊരുങ്ങുമെൻ— ജീവ

ദമയന്തി—(ദീനഭാവത്തോടെ)

കാപി-ആദിതാളം.

൧. സതിയാമെനിക്കാധാരംപതിയാംഭവാനല്ലാതെ
ക്ഷിതിയിലില്ലെന്നോർത്തുമെമതിയിലോക്കാതിങ്ങിനെ

൨. ത്വരിതമെന്നെപ്പിരിഞ്ഞുതിരിയ്ക്കുവാനോരോമാർഗ്ഗം
കരളിലോർത്തെന്നപോലെ അരുംവതുകേൾക്കുംതോറും
൩. പെരുകുന്നഴൽമാനസെഭാരമാം ഞാനെങ്കിലും
പരിചരിച്ചിങ്ങിരിപ്പാൻ അരുളേണമനുമതി.

രാജാ— (വിചാരം) കഷ്ടം! കഷ്ടം! സതികുലശിരോമണിയായി ഞാനേ ശരണമെന്നുറച്ചും, സകല കഷ്ടാനുഭവങ്ങളും വിസ്മരിച്ചും, ഞാനൊന്നിച്ച് ഈ വനത്തിൽ വാഴുവാൻ ഒരുങ്ങിയിരിക്കുന്ന ഇവളെ ഉപേക്ഷിച്ചു പോകുന്നതെങ്ങിനെ? പോകാഞ്ഞാൽ, അവധിയില്ലാത്ത ഈ വനവാസത്തിൽ അടിയ്ക്കടി നേരിടാവുന്ന കഷ്ടങ്ങൾ, ഇവൾ അനുഭവിയ്ക്കുന്നതു കണ്ടുകൊണ്ടിരിയ്ക്കുന്നതും എങ്ങിനെ. (ആലോചിച്ചു) പോക തന്നെ തരമുള്ളു, സംശയമില്ല. എന്നാൽ ഇപ്പോൾതന്നെ ഇവളിൽ സംശയം ജനിപ്പിയ്ക്കുന്നതായാൽ പോകുവാൻ അവസരം കിട്ടാതായും വന്നേയ്ക്കാം. അതിനാൽ ഇങ്ങിനെ പറകതന്നെ. (ദമയന്തിയുടെ കൈപിടിച്ചു സ്പഷ്ടം)

കമാസ്—ചായ്പ്.

പല്ലവം

കാന്തേ! ഞാൻ വിരഹാമയം തേടുമോ വൃഥ?

ചരണങ്ങൾ

൧. സ്വാന്തെ കുത്തിവെച്ചുള്ള വിഗ്രഹംപോലവെ
സന്തതമമരുംത്വാംഹന്തകാനനെവിട്ടെൻ— കാന്തേ
൨. സന്താപത്തിലും പിന്നെ എന്താപത്തിലും തന്നെ
എന്തായീടിലുമെന്നെപ്പിന്താങ്ങാനുറച്ചുള്ള— കാന്തേ

ദമയന്തി—(ആശ്വാസത്തോടെ) ആര്യപുത്ര! എന്നാൽ ഞാൻ ഭാഗ്യവതിയായി.

രാജാ—(വിചാരം) ദുരദ്ധ്വഗതികൊണ്ടും ക്ഷുൽപിപാസകളാലും ഏററവും തളർന്നിരിയ്ക്കുന്ന പ്രിയതമയെ എവിടെയാണ് ശയിപ്പിക്കേണ്ടത്. (നേരെ നോക്കി ദമയന്തിയോടു)

വഴിയമ്പലമൊന്നാരാലഴകൊടുകാണുന്നതുണ്ടിതാദയിതെ
പിഴയാതവിടെച്ചെന്നാലഴലുകൾനീക്കിസ്സുഖിച്ചുറങ്ങീടാം.

ദമയന്തി—എന്നാൽ അങ്ങോട്ടു പോകാം.

(രണ്ടാളും ചുററിനടക്കുന്നു.)

രാജാ—(പ്രവേശം നടിച്ച്) പ്രിയെ! നാം ആ വഴിയമ്പലത്തിൽ വന്നുചേൎന്നു, ഇനി നിൎഭയം ശയിക്കാം.

ദമയന്തി—ആൎയ്യപുത്ര! ഞാൻ സ്വപിപ്പാൻ ആഗ്രഹിക്കുന്നു.

രാജാ—എന്റെ മടിയിൽ തന്നെ കിടന്നുറങ്ങാമല്ലൊ.

ദമയന്തി—നാഥാ! അങ്ങേയ്ക്കും ഉറക്കംവരുന്നുണ്ടായിരിക്കുമല്ലൊ?

രാജാ—എനിയ്ക്കുശേഷംപോലും ഉറക്കം വരുന്നില്ല. എന്നു മാത്രമല്ലാ, എപ്പോഴെങ്കിലും ദവാനലന്നിരയായിത്തീരാവുന്ന ഈ വനമദ്ധ്യത്തിൽ നാം രണ്ടുപേരും ഒരേസമയത്തിൽ ഉറങ്ങുന്നതും നന്നല്ല. വേണമെങ്കിൽ ഞാൻ പിന്നീടുറങ്ങിക്കൊള്ളാം.

ദമയന്തി—എന്നാൽ ഞാൻ ശയിക്കട്ടെ. (എന്നു രാജാവിന്റെ മടിയിൽ തലവെച്ചു കിടക്കുന്നു)

രാജാ—(വിചാരം) ഹാ ദൈവമെ! ഇതിൽപരമായ ധൎമ്മസങ്കടമെന്താണ്. വിശ്വാസത്തോടുകൂടി മടിയിൽ കിടന്നുറങ്ങുന്ന പ്രാണേശ്വരിയെ ഉപേക്ഷിച്ചുപോകുന്നതെങ്ങിനെ. പോകാഞ്ഞാൽ അവധിയില്ലാത്ത വനവാസത്തിൽ ഇവളെ ഭരിയ്ക്കുന്നതും എങ്ങിനെ. (ചെവിയോൎത്ത്) ശ്വാസംവിടുന്ന സമ്പ്രദായം കൊണ്ടു ദേവി ഉറക്കമായെന്നു തോന്നുന്നു. ഇതെങ്ങിനെ.

പട്ടാൽതീൎത്തോരുമെത്തമേൽമണമെഴുംപുഷ്പങ്ങളുംചേൎത്തുകൊ-
ണ്ടിഷ്ടംപോൽപനിനീർതളിച്ചതിനുമേൽകേറിക്കിടന്നീടിലും
ഒട്ടുംനിദ്രവരാത്തവല്ലഭവെറുംമണ്ണിൽകിടന്നപ്പൊഴേ
കഷ്ടംവാട്ടമകന്നനിദ്രയിലകപ്പെട്ടാളിതെന്തത്ഭുതം!

അല്ലെങ്കിൽ, എന്താണ് അത്ഭുതപ്പെടുവാനുള്ളത്. ഇതാണ് എല്ലാവൎക്കും അവരവരുടെ കാലാവസ്ഥയ്ക്കനുസരിച്ചു സുഖമുണ്ടാകുമെന്നു പറയപ്പെടുന്നത്.

ദമയന്തി—ആൎയ്യപുത്രൻ എങ്ങോട്ടാണ് പോകുന്നത്.

രാജാ—അഹോ! എന്നിലുള്ള അവിശ്വാസം ഹേതുവായിട്ടാണ് ദേവി ഉറക്കത്തിൽ ഇങ്ങിനെ പറയുന്നത്. ഈ വിചാരംകൊണ്ടുതന്നെ ഒരുസമയം ഉണൎന്നുപോയേയ്ക്കാം. എന്നാൽ പിന്നെ ഞാൻ വിചാരിച്ചപോലെ സാധിക്കുന്നതല്ല. (എന്നു സാവധാനത്തിൽ ദമയന്തിയുടെ തല മടിയിൽ

നിന്നൊട്ടു നിലത്തുവെച്ചു പതുക്കെ എഴുനേററു കുറച്ചു നടന്നു, ആലോചനയോടെ നിന്നു, പിന്നെ തിരിച്ചു ദമയന്തിയുടെ സമീപത്തിൽ ചെന്നിരുന്നു ഗൽഗതത്തോടെ)

കാപി — ചാപ്പ്.

പല്ലവം

ഭീമഭൂവരപുണ്യഫലമെ! - ഭൈമി!
മാമകപ്രാണൈകാധാരമെ!

അനുപല്ലവം

ഒരുപൊഴുതുമെന്നെപിരിയാത്തുള്ളൊരുനിന്നെ
ഘോരകാനനെതാനെവെടിഞ്ഞുപോവതെങ്ങിനെ — ഭീ

ചരണങ്ങൾ

൧. സുരവരനാദിയാംനാൽവരും,പിന്നെ
നിരവധിനരപതിവീരരും,നിന്നോ-
ടിരന്നാരന്നവരെല്ലാപേരെയും,ഞാനേ
വരനെന്നുറച്ചവരെവെടിഞ്ഞന്നു
ദുരിതനിധിയാമെന്നെവരിച്ചുനിന്നെയിന്നയ്യോ
ഘോരകാനനെതാനെവെടിഞ്ഞുപോവതെങ്ങിനെ — ഭീ

൨. നീലക്കാർകൂന്തൽമണ്ണിൽചിന്നിയും,നല്ല
നീലബ്ജാക്ഷികൾരണ്ടുംചിമ്മിയും,ഗണ്ഡ-
തലംകണ്ണീരിനാൽപാരംനനഞ്ഞും,എങ്ങു-
മലഞ്ഞവയവമേററമുലഞ്ഞും
കല്ലിൽപല്ലവാംഗംചേർത്തയ്യോസ്വപിക്കുംനിന്നെ
ഘോരകാനനെതാനെവെടിഞ്ഞുപോവതെങ്ങിനെ — ഭീ

(ആലോചിച്ച് വിഷാദത്തോടെ) പോകാഞ്ഞാൽ ഈ കാട്ടിൽ ഇങ്ങിനെ എത്രദിവസം കഴിച്ചുകൂട്ടാം. (തന്നത്താൻ നോക്കി) അയ്യോ! പോകുന്നതിന്നും തരമില്ലാതാണല്ലൊ വന്നിരിക്കുന്നത്. ദേവിയുടെ വസ്ത്രത്തിൽനിന്നും ഏതാനും മുറിച്ചെടുക്കാമെന്നുവെച്ചാൽ ആയുധവുമില്ലല്ലൊ. (ചുററും നോക്കി) ആശ്ചര്യം! ആശ്ചര്യം! ഇതാ ഒരു വാൾ കാണപ്പെട്ടുന്നു; ഇതെങ്ങിനെ ഇവിടെ വന്നു. ഇതിനാൽ ഞാൻ ദേവിയോടു വേർപിരിയേണമെന്നാണ് ദൈവമതവും എന്നു

തീർച്ചയായി. ഇനി എന്തിനു സംശയിക്കുന്നു. (വസ്ത്രം മുറിച്ചെടുത്ത് ഉടുത്തു ദമയന്തിയുടെ പാദങ്ങളിൽ ശിരസ്സുനമിച്ച്)

ചെഞ്ചുരുട്ടി — ചാപ്പ്.

ഗജിൽ.

൧. കൃതഘ്നൻഞാൻദേവി!വ്യാധൻഗാനത്താലെ
സാധുമൃഗത്തെവലതന്നിലാക്കുംപോലെ
ചതിയാലാകർഷിച്ചെൻകൈവശമാക്കിയിപ്പോൾ
അതിദാരുണമീവനെതാനെവിടുന്നിതാ.

൨. ഉത്തമരാംസുരവീരരെയുംനൃപസത്തമന്മാരെയും
അത്തൽക്കിരയാക്കിമാംവരിച്ചതോർത്തീടുകിൽ
പുത്തൻകാഞ്ചനമാല്യംവിട്ടാശീവിഷൻതന്നെ
മത്തുമാലയെന്നോർത്തുചാർത്തപോലായിതേ.

(വിഷാദത്തോടെ എഴുന്നേററ് മന്ദം മന്ദം ചുററിനടന്നു മേല്പോട്ടു നോക്കി) ഹാ! മഹാരാജ ഭീമ!

തോടി — ചാപ്പ്.

പല്ലവം

കണ്ടാലുംപുണ്യരാശേ!പുണ്യഫലമായ്തേ
ഉണ്ടായകന്യകയെ

അനുപല്ലവം

ശൌണ്ഡൻഭരിപ്പാനെന്നെവന്നിലേല്പിച്ചുവോ
ചണ്ഡാലനവൻവനവഴിമണ്ഡപെചെയ്വതും — കണ്ടാലും

ചരണങ്ങൾ

൧. ക്രൂടംതന്നിൽതോറ്റുനാട്ടുമുതലുട-
യാടവരെയുള്ളതഖിലവുംകള-
ഞ്ഞോടലൊട്ടുവനംതേടിയൊരിപ്പാപി
ക്രൂടവെത്താൻനടകൊൾകവെ-

൨. അന്നപാനാദികളൊന്നുമെന്യനി-
ന്നോന്നതവത്തനിതന്നിലലകയാൽ-തള-
ർന്നൊന്നുമറിയാതെമന്നിലുറങ്ങവെ
തന്നെവെടിഞ്ഞിവൻപോവതും — കണ്ടാലും

(വിഷാദത്തോടെ അല്പനേരം നിന്നു ദമയന്തിയെ നോക്കി ഗൽഗദത്തോടെ)

നാഥനാമക്രി—ആദിതാളം.

പല്ലവം

പോയിടുന്നേൻ ഞാനൊ-മൽ
ദയിതെ ശുഭചരിതെ!

അനുപല്ലവം

അയി തേ ചാരിത്രമഹിമയെത്തുണയാക്കി— പോ

ചരണങ്ങൾ

൧. അന്യായമെങ്കിലുമന്യമാർഗ്ഗം കാണാഞ്ഞു
ധന്യയാം നിന്നെക്കാട്ടിൽ വെടിഞ്ഞിടുന്നേൻ
നന്ദികെട്ടവൻ ഞാനെങ്കിലുമെന്നെയേറ്റം
നിന്ദിയ്ക്കാതിരിപ്പാനായൊന്നപേക്ഷിയ്ക്കുന്നിതാ— പോ

൨. ശോകമോടെന്നെയിങ്ങു തിരഞ്ഞുഴന്നീടാതെ
പോകെടൊ വേഗം നിൻ ജനകനികേതെ
ശോകമകന്നു വാഴ്ക സുചിരമെന്നല്ലു കാലം
ആഗതമാകുംകാലമാഗതനാകാം ഞാനും— പോ

(എന്നു ദമയന്തിയെ നോക്കി മന്ദം മന്ദം പിന്നാക്കം നടന്നു) ഹാ! ദേവി! (എന്നു പോയി)

ദമയന്തി—ആര്യപുത്ര! അങ്ങ് എങ്ങോട്ടാണ് പോകുന്നത്. (പെട്ടെന്നെഴുന്നേററ് സമീപത്തെല്ലാം തപ്പിനോക്കി പരിഭ്രമത്തോടെ) അയ്യോ കഷ്ടം! അയ്യോ കഷ്ടം! ക്ഷീണതയാൽ ബോധംകെട്ടുറങ്ങിയിരുന്ന എന്നെ തനിച്ചിട്ടുംവെച്ച് ആര്യപുത്രൻ പൊയ്ക്കളഞ്ഞുവൊ; ഇതെങ്ങിനെ ആലോചിച്ച്) അതൊരിക്കലും ഉണ്ടാകയില്ല. എന്തെന്നാൽ, എന്തുതന്നെയായാലും എന്നെ ഒരിയ്ക്കലും ഉപേക്ഷിയ്ക്കയില്ലെന്ന് എന്നോടു ഉറപ്പായി പറഞ്ഞിട്ടുണ്ടല്ലൊ. പക്ഷെ, എന്നെ പരീക്ഷിപ്പാൻവേണ്ടി ഈ കാട്ടിൽതന്നെ വല്ല സ്ഥലത്തും മറഞ്ഞിരിപ്പുണ്ടായിരിയ്ക്കണം. (എഴുന്നേററ് താഴെ ഇറങ്ങി)

ഖണ്ഡ — ചാപ്പ്.

പല്ലവം

കാട്ടിൽ വെച്ചൊ ഈവിധമെല്ലാം
കാട്ടിടേണ്ടു ജീവനാഥാ!

അനുപല്ലവം

കരികൾ കിരികളുമരിയകരടികൾ
ഹരികൾ നരികളും ചരിയ്ക്കും ഭീകര— കാട്ടിൽ

ചരണങ്ങൾ

൧ ഭീതാഞാനമീപാതിരയിൽ
നീ താൻ പങ്കിൽമേവുമിടം
ഘോരതിമിരംപാരമമരും നേരം
തിരഞ്ഞു കണ്ടുകൊണ്ടിടാനാമോ— കാട്ടിൽ

൨. ഖേദത്രാസങ്ങൾ ക്ഷുൽപിപാസകൾ
വേദനശീതമെന്നിവയാൽ
പദയുഗമിടറുന്നു വെയ്ക്കെപ്പതറുന്നു
വദനം തവകാണ്മാൻ മിഴിയുഴറുന്നു— കാട്ടിൽ

(ചുററിനടന്നു) ആര്യപുത്ര! ആര്യപുത്ര! (എന്നു വിളിച്ചു പരിഭവത്തോടെ) അയ്യോ! ഒരനക്കംപോലുമില്ലല്ലൊ. പോയിരിയ്ക്കാമെന്നു വിചാരിക്കുന്ന പക്ഷം വസ്ത്രമില്ലാതെ എങ്ങിനെ പോകും. (ആലോചിച്ചു തന്റെ വസ്ത്രം തടവി) അയ്യോ! ഇതിൽനിന്നും ഏതാനും മുറിച്ചെടുത്തപോലെ കാണപ്പെടുന്നുവല്ലൊ. (വസ്ത്രത്തിന്റെ വക്കുതപ്പി) ഹാ! ആര്യപുത്ര! (എന്നു മോഹിച്ചുവീണ്— ആശ്വസിച്ചു്)

പാർസി കാപി— അടതാളചാപ്പു്

കണ്ണികൾ.

൧. ശോകവും ക്ഷുൽപിപാസയും കൊണ്ടു
ദേഹവും തളരുന്നിങ്ങിനെ—നിദ്ര
ചെയ്യവെ പൈതൽകോമളനെ—എന്നെ
ഏകയാക്കിട്ടുപോകലും
ക്ഷാത്രധർമ്മമൊ—ചെയ്കർമ്മമൊ—
ഭർത്തൃധർമ്മമൊ—മമകർമ്മമൊ—

൨. ദേവനെറിപ്പുകൈതവാൽ തോററു
ഭൂവിഭവാദിപോകയാൽ—ഏററം
ചെയ് വന്നുപിടിപെട്ടെന്നോർത്തന്നെ
കേവലം മറന്നെന്നാമതോ

കാന്ത! ഇങ്ങിനെ-താന്താമാംവനെ-
നീന്താനങ്ങിനെ-വിട്ടതെങ്ങിനെ?
(പതുക്കെ എഴുന്നേററിരുന്നു കണ്ണുകൾ തുടച്ച്)

കാപി—ആദിതാളം.

കണ്ണികൾ

൧. കാട്ടിൻനടുവിലെന്നെകാട്ടുജന്തുക്കൾക്കെല്ലാ
ഇഷ്ടംപോൽചെയ്തുകൊൾവാൻവിട്ടെങ്ങുപോയിനാഥാ!

൨. ബന്ധുവാരെനിയ്ക്കിന്നെൻബന്ധുരാംഗനീയെന്ന്യെ
ഹന്തഞാനെന്തുചെയ് വുകാന്താരത്തിലേകയായ്

൩. പരമാത്ഥമെന്നപോലെപരമെന്നോടോരോന്നെല്ലാം
ഉരച്ചുഞാൻറങ്ങവെതിരിച്ചതുചിതമൊതേ.

(ആലോചിച്ച്) അഥവാ, ഞാനെന്തിനാണ് അദ്ദേഹത്തെ ദു ഷിയ്ക്കുന്നത്. സുബോധത്തോടുകൂടി അദ്ദേഹം ഒരിക്കലും എ ന്നെ ഉപേക്ഷിക്കയില്ല. എന്നാൽ ഞാൻനിമിത്തം അദ്ദേഹ ത്തിൽ ബദ്ധവൈരമുള്ള ഏതൊ ഒരു മായാവിയുടെ പ്രയോ ഗങ്ങളാണിത്, നിശ്ചയം. അതിനാൽ, (എഴുന്നേററുനിന്ന്)

നാഥനാമക്രി-ആദിതാളം.

കണ്ണി

ഏവനെന്നാലുമവൻനീറട്ടെമൽശാപാഗ്ന്യാ
പാവകൻപിടിപെട്ടകാനനമെന്നപോലെ

(എന്നു ശപിച്ച്) നിർഭാഗ്യയായ ഞാൻ ഇനി എന്താണ് ചെ യ്യേണ്ടത്. (ആലോചിച്ച്) അഥവാ മറെറന്താണ് ചെയ്യാനു ള്ളത്.

തോടി-രൂപകം

കണ്ണികൾ.

൧. നാരികൾക്കുകണവനല്ലോപരദൈവമെന്നിരിയ്ക്കെ
ധരണിയിൽഞാനെന്തിനേവംശരണമെന്യെവാണിടുന്നു

൨. ഇരയെത്തേടിസഞ്ചരിയ്ക്കുംനരികളുടെക്കൂട്ടത്തിലൊ
എരിയുംകാട്ടുതീയിലൊഞാൻചെന്നുവീഴുന്നുണ്ടുന്നം

(കുറച്ചുനടന്നു്) അയ്യോ! ആര്യപുത്രൻ ജീവിച്ചിരിക്കുമ്പോൾ ഞാനെങ്ങിനെ ജീവത്യാഗം ചെയ്യും. (ആലോചിച്ച്) ആകട്ടെ വല്ലവിധത്തിലും അച്ഛന്റെ സമീപത്തിൽ ചെല്ലുകതന്നെ. അവിടെനിന്നു വിശ്വാസമുള്ള ചാരന്മാരെ നാനാദേശങ്ങളിലേക്കും അയച്ച് ആര്യപുത്രനെ അന്വേഷിപ്പിക്കാം. അല്ലാതെ ഈ കാട്ടിൽതന്നെ ചുററിനടന്നിട്ട് എന്താണ് പ്രയോജനം. (കുറെ നടന്ന്) എന്താണിതെന്റെ കാലുപിടിച്ചു പുറകോട്ടു വലിയ്ക്കുന്നത്. (തിരിഞ്ഞുനോക്കി) അയ്യോ കഷ്ടം! അയ്യോ കഷ്ടം! ദുഷ്ടനായ ഒരു പെരുമ്പാമ്പ് എന്റെ പാദം വിഴുങ്ങിക്കഴിഞ്ഞു.

ഹനുമത്തോടി-രൂപകം

കണ്ണികൾ

൧. ഘോരനാംപെരുംപാമ്പെൻ ചരണമിന്നിതാ
പാരംഭക്ഷിച്ചീടുന്നയ്യോവീരസേനജ!

൨. പാർത്ഥിവക്കൈപ്പൊഴുതാത്മപാലനം
പാർത്ഥിവേന്ദ്ര! ധർമ്മമല്ലയൊ കാത്തുകൊൾകമാം.

(എന്നിരിക്കുന്നു)

(അനന്തരം വില്ലും അമ്പും ധരിച്ച് ഒരു കിരാതൻ മറെറാരുഭാഗത്തിൽകൂടി പ്രവേശിക്കുന്നു.)

കിരാതൻ—

നാഥനാമക്രി—ആദിതാളം.

കണ്ണികൾ.

൧. തിങ്ങിടുംകാനനത്തിൻനടുവിൽനിന്നു
പൊങ്ങിടുന്നു ചില വിലപിതങ്ങൾ

൨. വിലപിതവചനങ്ങളാൽപെരുംപാമ്പിനാൽ
വലിയ്ക്കപ്പെട്ടുന്നെന്നുംഞാനറിയുന്നതൻ

൩. തുംഗതിമിരപൂരത്താലിപ്പെരുംകാട്ടിൽ
എങ്ങുംതാനെപോകാൻ ഭീതിയുണ്ടെങ്കിലും

൪. എങ്ങനെന്നുംആരെന്നതുംഅറിയേണം
മങ്ങാതെചെന്നെങ്ങുമേപാർത്തിടാം.

ദമയന്തി—

൧. പ്രാണഹാനിമേവന്നുചേർന്നിടുന്നുമുൻ
പ്രാണനാഥാ! ദേഹിദേഹിദർശനംഭവാൻ.

കിരാതൻ—(ചെവിയോർത്തു സന്തോഷത്തോടെ)

ഹുസേനി—ഏകതാളം.

കണ്ണികൾ.

൧. സ്വരമാധുര്യത്താലൊരുവളെന്നും—പിന്നെ
വരനില്ലവൾതന്നരികിലെന്നും—ഞാൻ
അറിഞ്ഞതന്നെ, കൊതിനിറഞ്ഞതന്നെ,
ധന്യമിതെൻഭാഗ്യമഹോഭാഗ്യമഹോഭാഗ്യം

൨. കണ്ടുവെന്നാലുടനിണ്ടലകററിയാ
വണ്ടാറണിക്കുഴലാളെയെൻമന്ദിരെ
കൊണ്ടുപോകാംകൂട്ടിക്കൊണ്ടുപോകാം [കൊള്ളാം
പണ്ടറിയാത്തസൌഖ്യംകൊള്ളാംസൌഖ്യംകൊള്ളാം

(പുററിനടന്ന്) എങ്ങുംതന്നെ കാണ്മാനില്ലല്ലൊ.

നാഗവരാളി—ഏകതാളം

കണ്ണികൾ.

൧. മാനേലുംകണ്ണികൾമൌലിമണി—ഏററം
ദീനയായ്ക്കേഴുന്നതെങ്ങെങ്ങയ്യൊ

൨. ചേലവനത്തിലൊശാലയിലൊ—വെൺ
പാലച്ചോട്ടിലൊകുന്നിൻപള്ളയിലൊ

൩. കൊള്ളിപ്പുതിയിലൊകള്ളിമരം—നില്ക്കും
വള്ളിക്കുടിലിലൊവെണ്മാടത്തിലൊ

൪. നാരിമണിയെവേഗംകരിമല്ലാ—കാട്ടി—
ത്തരികപന്നിയിറച്ചിതന്നീടാം ഞാൻ

(കിഴക്കോട്ടുനോക്കി)

൫. ചേട്ടിയില്ലിനിയെത്തുംതിരവാനും ഇരു-
ട്ടോടിപ്പിടിച്ചുദിയ്ക്കുംഭഗവാനെ.

(പുററിനടന്ന് ദമയന്തിയെക്കണ്ട് ആശ്ചര്യത്തോടെ) ഹാ! എന്തു രൂപം! (എന്നു മിഴിച്ചുനില്ക്കുന്നു)

ദമയന്തി—(കിരാതനെക്കണ്ട്) അയ്യൊ കഷ്ടം! നീചനായ ഇവങ്കൽ എൻെറ ദൃഷ്ടികൾ പതിഞ്ഞുവല്ലൊ. (എന്നു മററൊരു ഭാഗത്ത് നോക്കുന്നു)

കിരാതൻ—അല്ലെ സുന്ദരി! ഭയപ്പെടേണ്ടാ. ഭയപ്പെടേണ്ടാ. ഞാൻ ഈ കാട്ടിൽതന്നെ ഉള്ളവനാണ്. പ്രാണാപായം നേരിടുന്ന സമയം ജാതിഭേദങ്ങൾ വിചാരിപ്പാനില്ലല്ലൊ. എൻെറ ചുമലിൽ പിടിച്ച് എഴുന്നേൽക്കുക. ഞാൻ ഈ പാമ്പിനെ കൊല്ലുന്നുണ്ട്.

ദമയന്തി—(പണിപ്പെട്ട് എഴുന്നേററുനില്ക്കുന്നു)

കിരാതൻ—(അസ്ത്രമയച്ച്) സുന്ദരി! നിൻെറ സകല ഭയങ്ങളേയും കളഞ്ഞാലും. നിന്നെ ഉപദ്രവിച്ചിരുന്ന ആ ഘോരം പാമ്പിൻെറ കഥ ഞാൻ കഴിച്ചു.

ദമയന്തി—(ആശ്വസിച്ച്)

കാപി—ആദിതാളം

പല്ലവം

മൃത്യുവന്നെത്തുംമുന്നെഎത്തിമാംരക്ഷിച്ചതേ
പ്രത്യുപകാരംഞാനെന്തുചെയ്യേണ്ടു

ചരണങ്ങൾ

൧. വാഹസംഗ്രഹിക്കയാൽജാതമായുള്ളമഹാ-
മോഹവുംതിൻപദവേദനയുംമാറിമേ- മൃത്യു

൨. ഏകവസ്ത്രമല്ലാതില്ലേതുമെൻവശമിപ്പോൾ
ചോകഭവാൻശുഭംചേർത്തീടുമീശപരൻ- മൃത്യു

കിരാതൻ—(വിചാരം) ഇന്താണെന്നൊ ഇവൾ കൊണ്ടുവരുന്നത്. കാററും തണുപ്പും സഹിച്ചും, കല്ലും മുള്ളും തറച്ചും, ഇരുട്ടിൽ ഭയപ്പെട്ടു വിറച്ചും, കുററിക്കാടുകളുടെ ഇടയിൽകൂടി ഓടിവന്നു പാമ്പിനെക്കൊന്നു ജീവനെ രക്ഷിച്ചത് ഇങ്ങിനെയുള്ള വാക്കുകൾ കേട്ടു മടങ്ങിപ്പോകാനാണോ! അതൊരിക്കലുമില്ല.

(ദമയന്തിയെ നോക്കി സ്പഷ്ടം)

കുമ്മികൾ

൧. കൊണ്ടൽവേണി!നിന്നെക്കണ്ടപ്പൊഴേ—തന്നെ
കൊണ്ടമാരൻശരംകൊണ്ടെന്നുടൽ
കണ്ടംകണ്ടമായ്ക്കണ്ടിപ്പതേതും
കണ്ടറിയാഞ്ഞൊഞ്ഞുണ്ടലില്ലാഞ്ഞൊ

മിണ്ടാതുടൻപോവാൻചൊല്ലി,നിന്നെ-കൂട്ടി
ക്കൊണ്ടല്ലാതെപോവതുണ്ടോഞാനും.
(എന്നടുക്കുന്നു).

ദമയന്തി—(ഒഴിഞ്ഞുമാറി)

ച. രാജസുതാഞാനൊരാജപത്നി-ഏറ്റം
വ്യാജമല്ലെനിയുംനീചനല്ല
പതിവ്രതാഞാൻപതിവിരഹാ
മതിയിലെന്നിൽകൊതിയുദിച്ചാൽ
പാതകമെതവശാതിനിഷാദ! ഇതു
ബോധിച്ചാലുംവേഗംപൊയ്ക്കൊണ്ടാലും.

കിരാതൻ—(കാമപാരവശ്യത്തോടെ)

ചക്രവാകം—ആദിതാളം

കണ്ണികൾ.

പ. കുവലയവിലോചനെ!
പോവതിന്നെങ്ങിനെഞാൻ
വിവശയായ്പോവതുംനീ
എവിടേയ്ക്കെൻകോമളാംഗി
മാരനൊക്രൂരനേററം
ശരവർഷംപെയ്യുന്നെന്നിൽ

ച. മനതേമ്മിൽചേരുന്നെന്നാൽ
എന്നംനോക്കീട്ടമാരുണ്ടോ
വനജാക്ഷിയാരറിഞ്ഞു
വനസുഖംവഴിപോലെ
മൌനമെന്തേവംബാലെ
പോകനാമെൻപതിയിൽ.

ദമയന്തി—(വിചാരം) ഹാ! ദൈവമേ!

നാഥനാമാക്രി-ആദിതാളം.

പല്ലവം.

വല്ലഭൻപോയ്മറഞ്ഞു-ഭ്രാന്തും
ചൊല്ലിവേടനമണഞ്ഞു

ചരണങ്ങൾ

൧. പരമാത്മമ്പരച്ചാല്യംഅറിഞ്ഞൊഴിഞ്ഞിടുമൊ
ഖരകണ്ണങ്ങളിൽമന്ത്രംചൊരിഞ്ഞാലുമേറീടുമൊ- പ്രിയ
൨. മരണമണഞ്ഞകാലെപാലനംചെയ്കയാലെ
മരണമണ. പ്രതിനംകരളിൽമടിയുണ്ടുമേ- പ്രിയ

(സ്പഷ്ടം) അല്ലയോ വനചര! നീ ചെയ്തതു വലിയ ഉപകാരംതന്നെ. എന്നാൽ, കാലാംഗനയായ എന്നെ കാമിക്കുന്നതു ന്യായമല്ല. എന്നുമാത്രമല്ല, ഭർത്തൃവിരഹത്താലും, വിശപ്പിനാലും, ദാഹത്താലും ഏററവും മോഹിതയായിരിക്കുന്ന എന്നെ, ഭ്രാന്തു പറഞ്ഞു തടഞ്ഞുനിറുത്തി ക്ഷോഭിപ്പിച്ചു, നാശമണയുവാൻ നോക്കാതെ പോകുന്നതാണ് നല്ലതെന്നും നീ ഓർത്തുകൊൾക.

കിരാതൻ—(തലയാട്ടി) ഒ, നിനക്കു വിശക്കുന്നൊ?

തോടി-ഏകതാളം

കണ്ണികൾ

൧. പച്ചമാനിറച്ചികാച്ചിയതേനതിൽ
പിച്ചയല്ലിട്ടുഞാനവെച്ചിട്ടുണ്ടു
കൊച്ചുപെണ്ണേനീയെന്നാച്ചിയാകിൽകുടി-
വെച്ചുപോററുവൻനിന്നിച്ചപ്പടി
പശിയടക്കാംക്ലേശിക്കേണ്ടാ
വാശിവേണ്ടാപോകനാം
൨. കല്ലുംമണ്ണുംക്കൂട്ടിവെച്ചനൽചുമരും
പുല്ലുംതേക്കിലയുംചേർത്തുമേഞ്ഞും
തെല്ലുംചോരാതുള്ളനല്ലവീടുണ്ടതി-
ലല്ലൽകൂടാതൊത്തുവാഴാമെടൊ
തളച്ചയെങ്കിൽനടന്നിടേണ്ടാ
തോളിലേറാംപോകനാം.

(എന്ന് എടുപ്പാൻ ചെല്ലുന്നു)

ദമയന്തി—(ഒഴിഞ്ഞുമാറി കോപത്തോടെ)

ഹുൽറോജ്-ആദിതാളം.

പല്ലവം

എടമൂഢാ! മിണ്ടാതെ ദൂരെ
പ്പോടാതീണ്ടാതെ.

ചരണങ്ങൾ

൧. മൃതശരഭ്രാന്തിയാൽ മതിമറന്നീവിധം
ഭീതയാമെൻറനേരെ കൈതവം തുടരാതെ— എട
൨. പതിവ്രതമാരുടെ ധർമ്മമഴിയ്ക്കുവാൻ
മുതിരും മഹാപാപികൾ ഗതി നീയും തേടീടാതെ— എട

(എന്നു പോകുവാൻ ഭാവിയ്ക്കുന്നു)

കിരാതൻ— (തടഞ്ഞ്)

ശങ്കരാഭരണം— ആദിതാളം

കണ്ണികൾ.

൧. പങ്കജബാണൻ സങ്കടമേററം മങ്കകളണിമൌലെ;
എങ്കൽ ചേർപ്പതു കണ്ടും കൊണ്ടു നീ ഇങ്ങിനെ തുടങ്ങരുതെ.
൨. വങ്കടൽ പോലെ പരന്നു കിടക്കും വങ്കാട്ടിൻ നടുവിൽ
ശങ്കാഹീനം സഞ്ചാരം തവ ചേരുവതൊ തനിയെ.
൩. പൊങ്കലശത്തോടങ്കമിടും തവ കൊങ്കകളാലെന്ന്യെ
സങ്കടമേതും തീരുവതാണോ പങ്കേരുഹനയനെ!

(എന്നു പിടിപ്പാൻ ചെല്ലുന്നു)

ദമയന്തി—

ബിഹാക്— ആദിതാളം.

പല്ലവം

മാമുനിമാരുടെ വരം ഫലിയ്ക്കുകിൽ
ഭീമമാകും നിൻ ശരീരം

ചരണം

താമസമെന്നിയെ ഭസ്മമായിപ്പോക പാതിവ്രത്യ-
മാമയെ മെന്ന്യെ ഞാൻ പരിപാലിച്ചീടുന്നുണ്ടെങ്കിലും— മാമു

(എന്നു ശപിയ്ക്കുന്നു)

കിരാതൻ— (ഭസ്മീഭവിയ്ക്കുന്നു)

ദമയന്തി— കഷ്ടം! കഷ്ടം! നിർഭാഗ്യയായ എനിയ്ക്കു് എന്തെല്ലാം ഉപദ്രവങ്ങളാണു് നേരിടുന്നത്. (മേല്പോട്ടു നോക്കി) ഹാ! ആര്യപുത്ര!

ധന്യാശി— ചാപ്പ്

പല്ലവം

കഷ്ടം! ഞാനെന്തനിഷ്ടം ചെയ്തു തിനാലൊ

അനുപല്ലവം

കാട്ടിൽമാമനാഥയായിട്ടുപോയതുംനാഥാ! — കഷ്ടം

ചരണങ്ങൾ

൧. കാട്ടുജന്തുക്കളുംകാട്ടാളരുംവട്ട-
മിട്ടുകൊട്ടയാട്ടുംമട്ടിലായെൻസ്ഥിതി— കഷ്ടം

൨. ഘോരവിരഹാഗ്നിയേറിനീറീട്ടുടൽ
പാരമെരിയുന്നുമരണമടുത്തുണ്ടാം— കഷ്ടം

൩. മൃതയായ് ഞാനെന്നതുകാതിൽപെട്ടാലെന്നെ
സ്മൃതിചെയ്തീടേണമെ സ്നേഹസദൃശമായ് — കഷ്ടം

(എന്നു മോഹിച്ചു വീഴുന്നു)

(അണിയറയിൽ) ഹാ ദേവി വൈദർഭി!

ദമയന്തി—(ആശ്വസിച്ച് പെട്ടെന്നെഴുന്നേററ്) അഹൊ! ഗംഭീരമായും മധുരമായുമുള്ള ആര്യപുത്രന്റെ ശബ്ദം കേൾക്കുന്നപോലെ തോന്നുന്നുവല്ലൊ. (ആലോചിച്ച്) അല്ലെങ്കിൽ ആര്യപുത്രനെവിടെ. മനസ്സിലുള്ള ആ വിചാരംതന്നെയാണ് വല്ല ശബ്ദവും കേൾക്കുമ്പോൾ ആര്യപുത്രന്റെ ശബ്ദമാണെന്ന് എന്നെ ഭ്രമിപ്പിയ്ക്കുന്നത്.

അണിയറയിൽ പിന്നെയും

പാരംതളൎന്നുസുഖമായൊരുമിച്ചുറങ്ങു-
ന്നേരത്തുശീഘ്രമൊരുവ്യാഘ്രമടുത്തെടുത്ത്
താരാധിനാഥവദനേതവഭാഗ്യമൂലം
ഘോരാടവീനടുവിലിട്ടുവധിച്ചിടാതെ.

ദമയന്തി—(കേട്ടതായി നടിച്ച്) എന്ത്, ആര്യപുത്രൻ ഈ വനത്തിൽതന്നെ ഉണ്ടെന്നൊ. ആവൂ ഈശ്വര! ഞാൻ ജീവിച്ചു

(എന്നു ചുററിനടക്കുന്നു)

(അണിയറയിൽ വീണ്ടും) ഹാ ദേവി! ഭവതി എവിടെയാണ്. നരിയുടെ കയ്യിൽ അകപ്പെട്ടതിനാൽ തന്നെ നന്നെ തളൎന്നിരിയ്ക്കുന്ന ഞാൻ, ഭവതിയെ തിരഞ്ഞുനടന്ന് വീണ്ടും തളരുന്നു.

ദമയന്തി—അയ്യൊ കഷ്ടം! ഞാൻ ആര്യപുത്രന്റെ വാക്കുകളെ കേൾക്കുന്നുണ്ടെങ്കിലും അദ്ദേഹത്തെ ഒരിടത്തും കാണുന്നില്ലല്ലൊ. (എന്നു ധൃതിയോടെ ചുററിനടക്കുന്നു)

(അനന്തരം നളരൂപം ധരിച്ചു കലി പ്രവേശിക്കുന്നു)

കലി— ദേവി! ഞാൻ ഭവതിയുടെ ഭാഗ്യത്താൽ ജീവിച്ചു.

ദമയന്തി— (നോക്കി വിചാരം) എന്താണ് എനിയ്ക്ക് അന്യപുരുഷന്മാരെ ദർശിക്കുമ്പോളുണ്ടാകുന്നപോലെ ലജ്ജതോന്നുന്നത്. (എന്നു മുഖം താഴ്ത്തിനിൽക്കുന്നു)

കലി— (വിചാരം) എന്താണിവൾക്ക് ഇങ്ങിനെ ലജ്ജ തോന്നുവാൻ കാരണം. പക്ഷെ വിവാഹം കഴിഞ്ഞിട്ട് അധികകാലമായിട്ടില്ലാത്തതിനാൽ നൈഷധനെ കാണുമ്പോൾ ഇങ്ങിനെ ലജ്ജിയ്ക്കുക പതിവായിരിയ്ക്കാം. (സ്പഷ്ടം)

ബിഹാക് — ചാപ്പ്.

ഗജിൽ

ഘോരവിപത്തൊഴിഞ്ഞോടിവന്നിങ്ങുനിൻ
ചാരവെനിന്നിടുമാറ്-കണ്ടാൽ
ദൂരവെനില്പൂയൊ ചാരത്തണഞ്ഞുടൽ
മുറുകെത്തഴുകയൊ മുരഹന്തകാന്തയാകുംതേ.
അതികഠിനംമതിമുഖിനിൻമനം
പതിയിവനെനേരെക്കൊണ്ടെവെ
സമ്മുഖമിങ്ങിനെതാഴ്ത്തിയററവും
വിമുഖയായ് നില്പതുമോർത്താൽ-അതി

ദമയന്തി— (വിചാരം) വാക്കുകൾ ആര്യപുത്രന്റെ വാക്കുകൾ പോലെ ഇരിയ്ക്കുന്നുവെങ്കിലും ചെവികൾക്കു കൌതുകം തോന്നുന്നില്ലല്ലൊ (എന്നു വിചാരത്തോടെ നിൽക്കുന്നു)

കലി— (കൈനീട്ടി തൊടുവാൻ ശക്തനല്ലാതെ പിൻവലിച്ച് വിചാരം) ഹാ! ഇതെന്തത്ഭുതം.

മുടക്കാംയജ്ഞംഞാനനവധിപൊടിയ്ക്കാംഗിരികളും
തടുക്കാംബ്രഹ്മൻതൊട്ടെഴമൊരസുരന്മാരെയഖിലം,
കടക്കാമംഭോധിം,വടിവൊടിവകൾക്കുള്ളെഴമൊരീ
മിടുക്കന്നിന്നോരത്തൊരുതൊടുവാൻപോലുമിവളേ.

(സ്പഷ്ടം) നാഥേ! വലിയ ആപത്തിൽനിന്നും ദൈവാനുഗ്രഹത്താൽ പിഴച്ചുപോന്ന എന്നെ അടുത്തു കണ്ടിട്ടുകൂടി എന്താണിത്ര ഉദാസീനതയോടെ നിൽക്കുന്നത്?

ദമയന്തി— (വിചാരം) എനിയ്ക്കു് എല്ലാംകൊണ്ടും വളരെ സംശയമായിരിക്കുന്നു. ഭഗവതി കാത്ത്യായനി! ഇവനാരാണെന്നു തിരിച്ചറിയിച്ച് എന്നെ രക്ഷിയ്ക്കണെ.

കലി— (സ്വരൂപത്തെ പ്രാപിയ്ക്കുന്നു)

ദമയന്തി— (കണ്ടു്) അയ്യൊ ഇവനാരാണ്. (എന്നു ഭയപ്പെട്ടു വിറയ്ക്കുന്നു)

കലി— (വിചാരം) എന്താണിവൾ ഇങ്ങിനെ ഭയപ്പെടുന്നത്. (തന്നെത്താൻ നോക്കി) അഹഹാ! ഞാനെങ്ങിനെയാണ് ഇങ്ങിനെയായിത്തീൎന്നത്, ഇനി പരമാൎത്ഥം പറകതന്നെ. ചതുരുപായങ്ങൾ എടുക്കേണ്ടിവന്നാലും വേണ്ടതില്ല. ഈ അവസരം തെററിച്ചാൽ പിന്നെ ഉത്സാഹം നിഷ്പ്രയോജനംതന്നെ.

(ദമയന്തിയെ നോക്കി മന്ദസ്മിതത്തോടെ സ്പഷ്ടം)

ധീരശങ്കരാഭരണം— ഏകതാളം

കണ്ണികൾ

൧. മറയുഗമാംകലിയെന്നെന്നെയറികസുന്ദരി!
മറിമാൻമിഴിപേടിപൂണ്ടുരുവിടാതെനീ.

൨. അരികിൽവന്നകാമപീഡതീൎക്കമെക്ഷണം
പരിരംഭവുംചെയ്തധരംനുകൎന്നിടട്ടെഞാൻ.

൩. പരിണയത്തിൻമുന്നെത്തന്നെനിന്നെക്കാമിച്ചേൻ
ദുരിതമേറുംനൈഷധൻതൻവലയിൽപെട്ടുനീ.

൪. പെരികെക്കോമളമുഖിളച്ചിട്ടുന്നതനിയെയിപ്പൊഴീ
പെരിയകാട്ടിൽവെച്ചുനിന്നെക്കാങ്കയാലിദം.

(എന്നാടുകന്നു)

ദമയന്തി— (ഒഴിഞ്ഞുമാറി)

തോടി— ആദിതാളം

പല്ലവി

അരിയപാപി! അരികിൽവന്നെൻ
ചാരിത്രത്തെത്തീണ്ടിടാതെ.

ചരണം.

ഹന്താ! വല്ലഭനേകനതറിഞ്ഞാ—
ശ്രാന്തചിത്തനുടെരൂപമണിഞ്ഞും

ചന്തമോടുതരമോർത്ത സമാസ്ത്ര
ഭ്രാന്തനായിവിടെവന്നതുരാത്മൻ!— അരിയ

കലി—(വിചാരം) ഹാ! ഹാ! ഇവരു മറുത്താണോ പുറപ്പാട്. ആകട്ടെ, (സ്പഷ്ടം)

ചെഞ്ചുരുട്ടി—ഏകതാളം

ചിന്ത്

൧. സ്നേഹമില്ലാതെനിന്നെഗഹനത്തിലിട്ടേപായ
ദേഹത്തെത്താൻസ്മരിച്ചീദേഹത്തെചാട്ടിടാതെ
അനാഗാമിനി! ഞാൻമുന്നമെതന്നെനിൻ
പൊന്നടികൾദാസനാണെഎന്നെവെടിഞ്ഞിടൊല്ലേ.

ദമയന്തി—

൨. പഞ്ചമഹാപാപി! നിൻ്റെവഞ്ചനയാൽതന്നെനാഥൻ
നെഞ്ചകംമറിഞ്ഞതെന്നുവഞ്ചകവര! ഞാനറിഞ്ഞേൻ
ഉന്മദവാരിധേ! ഒന്നുമേചൊല്ലിടാ-
തെന്നരികിൽനിന്നുടനെവന്നവഴിപോകശഠ!

കലി—

പോവാനൊവന്നു ഞാനുംകേവലംപെണ്മണിയേ!
പോവാനാണ്നീമുതിർന്നാൽപോവാനയയ്ക്കുമൊഞാൻ
മാരകോമരമായ് പാരവെതുള്ളുംഞാൻ
കരപാശയുഗ്മത്തിനാൽമുറുകെക്കെട്ടീടുംനിന്നെ

(എന്നു കാമപരവശനായി അടുക്കുന്നു)

ദമയന്തി—(ഭയപാരവശ്യങ്ങളോടെ) എടാ! മഹാപാപി! എന്നെ ദുഷിപ്പിക്കാതെ (എന്നു ധൃതിയിൽ ചുററി നടക്കുന്നു)

കലി—(തട്ടത്ത്)

ശങ്കരാഭരണം—ആദിതാളം

പല്ലവം

എന്തിനാണന്യഥാചിന്തനം

ചരണങ്ങൾ

൧. പന്തൊടിടഞ്ഞൊരുകൊങ്കകൾപുണരാതെ
ഹന്തവിട്ടുവന്നോകലിഞാൻനിന്നെ— എന്തി

൨. കണ്ണിലകപ്പെട്ടുകനകമുപേക്ഷി-
ച്ചീടുമിരക്കുംഭോഷൻഞാനോ— എന്തി

(എന്നു പിടിപ്പാൻ ചെല്ലുന്നു)

ദമയന്തി — (കഴിഞ്ഞ് അങ്ങുമിങ്ങുമോടി ഭയത്തോടും ഗൽഗദത്തോടും) ഹാ ദൈവമേ! ഹാ! നാഥാ! ഹാ! താതാ!

പാർസികാപി—ആദിതാളം

പല്ലവം

ദുരിതചരിതനിവനയ്യയ്യോ!

ചരണങ്ങൾ

൧. ചാരിത്രദൂഷണമതിയന്യശഠൻ
പരിത്രാണംചെയ്യുവാനാരയ്യോ- ദുരിത
൨. പതിതനിവനെന്നെസ്പർശിച്ചെന്നാൽ
പാതിവ്രത്യാഗ്നിയിൽവേകുവൻഞാൻ- ദുരിത

(എന്നു മോഹിച്ചു വീഴുന്നു)

(അണിയറയിൽ) എടാ, എടാ, സ്ത്രീകളുടെ ചാരിത്രഭംഗത്തിനൊരുമ്പെട്ടു നടക്കുന്ന ദുരാത്മാവേ! നീ നില്ക്ക്, നില്ക്ക്.

തടിച്ചുതടിതന്നിലെന്നാസികടത്തിവൻധാരയായ്
ത്തുടുത്തൊഴികിടുന്നാരാക്കുടുനിണത്തിനാൽ തന്നെ ഞാൻ
കെട്ടുത്തുവനെരിഞ്ഞിടുംകഠിനകോപവഹ്നിക്ഷണാൽ
തട്ടത്തമമനന്ദിനീംവിടുകയില്ലയെന്നാലുടൻ.

കലി—(അണിയറയിലേയ്ക്കു നോക്കി ഭയത്തോടും നിരാശയോടുംകൂടി) അഹോ! ദുർമ്മതിയായ ഈ ഭീമൻ എല്ലാം അപകടമാക്കിത്തീർത്തു. ബലവാനായ ഇവനോട് എതിർത്തുനിന്നിട്ടു പ്രയോജനവുമില്ല. പോകതന്നെ (എന്നു ഓടിപ്പോയി)

(അനന്തരം രഥാരൂഢരായി ഭീമനും സാരഥിയും മറ്റൊരു ഭാഗത്തുകൂടി പ്രവേശിക്കുന്നു)

ഭീമൻ— (രഥത്തിൽനിന്നിറങ്ങി) ദമയന്തിയെ എഴുന്നേല്പിച്ചു നിവൃത്തി ഉത്തരീയംകൊണ്ടു വീശി) മകളേ! ആശ്വസിച്ചാലും, ആശ്വസിച്ചാലും.

ദമയന്തി— (കണ്ണുമിഴിച്ചു നോക്കി) അഹോ! താതനോ?

കാപി—രൂപകം.

പല്ലവം

ജനകാ! തവഭാഗ്യഹീനയാം
തനയാഞാൻകൈതൊഴുന്നേൻ.

ചരണങ്ങൾ

൧. കാന്തനാംവേർപെട്ടുകാന്താരെഞാൻപെട്ട
സന്താപംചൊല്ലിയാലന്തമില്ലാഹന്ത- ജനകാ
൨. വാഹസംഗ്രഹിച്ചുവ്യാധനേകൻവന്നു
വാഹസത്തെക്കൊന്നുസാഹസംതുടർന്നാൻ- ജനകാ
൩. ആകനാളുംനോക്കിച്ചാകാതയയ്ക്കുവാൻ
പോകാഞ്ഞുശാപത്താൽകൊന്നേൻഞാനവനെ- ജനകാ
൪. നീചനാകുംകലിചാരിത്ര്യദൂഷണം
ആചരിക്കുംമുമ്പെത്രാണംചെയ്തുനീയും- ജനകാ

(എന്നു കരയുന്നു)

ഭീമൻ—(കണ്ണുകൾ തുടച്ച്) മകളെ! ദുഃഖിക്കേണ്ടാ, ദുഃഖിക്കേണ്ടാ. നിന്റെ കഥകളെല്ലാം ദിവ്യദൃഷ്ടിയാൽ കണ്ടറിഞ്ഞ നാരദമുനിമുഖേന ഞാൻ അറിഞ്ഞിരിക്കുന്നു. രഥത്തിൽ കയറുക. കുണ്ഡിനത്തിൽ ചെന്നതിന്റെ ശേഷം നാനാദേശങ്ങളിലേക്കും ചാരന്മാരെ അയച്ച്, ഭർത്താവിനെ അന്വേഷിപ്പിക്കാം.

ദമയന്തി—ആര്യപുത്രനില്ലാതെ എങ്ങിനെയാണ് ഞാൻ കുണ്ഡിനത്തിലേയ്ക്കു പോരുന്നത്?

ഭീമൻ—അങ്ങിനെ വിചാരിപ്പാനില്ല, എല്ലാം ഈശ്വരമതമല്ലെ?

(എല്ലാവരും രഥാരൂഢരായി പോയി)

നാലാമങ്കം കഴിഞ്ഞു.

# സംഗീതനൈഷധം.

## ഭാഷാനാടകം

## അഞ്ചാമങ്കം

(മലിനവേഷത്തോടെ ഭ്രാന്തചിത്തനായ
രാജാ പ്രവേശിക്കുന്നു)

രാജാ — (വിചാരത്തോടെ ചുററിനടന്ന്) ഹാ! പ്രാണേശ്വരി! ഭവതി എവിടെയാണ്?

ആഭേരി—ആദിതാളം

പല്ലവി.

തിരയാതില്ലൊരിടം ഞാനിവിടങ്ങളി-
ലരമതിലെങ്ങും
ചരണാങ്കിതഭൂതലം കാണ്മാൻ
തരമായില്ലയി തേ.

അനുപല്ലവി.

വരഭാഷിണി! ഗിരിവാരങ്ങൾ
സരസീരുഹപ്പൊയ്കകളും
ഭരമോന്നതതുംഗശൃംഗങ്ങൾ ഗഹ്വരനികരം
പരമിവകളിലെല്ലാം— തിര

ചരണം

ഭരണം ചെയ്തീടാനൊരു
തരവും കാണാഞ്ഞല്ലോ ഞാൻ
സ്ഥിരരാഗിണിയായുള്ളൊരു
വരവർണ്ണിനി നിന്നെ
പുരുകർക്കശവനേയൊരു
ശരണം പുനരിതി കരുതി
സ്വൈരമുറങ്ങവെ വിട്ടുനടന്നതിതോർത്താൽ
വിരയിപ്പതുചിതമോ— തിര

(അല്പം ആലോചിച്ചുനിന്നു ദീർഘനിശ്വാസം ചെയ്തു) കഷ്ടം! കഷ്ടം! ഇതുവരെ പ്രിയതമയെക്കുറിച്ചുള്ള എന്റെ അന്വേഷണം വ്യർത്ഥമായിട്ടുതന്നെ കലാശിച്ചു. ഇനി എവിടെ അന്വേഷിപ്പാനാണ്. (നേരെ നോക്കി) ഇതാ ഒരുകൂട്ടം എണങ്ങൾ സ്വൈരമായി മേഞ്ഞുനിൽക്കുന്നു ഇവയോടു ചോദിക്കാം.

മാഞ്ജി—ആദിതാളം

പല്ലവി

സാരംഗങ്ങളേ! നിങ്ങൾ കണ്ടിതോ
വിരഹാതുരയാമെൻ കാന്തയെ

അനുപല്ലവി

ചേരും നിങ്ങളും ആനനവും അഴ-
കേറും മിഴിയുഗം ശാന്തത ഇവയാൽ— സാരം

ചരണം

സോമനാകാണാകിൽ ആമയപ്പെട്ടമദി-
രാമമുഖംമൃദുശ്യാമളകുന്തളം
കോമളകംബുഗളംപൂമേനിയും
വാമമിഴിതൻ ചിലലക്ഷണങ്ങൾ — സാരം

(അല്പം മുമ്പോട്ടു നടന്നു വിചാരം) അഹൊ! നിൎഘൃണനായ എന്റെ സാന്നിദ്ധ്യം ഭയപ്പെട്ടെന്നപോലെ ഇവ നാലുപാടും ഓടിപ്പോകുന്നുവൊ. (മറെറാരുഭാഗത്തു നോക്കി) ഇതാ ഇവിടെ മയൂരകദംബങ്ങൾ ഉത്സാഹത്തോടെ ലാസ്യം ചെയ്യുന്നു. ഇവരോടു ചോദിച്ചുനോക്കാം.

ബിഹാഗ — ഏകതാളം.

പല്ലവി.

ബൎഹിണങ്ങളെ! എങ്ങെൻ വല്ലഭ
ഗ്രഹണംചെയ്യാതെചൊൽവിൻ.

അനുപല്ലവി

ഗൎഹനാചെയ്യാതെൻറതി-
നിൎഘൃണനെന്നൊന്നെന്നോടുള്ളും — ബൎഹി

ചരണങ്ങൾ

൧. വല്ലഭംവിരഹാഗ്നിയാൽ വാടിയഗാത്രം
വിളറിയവക്ത്രംകാതരനേത്രം
തളൎന്നുള്ളദേഹംകാണുമതതിമാത്രം
കളമൊഴിയെങ്ങുള്ളതെൻകളത്രം — ബൎഹി

(നോക്കി) എന്തു്, ഒന്നും അറികയില്ലെന്ന ഭാവത്താൽ നിങ്ങൾ പറന്നുപോകുവാൻ ഭാവിക്കുന്നുവൊ? അത്ര വ്യാജം.

൨. ഘനശകലരഹിതമാകിയകാലെ
ഘനകുതുകനലാസ്യംതുടൎന്നപോലെ
ഘനകേശികചഭാൎന്നതാലെ
ഘനഭ്രമമേററമിയന്നതിനാലെ — ബൎഹി

(അല്പം മുമ്പോട്ടുചെന്നു്) കഷ്ടം! ഇവയും, ഒന്നുംതന്നെ പറയാതെ പറന്നുവല്ലൊ. (വിഷാദത്തോടെ വിചാരം) ഹാ കഷ്ടം! പ്രിയാതിരസ്കാരത്താൽ ഞാൻ തിൎയ്യക്കുകളാൽ പോലും അ

നാദരിയ്ക്കപ്പെടുന്നുവല്ലോ. (എന്നു വിചാരവിഷാദങ്ങളോടെ സ്ഥിതിചെയ്യുന്നു.)

(അണിയറയിൽ)

നാട്ട—ആദിതാളം.

പല്ലവം

നളരാജൻചാരെവന്നാലും-തീയിൽനിന്നെന്നെ
തെളിവോടെ കൈകററിക്കൊണ്ടാലും

അനുപല്ലവം

കളവല്ലപരനില്ലാദഹനമോചനംചെയ്യാൻ
കളകൊല്ലരുനിമിഷകാലംപോലുംഭവാനിനി— നള

രാജാ—(കേട്ടതായി നടിച്ച് വിചാരം) അഹോ! ദഹനഭയത്താൽ ആരൊ എന്നെ വിളിച്ചു നിലവിളിയ്ക്കുന്നു. ആരാണ്, എവിടെയാണെന്നു നോക്കട്ടെ. (എന്നു ചുററിനടക്കുന്നു)

(അണിയറയിൽ വീണ്ടും)

ചരണങ്ങൾ

൧. ക്ഷിതിയും പദവികളുംസർവ്വവും
ചൂതിൽപോയതുംവനമകംപുക്കതും
മതിനേർമുഖിയാളാംഭൈമിയെ
മതിഭ്രമമൊടുവിട്ടുപിരിഞ്ഞതുമറിഞ്ഞേൻഞാൻ— നള

൨. ദവദഹനോഗ്രശിഖാമദ്ധ്യേ
അവശംവീണുടൽവെന്തിടുമെന്നെ
അവനംചെയ്യുന്നാൽനിന്നുടെ
വിവശതകളകലുംശിവമിനിമേലിയലും— നള

രാജാ—(ചെവിയോർത്ത്, അത്ഭുതത്തോടെ വിചാരം) ആശ്ചര്യം! ആശ്ചര്യം! എന്റെ കഥകളെല്ലാം വിളിച്ചു പറയുന്നുവല്ലോ. ആരും സാമാന്യനല്ല, നിശ്ചയം. ഈ സ്ഥിതിയ്ക്ക് എന്റെ വേർപാടിനുശേഷമുള്ള ദേവിയുടെ അവസ്ഥകളെക്കുറിച്ചും വല്ല അറിവുമുണ്ടെന്നു വന്നേയ്ക്കാം. അതിനാൽ ശബ്ദത്തെ പിന്തുടന്ന് അന്വേഷിയ്ക്കുതന്നെ.

(എന്നു ചുററിനടക്കുന്നു)

(അനന്തരം കാട്ടുതീമദ്ധ്യേ പരിഭ്രമിച്ചു ചുററിനടക്കുന്ന കാർക്കോടകൻ പ്രവേശിക്കുന്നു)

കാർക്കോടകൻ—(രാജാവിനെക്കണ്ടു്)

൩. വിരഞ്ഞിടേണ്ടിതാഞാൻ അഗ്നിയിൽ
മരണഭീതിവേദനകളൊടിവിടെ
സുരവരസദൃശ! ഭവാൻതന്നെ
ശരണമിതികരുതിയുഴറീടുന്നിതയ്യയ്യൊ- നള

രാജാ—(കാർക്കോടകനെക്കണ്ടു വിചാരം) കഷ്ടം! കഷ്ടം! ഇതാ, എന്നെപ്പോലെതന്നെ നിർഭാഗ്യവാനായ ആരൊ ഒരുവൻ,

ഘോരംകത്തിജ്വലിയ്ക്കുംവനശിഖിനടുവിൽ
പെട്ടുതൻഗാത്രമേററം
നീറുമ്പോളന്യഭാഗത്തൊരുവിധമണയു-
ന്നപ്പൊഴങ്ങാസ്ഥലത്തും
ചേരുന്നാച്ചൂടതേററിട്ടവനൊരുതുണയെ-
ന്നോർത്തുകൊണ്ടങ്ങുമിങ്ങും
പാരാതോടുന്നുവിത്ത്രംകിടുകിടെവിറപൂ-
ണ്ടാർത്തനായ് കേണുമേററം.

കാർക്കോടകൻ—(രാജാവിനെ നോക്കി ദീനഭാവത്തോടെ) മുനിശാപത്താൽ, ഇപ്രകാരം കാട്ടുതീയിൽ വേവുന്ന കാദ്രവേയനായ ഞാൻ ഭവാനെ ശരണം പ്രാപിക്കുന്നു. ദയാലുവായ ഹേ! വീരസേനാത്മജ! രക്ഷിക്കണെ, രക്ഷിക്കണെ. ദഹനമോചനത്തിന്നു മററാർക്കാണു് ശക്തിയുള്ളതു്!

രാജാ—(അടുത്തുചെന്നു്) അല്ലയൊ ഭുജംഗാധിപ! ഭവാൻ ഒട്ടും തന്നെ ഭയപ്പെടേണ്ട.

ശഹന — ആദിതാളം.

കണ്ണികരം

൧. രോഹിതാശ്വവരമതിനാൽ
തുഹിനസമാനംതീമേ.
അഹിവര! തൊട്ടിരിപ്പവരും
ദഹിയാബദ്ധവാഗ്നിയിലും.

൨. ഭവദഹനശിഖാമദ്ധ്യേ
അവശതയൊടുഴറാതെൻ
കൈകവലത്തേന്തുക ചതിനീ
ലവമപി ചെയ്തീടരുതെ.

(എന്നു കൈകനീട്ടി കാർക്കോടകനെ തീയിൽനിന്നു കയററുന്നു)

കാർക്കോടകൻ—(തിരിഞ്ഞു ചുമലിൽ കടിക്കുന്നു)

രാജാ—(കാർക്കോടകനെ തള്ളിനീക്കി വിചാരം) അയ്യോ കഷ്ടം! അയ്യോ കഷ്ടം! ദുഷ്ടനായ ഇവൻ ചതിച്ചുവല്ലോ. (തന്നത്താൻ നോക്കി) ഇവന്റെ വിഷത്താൽ, സകല കഷ്ടങ്ങളും നേരിട്ടുള്ള എനിക്കു വൈരൂപ്യംകൂടി സംഭവിച്ചുവല്ലോ. (കോപവ്യസനങ്ങളോടെ സ്വഗതം)

കാനഡ—ആദിതാളം.

പല്ലവം

ചപല! ഇതുതാനൊ പ്രത്യുപകാരം നന്ദനനെന്നെത്രയും
വിപിനദഹനൻതന്നിൽനിന്നു മോചിച്ചതിനു

അനുപല്ലവം

ഉപകാരം ചെയ്യുന്നവർക്കപകാരം ചെയ്യുന്നതും
പാപശീലന്മാർധർമ്മമുരഗമല്ലയോ നീയും— ചപല

ചരണങ്ങൾ

൧. എന്നുടെകഥകൾ ചൊൽകയാൽ-ദിവ്യനെന്നോർത്തും
മന്നവകുലധർമ്മമോർത്തും-കാരുണ്യംപൂണ്ടും
പന്നഗജാതികൾ ചപലന്മാരെന്നുള്ളതു-
മിന്നേരമോർക്കാതെവന്നുതുണച്ചതിനു— ചപല

൨. നന്നായുള്ളെൻഗാത്രവുമേവം-വികൃതമായ്തീർന്നു
മന്നിടവാസികൾക്കുമേററം-പരിഹാസത്തിനൊരു
പാത്രവുമായ്തീർന്നു നിസ്ത്രപനാം നിന്റെ
ആർത്തസ്വരങ്ങൾകേട്ടുതുണപ്പാൻവന്നതിനാലെ— ചപല

കാർക്കോടകൻ—(മന്ദസ്മിതത്തോടെ)

ഹരികാംബോധി—ആദിതാളം

പല്ലവം

കോപിയായ്ക്കേണം ഭൂപ കുലോത്തമ!

അനുപല്ലവം.

ഉപകാരംതാൻ ചെയ്തതെന്നറികനീ— കോപി

ചരണങ്ങൾ

൧. കുമതിയാംകലി തവ അകമലരിലേറി
അമരുന്നവൻമൂലമനർത്ഥങ്ങളിവയെല്ലാം— കോപി

വ. ഘോരമെൻവിഷത്താലെനീറിട്ടമ്പോൾനിന്നെ
ദൂരവെവിട്ടുമവൻസൈപരമാമന്നാൾമുതൽ— കോപി

ന. പിന്നെനീനിൻരൂപംമുന്നെപ്പോലാക്കുവാൻ
ഇന്നീതരും തുകിൽനന്നായ്ധരിച്ചാൽപോരും— കോപി

(എന്നു തുകിൽ കൊടുക്കുന്നു)

രാജാ—(വാങ്ങി, ലജ്ജയോടും താഴ്മയോടുംകൂടി)

കല്യാണി—ചായ്പ്.

പല്ലവം

ഉരഗനായക! പരമാത്മമറിയാതെ
നിരവധിപഴിച്ചേനല്ലോനിന്നെഞാനിപ്പോൾ

അനുപല്ലവം

പുരുബാധകൾകാന്താവിരഹമെന്നിവകളാൽ
ഒരുബോധമില്ലാതെത്തന്നപരാധംക്ഷമിയ്ക്കണം— ഉരഗ

ചരണം

എന്നുടയ ചരിതങ്ങളാകവെ
ഇന്നുനീവഴിപോലറിയ്ക്കയാൽ
വന്നുനീകാലത്രയജ്ഞനെ-
ന്നെനിക്കുബോധമെന്നിയ്ക്കഹോ
എന്നുമീനിൻകൃപയ്ക്കന്തരം
വന്നുപോകാതിരിയ്ക്കണം
ഉന്നതഗുണനിധെ! കനിഞ്ഞുട-
നൊന്നുപാർത്തരുളിടണം
എന്നെനിയ്ക്കുവന്നകുറ്റംവല്ലഭ
തന്നോടൊത്തുമുന്നെപ്പോലവെ
മന്നടക്കിവാണുകൊള്ളുവാൻതര-
മെന്നതെന്നൊടിന്നുതന്നെസുമതെ!— ഉരഗ

കാർക്കോടകൻ—എന്റെ വിഷം എപ്പോൾ ആ ദുഷ്ടനെ ബാധിച്ചുവൊ അപ്പോൾതന്നെ അവൻമൂലമുള്ള സകല ദോഷങ്ങളും നീങ്ങിയിരിയ്ക്കുന്നു. എന്നാൽ പൂർവ്വസ്ഥിതിയെ പ്രാപിയ്ക്കുന്നതിന്നു കുറെക്കാലം കഴിയേണ്ടിവരും. അതുവരെ,

മന്നവ! ബാഹുജഭാവമൊഴിച്ചുഭബാഹുകനെ-
ന്നൊരുനാമമൊടും

ചൊന്നഭജിയ്ക്കുകകോസലനായകനാംഋതുപ-
ർണ്ണനെഭക്തിയൊടും

രാജാ — ഭവാന്റെ നിയോഗംപോലെ ചെയ്യാം.

കാർക്കോടകൻ —

വന്നുഭവിയ്ക്കുമവൻവഴിയായ്ക്കലിബാധയശേ-
ഷാൽകന്നശുഭം
എന്നതുമല്ലറിവാൻതരമാസ്വതുമക്ഷവതീ-
മുറയൊക്കയുമെ.

(എന്നു മറയുന്നു)

രാജാ — (പരിഭ്രമത്തോടെ) അഹൊ ഇത്ര ക്ഷണം മറഞ്ഞുവൊ? കാന്തയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നറിവാൻ സാധിച്ചില്ലല്ലൊ. ഇനിയും ഞാൻ പൂൎവ്വസ്ഥിതിയെ പ്രാപിയ്ക്കുമെന്നു ജ്ഞാനാഢ്യനായ ആ ഭുജംഗാധീശ്വരൻ അരുൾചെയ്തിട്ടുള്ളതിനാൽ, ചിരകാലംകൊണ്ടെങ്കിലും എനിയ്ക്കു പ്രിയാസംഗമപ്രാപ്തിയുണ്ടാകുമെന്നതു തീൎച്ചതന്നെ. എന്നാൽ എത്രകാലം ഞാൻ ഈ മഹാവിരഹം സഹിയ്ക്കേണ്ടിവരുമെന്നും, അതിനിടയിൽ എന്റെ പ്രാണേശ്വരി ഏതെല്ലാം അവസ്ഥാന്തരത്തെ പ്രാപിയ്ക്കുമെന്നും ആരറിയാം. (ആലോചിച്ച് ദീൎഘനിശ്വാസംചെയ്ത് മേല്പോട്ടു നോക്കി)

മുഖാരി — രൂപകം

പല്ലവം.

ജീവനാഥെ!പാപിയാമെ-
ന്നാവശതകളാരറിയും.

ചരണങ്ങൾ

൧ ബോധമില്ലാതുറങ്ങുംനിന്നിൽ
ബോധഹീനനായെന്നാലും
ചെയ്തകൈതവഫലമശേഷം
കൊയ്തിടുന്നുഞാനിപ്പോൾ-മൽ— ജീവ

൨. വീതിഹോത്രവരത്താൽതീയിൽ
പതിയ്ക്കിലുംദഹിയാത്തമെയ്മേ
സതിമണെ!നിൻവിരഹാഗ്നിയാ-
ലതിയായുരുകുന്നയ്യൊ-മൽ— ജീവ

൩. പ്രതിശ്ലേഷമാർന്നാഗരത്തിര-
ത്തതിയിൽവീണരുണ്ടിട്ടംമേ
ഗതിയില്ലെന്നായ് വന്നിതന്യ-
ക്ഷിതിപസേവയാലെന്ന്യേമൽ- ജീവ

(വിചാരത്തോടെ അല്പനേരം നിന്ന്) അഥവാ, കാലദോഷത്താൽവരുന്നതെല്ലാം അനുഭവിയ്ക്കയല്ലെ തരമുള്ളു. ഇനി ഋതുപർണ്ണനെ ഒന്നു കാണുകതന്നെ. (പുറത്തുനടന്ന് നാലുപാട്ടുംനോക്കി ചാഞ്ചല്യത്തോടെ) അഹോ! ഈ വനം ഗംഭീരപുരുഷന്മാരുടെ മനോധൈര്യത്തെക്കൂടി ചലിപ്പിയ്ക്കത്തക്കവണ്ണം ഭയങ്കരമായിരിക്കുന്നു. (സൂക്ഷിച്ചുനോക്കി)

പരസ്സ—ആദിതാളം

പല്ലവം.

ഘോരാന്ധകാരപൂരിതം ഹര്യക്ഷമുഖ
ക്രൂരമൃഗനിവഹനിവസിതം അവിരതം.

ചരണങ്ങൾ

൧. ഭീമമഹീരുഹങ്ങൾ തിങ്ങിവിങ്ങിപ്പൊങ്ങിയും
ദ്യുമണികരം സമീരസഞ്ചാരവും തടഞ്ഞും
താമസിയായിട്ടും തമസ്വിനീചാരിതൻ
ധാമമെന്നപോലതിഭീകരം കാന്താരം— ഘോരാ
൨. ക്രീഡയാ ചരിച്ചീടും കരിയൂഥമദ്ധ്യേ ഹരി-
പ്രൌഢർ ചതിച്ചുടിച്ചു കുംഭങ്ങൾ പിളർക്കവെ
കുംഭികൾ മുറവിളിയിടകലർന്നു ജൃംഭിയ്ക്കും
ഗംഭീരസിംഹാരവം പ്രതിദ്ധ്വനിയ്ക്കും കാനനം— ഘോരാ

(ആലോചിച്ച് വിഷാദത്തോടെ) കഷ്ടം! കഷ്ടം! ഈ ഘോരാരണ്യത്തിന്റെ മറെറാരു ഭാഗത്തുതന്നെയാണല്ലൊ, അർദ്ധരാത്രിയിൽ, ക്ഷീണിച്ചുറങ്ങിയിരുന്ന പ്രിയതമയെ ഈ നൃശംസൻ തനിച്ചിട്ടുംവെച്ചുപോന്നത്. പുരുഷനായ ഞാൻകൂടി ഇപ്രകാരം ഭയപ്പെട്ടുകെ, ദേവി എന്തുമാത്രം ഭയപ്പെട്ടിരിയ്ക്കും. (വിചാരത്തോടെ നിന്ന് മേല്പോട്ടുനോക്കി) ഹാ ദേവി! ഭൈമി!

യമുനാകല്യാണി—ആദിതാളം.

പല്ലവം.

ഘോരവനേ അവനെയെവനെൻ
നീരജനേർവദനെ!

അനുപല്ലവം

സ്വൈരമാരക്കുമുണ്ടെന്നറികിൽ-ഈ
ക്രൂരനില്ലെന്നറിയെ വിറയെ പ്രിയെ!— ഘോര

ചരണങ്ങൾ

൧. പുരമതിൽസഖീജനനടുവിലിരിക്കുമ്പൊഴും
തുരഗഖുരപതനശബ്ദത്താലെ
പെരികെഭയപ്പെടുംനീഹരിവരഗർജ്ജനങ്ങൾ
തെരുതെരെച്ചെവികളിലണകവെഹൃദിഭയം
തിങ്ങിനടുങ്ങിമയങ്ങിമടങ്ങവെ— ഘോര

൨. ആളികളൊടുസഹിതയായ്കേളീവനെചില
കേളികൾചെയ്യവെതളരുംനീതാൻ
കാളമേഘമെഴുംരാത്രിയിൽവ്യാളങ്ങൾ
ഉടനുടനങ്ങുമിങ്ങുമെതിരിട്ടിരുട്ടിൽനിന്നെ
ഓട്ടിവരട്ടിവിരട്ടിയുഴട്ടവെ— ഘോര

(ആലോചിച്ച്) അഥവാ, ഉടനടിചെയ്ത എന്റെ അന്വേഷണം നിഷ്ഫലമായിത്തീർന്നസ്ഥിതിയ്ക്കു, ദേവി ഇപ്പൊഴും ഈ വനത്തിൽ തന്നെയുണ്ടെന്നു വിചാരിയ്ക്കുന്നതെങ്ങിനെ. വല്ലവിധവും ബന്ധുജനങ്ങളിൽ, ആരുടെയെങ്കിലും അടുക്കൽ ചെന്നു ചേർന്നിരിയ്ക്കാം എന്നു വിചാരിയ്ക്കുന്നപക്ഷവും,

അസാവേരി—രൂപകം

പല്ലവം

പാതിരാവിൽതാനെപോവാൻ
സതിമണിയവളാളാകുമൊ.

അനുപല്ലവം

ഖേദത്രാസക്ഷുൽപിപാസ-
യാദിയാലുടൽപാരംതളർന്നു— പാതി

ചരണം

ക്രൂരിരുട്ടിൽതപ്പിനടന്നും
അരിയകുണ്ടിൽപതിഞ്ഞും-കാതിൽ
ഹരിഗർജ്ജനങ്ങളണഞ്ഞും-ഭീയാൽ
കരിയൂഥമെതിർചെറഞ്ഞും-ചില
ദ്രുമഹത്തിൽചെന്നുചാഞ്ഞും-വല്ലികൾ
വരിഞ്ഞുമാംവിരഞ്ഞും-എല്ലാവം

ചാരുഗാത്രി കാൽനടയാലെ
ആരണ്യവിപഥങ്ങളിൽക്കൂടെ — ചാരു

(വ്യാകുലതയോടെ സ്ഥിതിചെയ്തു് വിചാരം) ഹാ! എന്റെ പ്രാണേശ്വരി, പിതാവിനേയോ മററു വല്ല ജ്ഞാതികളേയോ പ്രാപിച്ചുവെന്നറിവാൻ മാത്രം ഭാഗ്യമുണ്ടായിരുന്നാൽ, ഞാൻ എത്രമാത്രം കൃതാർത്ഥനായിരുന്നേനെ. (ആലോചിച്ചു മേല്പോട്ടു നോക്കി) ഹാ ദേവി! ബാധകളാലും, വിരഹാഗ്നിയാലും, നിമിഷംപ്രതി ശോകസാഗരത്തിൽ മുങ്ങിയും പൊങ്ങിയും വലയുന്ന ഈ പാപി ചെയ്തുപോയ കൈതവത്തെ വിസ്മരിക്കേണമെ; ഈ പ്രാർത്ഥന കേൾക്കേണമെ.

ധേനുക — രൂപകം

പല്ലവി

ഇനിയും മുന്നേപ്പോലെതന്നെ
നിനച്ചീടേണമെ - എന്നെ

അനുപല്ലവി

അതികൃതഘ്നനെങ്കിലും നിൻ
പതിയിൽ വിമതിയരുതിൽ സതിമണെ! — ഇന

ചരണം

അമരാസുരഭുജഗാസുര
ഭൂമണാളവരരഖിലം
സുമസായകകോമളഗണ
സമമിരന്നാണന്നനാളിൽ
കുമതിയാകുമെന്നിലൂന്നിയ
പ്രേമമണുവുമകന്നിടാതെ — ഇനി

(ആലോചനയോടെ ചുററിനടന്നു്) അഥവാ എന്താണു് സംശയിപ്പാനുള്ളതു്. കാർക്കോടകന്റെ വാക്കുകളാൽ ദേവിക്കു ഹാനിയൊന്നും വന്നിട്ടില്ലെന്നു നിശ്ചയിക്കാം. ഈ വനത്തിലെങ്ങും ഇല്ലെന്നു് എന്റെ അന്വേഷണഫലംകൊണ്ടും ഉറയ്ക്കാം. അന്യാശ്രയം ഒരുനാളും ദേവി സ്വീകരിക്കുന്നതുമല്ല. അതിനാൽ ബന്ധുജനങ്ങളിൽ ആരെയെങ്കിലും പ്രാപിച്ചിരിക്കും, നിശ്ചയം. ഞാൻ ഇനിയും ഈ കാട്ടിൽതന്നെ അലഞ്ഞുനടന്നിട്ടു് എന്താണു് പ്രയോജനം. ഇനി അയോദ്ധ്യയിൽ ചെന്നു് ഋതുപർണ്ണനെ കാണുകതന്നെ. (മേല്പോട്ടുനോക്കി) അല്ലയോ ഇന്ദ്രാദികളേ!

### തോടി—രൂപകം

പല്ലവം

സുരവരന്മാർനിങ്ങളുടെളും
വരമതിന്റെ ഫലമേവംതാനൊ?

അനുപല്ലവം

കേവലമെന്റെ ദാസനാകുന്നാവനൊട്ടു
ദേവനെതോല്പിച്ചുംകാനനംപൂകുവതും— സുര

ചരണങ്ങൾ

൫. അവനിയുംകൈവെടിഞ്ഞവൻവനെ
ആവാസവുംതുടർന്നേനെ
വിശ്വാസമോടുറങ്ങുംപ്രിയയെ
നിശ്ശങ്കംഞാൻവെടിഞ്ഞേൻ
ആശാനാഥന്മാർസുരേശാദികളാംനിങ്ങൾ
പേശലാംഗിഭൈമീവൈവാഹികബന്ധിന-
ദേശത്തിൽവെച്ചെന്നിൽവിശ്വാസമുണ്ടായി-
ട്ടാശ്രുതന്നൊരാശിസ്സതിന്റെ ഫലമിതുതാനൊ— സുര

(വിഷാദത്തോടെ ചുററിനടന്ന് വീണ്ടും മേല്പോട്ടുനോക്കി) ഇനിയെങ്കിലും, നിങ്ങൾ പ്രസാദിയ്ക്കുന്നുവെങ്കിൽ,

൬. നീലാരവിന്ദാക്ഷിയാംഭൈമിയ്ക്കൊട്ടും
മാലേശീടാതാകണം
മാലേതുമിന്നൊന്നിയ്ക്കുംവന്നീടാതെ
പാലിക്കാതങ്ങളേണം
ഭൂലോകത്തിൽമററുള്ളവനീശന്മാരാരും
ബാലനോടുതോററുകാടകംപുക്കെന്നും
പാലോലുംവാണിയെകൈവിട്ടുപോയെന്നും
ലീലാർത്ഥംജല്പിയ്ക്കാതിരിയ്ക്കയുംവേണം— സുര

(എന്നുപോയി)

അഞ്ചാമങ്കം കഴിഞ്ഞു.

# സംഗീതനൈഷധം

## ഭാഷാനാടകം

## ആരാമങ്കം

(സുദേവൻ എന്ന ബ്രാഹ്മണൻ പ്രവേശിക്കുന്നു)

സുദേവൻ— (വിചാരം) ഭൈമിയുടെ നിയോഗങ്ങളിൽ പ്രശ്നപദ്യത്തിന്നുള്ള സമാധാനം ഋതുപർണ്ണസൂദനായ ബാഹുകങ്കൽനിന്നു ഗ്രഹിപ്പാനും, രണ്ടാംസ്വയംവരവാർത്ത ഋതുപർണ്ണനെ അറിയിപ്പാനും സാധിച്ചു. എന്നാൽ, പുനർവ്വിവാഹകഥാപ്രസംഗംകൊണ്ടു ഋതുപർണ്ണനിൽനിന്നുദ്ദേശിച്ചിട്ടുള്ള ഫലപ്രാപ്തിയുണ്ടാകുമൊ എന്നറിയാതെ മടങ്ങുന്നതെങ്ങിനെയാണ്.
(എന്ന് ആലോചനയോടുകൂടി ചുററിനടക്കുന്നു)

(അനന്തരം മറെറാരു ഭാഗത്തുകൂടി
ഒരു വൃദ്ധകഞ്ചുകി പ്രവേശിക്കുന്നു)

കഞ്ചുകി— (വിചാരം) ആവൂ; ഇന്നലെ രാത്രി കണ്ണടയ്ക്കുവാൻ കഴിഞ്ഞില്ലെങ്കിലും, ബാഹുകനെ തിരുമുമ്പാകെ കൊണ്ടാക്കിയ ഉടനെ 'ഇനി നീ പോയി വിശ്രമിച്ചോളൊ' എന്നു കല്പിക്കുവാൻമാത്രം മഹാരാജാവിന്നു തിരുവുള്ളമുണ്ടായല്ലൊ, ഭാഗ്യം. ഇനി വീട്ടിൽചെന്ന് ഒന്നു കിടന്നുറങ്ങതന്നെ. (എന്നു ചുററിനടക്കുന്നു)

സുദേവൻ— (കഞ്ചുകിയെക്കണ്ടിട്ട്) ഇതാ ഒരു കാഞ്ചുകേയൻ. ഇയ്യാളോടു ചോദിച്ചാൽ വല്ല വിവരവും ഉണ്ടാകുമൊ. (ആലോചിച്ച്) അല്ലെങ്കിൽ എന്താണു സംശയിപ്പാനുള്ളത്.

ചെഞ്ചുരുട്ടി—രൂപകം

കണ്ണികൾ.

പ. നൃപരഹസ്യമഖിലാൽ-വൂകും
സേവകരുടെ ചെവിയിൽ-പോകും
ആവഴിയ്ക്കു വെളിയിൽ-പിന്നെ
വിപണവാർത്തയുമാകും.

എന്നാണല്ലൊ പ്രമാണം. അതിനാൽ, ചോദിയ്ക്കതന്നെ. (അടുത്തുചെന്നു സൂക്ഷിച്ചുനോക്കി)

൩. അപരിചിതനിന്നിവനും-തീരെ
ഭൂപവാർത്തകളും ഞാനും-നേരെ
സപദിചെന്നേതാനും-കേട്ടാൽ
കോപമാന്നിട്ടുംതാനും.

(ആലോചിച്ച്) ആകട്ടെ, ഒരുപായമെടുക്കാം. കഞ്ചുകിയെ നോക്കി) ഹേ! തനാരാണ്?

കഞ്ചുകി— (നോക്കി) ആരായാലെന്തുവേണം?

സുദേവൻ— ഞാൻ ചോദിക്കയാണ്.

കഞ്ചുകി— ഞാൻ പറകയാണ്.

സുദേവൻ— കണ്ടിട്ട്, ഒരു കാഞ്ചുകേയനെപ്പോലെ തോന്നുന്നു.

കഞ്ചുകി— അങ്ങിനെയിരിയ്ക്കട്ടെ, തനിയ്ക്കെന്തു വേണം?

സുദേവൻ— മഹാരാജാവിനെ ഇപ്പോൾ ഒന്നു കാണുവാൻ സാധിയ്ക്കുമൊ എന്നറിഞ്ഞാൽകൊള്ളാം.

കഞ്ചുകി— താനാരാണ്?

സുദേവൻ— ഞാൻ ഒരു ദേശസഞ്ചാരിയായ ബ്രാഹ്മണനാണ്.

കഞ്ചുകി— ബ്രാഹ്മണനാണെങ്കിൽ തരമില്ല.

സുദേവൻ— അതേന്താണ്? മഹാരാജാവിന്നു ബ്രാഹ്മണരോട് അത്ര വിരോധമുണ്ടൊ?

കഞ്ചുകി— മഹാരാജാവിന്നല്ല വിരോധമുള്ളത്.

സുദേവൻ— പിന്നെ ആൎക്കാണ്?

കഞ്ചുകി— എനിയ്ക്ക്.

സുദേവൻ— തനിയ്ക്കെന്താണ് വിരോധം?

കഞ്ചുകി—ഇന്നലെ ഏതൊ ഒരു ബ്രാഹ്മണൻ വന്ന്, മഹാരാജാവിനോട് എന്തൊക്കെയൊ കളവുകൾ പറഞ്ഞു. അതുകാരണം ഈയുള്ളവന്, ഇന്നലെ രാത്രി ഒന്നു കണ്ണടപ്പാൻകൂടി കഴിഞ്ഞിട്ടില്ല.

സുദേവൻ —(ചിരിച്ച്) എന്തെല്ലാം കളവുകളാണ് പറഞ്ഞത്? ബ്രാഹ്മണൻ കളവുപറഞ്ഞതുകൊണ്ട് തനിയ്ക്കുപദ്രവം വന്നതെങ്ങിനെ?

കഞ്ചുകി—(വിചാരം) നോക്കൂ, ഈ കൂട്ടരുടെ ഒരതിമോഹം. കൊട്ടാരവൎത്തമാനങ്ങൾ അറിയണമത്രെ. (ആലോചിച്ച്) അല്ലെങ്കിൽ ഈ വൎത്തമാനം അറിയാതെ ഇപ്പോൾ ആരാണുള്ളത്. (സ്പഷ്ടം) തന്റെ കൂട്ടുകാരന്റെ കളവുകൾ കേൾക്കണമൊ?

നാഗവരാളി — ആദിതാളം.

കണ്ണികൾ

൧. കാട്ടിൽവെച്ചോടിപ്പോയമരുമകനെ-ഒരു
നാട്ടിലുംകാണാഞ്ഞുഭീമരാജൻ

൨. വീണ്ടുംമകളുടെസ്വയംവരത്തെ-ഒന്നു
രണ്ടുനാൾക്കുള്ളിൽതന്നെനടത്തീടുവാൻ

൩. വേണ്ടുംവട്ടങ്ങൾകൂട്ടുന്നുണ്ടുപോലും-അവ
കണ്ടുംകൊണ്ടത്രെഇങ്ങുപോന്നുപോലും.

സുദേവൻ—അതിന്നു താൻ ഉറക്കമൊഴിച്ചതെന്തിനാണ്?

കഞ്ചുകി— സ്വയംവരത്തിന്നെഴുന്നള്ളുവാനുള്ള വട്ടങ്ങൾ കൂട്ടുന്ന തിരക്കുകൊണ്ട് ഉറങ്ങുവാൻ കഴിഞ്ഞില്ലെന്നു പറഞ്ഞാൽ കഴിഞ്ഞില്ലേ?

സുദേവൻ— (വിചാരം) അറിയേണ്ടതറിഞ്ഞു, ഇനി മടങ്ങാം. (സ്പഷ്ടം) എഴുന്നള്ളത്തുകൊണ്ടു കാൎയ്യമുണ്ടാകുമെന്നു തോന്നുന്നില്ല.

കഞ്ചുകി— (കോപഭാവത്തോടെ നോക്കി) എന്താ, മഹാരാജാവിന്നു യോഗ്യത പോരെന്നോ?

സുദേവൻ— അയ്യോ! ഞാൻ അങ്ങിനെ വിചാരിച്ചല്ല പറഞ്ഞത്. പത്തുപന്ത്രണ്ടു ദിവസത്തെ വഴിയുള്ള കുണ്ഡിനത്തിൽ ഒന്നുരണ്ടു ദിവസംകൊണ്ട്, ചെന്നുചേരുവാൻ സാധിക്കുമൊ എന്നു ശങ്കിച്ചാണ്.

കഞ്ചുകി—മഹാരാജാവിന്റെ വെയ്പുകാരൻ ബാഹുകൻ, തേർ നടത്തുവാൻ വളരെ മിടുക്കനാണ്, അറിഞ്ഞൊ?

സുദേവൻ—എങ്ങിനെയെങ്കിലുമാകട്ടെ, ഇപ്പോൾ കാണുവാൻ തരമില്ലാത്തസ്ഥിതിക്കു ഞാൻ പോകുന്നു.

കഞ്ചുകി—അങ്ങിനെയാകട്ടെ; ഞാനുംപോകുന്നു.

(എന്നു രണ്ടാളുംപോയി)

ഇങ്ങിനെ പൂൎവ്വാംഗം

(അനന്തരം ഒരു പൂട്ടിയ രഥത്തിന്നരികിൽ ചിന്താവിഷാദങ്ങളോടുകൂടി സ്ഥിതിചെയ്യുന്ന രാജാ പ്രവേശിക്കുന്നു)

രാജാ—(ദീർഘനിശ്വാസം ചെയ്തു) ഹാ! കഷ്ടം! കഷ്ടം!

പാർസിബിഹാക്—ധ്രുവരൂപകം.

പല്ലവം

ജീവിതമിനിമമകേവലംനിഷ്ഫലം

ചരണങ്ങൾ

൧. ജീവിതേശചരിയാലെഏവംനിരാകൃതനായ്
ഭുവിജീവശവംപോലെഅരനിമിഷം— ജീവി
൨. ദിക്പതികളെപ്പോലുമധികരിച്ചുള്ളമമ
മൈക്കണ്ണിയാളിന്നെന്നെധിക്കരിയ്ക്കയാൽ— ജീവി
൩. മതിബോധമെന്നിയെചെയ്തപിഴക്കിന്നെന്നിൽ
പ്രതികാരംമതിമുഖിതാൻതുടരുകയാൽ— ജീവി

(വ്യാകുലതയോടെചുററിനടന്നു വിചാരം)ഹാ! ദൈവമേ! ഇതു വാസ്തവമൊ, അതൊ, ഭൂസുരചാപല്യഫലമൊ. എന്നിലുണ്ടായിരുന്ന ദൃഢപ്രണയവും, തൻെറ പാതിവ്രത്യനിശ്ചയവും തീരെ നിരസിച്ച്, ഇപ്രകാരമുള്ള നീചകർമ്മത്തിന്ന് അവൾ വശഗയാകുമൊ. ഇതു വാസ്തവമായിരുന്നാൽ ബ്രാഹ്മണൻെറ ആപ്രശ്നത്തിൻെറ സാരമെന്ത്. ഇക്ഷ്വാകുകുലശ്രേഷ്ഠനായ ഋതുപർണ്ണൻെറ മുമ്പാകെ, ഇപ്രകാരം ഒരു വ്യാജകഥാപ്രസംഗം ചെയ്വാൻ മാത്രം ധൈര്യം, ആ ബ്രാഹ്മണനുണ്ടാകുമെന്നു വിചാരിയ്ക്കുന്നതെങ്ങിനെ. എന്നോടുകാണിച്ചിരുന്ന പ്രേമാനുരാഗങ്ങൾ വെറുംഭാവങ്ങൾ മാത്രമൊ അങ്ങിനെയായിരുന്നാൽ, പുരുഹൂതാദികളുടെ അർത്ഥനകൾപോലും നിരാകരിച്ചതിൻെറ സാരമെന്തായിരിയ്ക്കും. (ആലോചിച്ചു ദീർഘനിശ്വാസംചെയ്ത്) അഥവാ;

ആനന്ദഭൈരവി—ത്രിപുട.

കണ്ണികൾ

൧. അംഗനമാരിംഗിതങ്ങൾ എങ്ങിനെയറിഞ്ഞീടാവൂ
ഭംഗിവാക്കാൽപുമാന്മാരെസംയമംചെയ്യുന്നുബാഢം
൨. ഏകനെചിന്തിയ്ക്കുമുള്ളിൽഏകനിൽമന്ദാക്ഷംതൂകും
ഏകനോടുസല്ലാപിയ്ക്കുംഏകനേരമീമൂന്നുംചെയ്യും
൩. ശാഖതോറുംചാകരുന്നവാനരൻതൻചേഷ്ടപോലെ
മേഘവേണിജനമനംഒന്നിലുംനിലനിന്നീടാ.

(അനുശയത്തോടെ മേല്പോട്ടുനോക്കി) അല്ലയൊ ഭൈമി!

കാപി—ഏകതാളം

പല്ലവം

ഒരുജന്മംതന്നിൽതന്നെ നീയും
ഇരുജന്മഫലമടഞ്ഞാളല്ലൊ.

ചരണങ്ങൾ

ഫ. പൂതചാരിത്ര്യയായ് ചിരകാലം-വാണു
ചാതകവൃത്തിക്കെവം പുനരുടനൊരുങ്ങയാൽ— ഒരു
വ. ഭൂപകുലത്തിൽ ശുഭജനനം-പിന്നെ
പാപകർമ്മത്താലിപ്പോളധഃപതനംകൊണ്ടും— ഒരു
ജ. ധർമ്മപത്നീപദമാൻ ചിരംപുനർ
ശർമ്മമൊടപരൻെറപരിചര്യയ്ക്കൊരുങ്ങിയും— ഒരു

(വിചാരത്തോടെ ചുററിനടന്ന് മേല്പോട്ടുനോക്കി)

ഭൂരികല്യാണി— ചാപ്പ്

പല്ലവം

ധൂർത്തെ! ദുഷ്ടാപചിത്തെ! നീ-ഹാകഷ്ടമേവം

അനുപല്ലവം

തീർത്തല്ലോജന്മംമമ കേവലം നിഷ്ഫലമാക്കി— ധൂർത്ത

ചരണങ്ങൾ

ഫ. ദാരുണമാനസവികാരങ്ങൾ ഭീകരങ്ങൾ
ചാരുകടാക്ഷചാപമാധുര്യാദിയാൽമൂടിപ്പുറം— ധൂർത്ത
ഉ. വൈരിഹീനനായിരുന്നോരെനിക്കുഗ്രതരം
വൈരികളെവ്യാജതിരസ്കാരത്തിനാലുണ്ടാകിയ— ധൂർത്തെ
ഞ. കേവലമെൻ ഭൃത്യനാം പുഷ്കരൻ തന്നോടു ഞാൻ
ദേവനകർമ്മത്തിൽ ക്ഷണംതോററീടുമാറാക്കിവെച്ചു-ധൂർത്ത

(ആലോചിച്ചു വെറുപ്പോടെ) ഛീ! ആ ദുശ്ചരിതയെക്കുറിച്ചു ചിന്തിയ്ക്കുന്നതുതന്നെ പാപമാണ്. (ചുററിനടന്ന് ആകാശത്തിൽ ലക്ഷ്യംവെച്ച്) ഹേ! മഹാരാജഭീമ! ഭവാൻ അസതീരത്നമായ ഏകപുത്രിയെക്കൊണ്ട് ഏററവും ശോഭിക്കുന്നു. (ആലോചിച്ച്) അല്ലെങ്കിൽ ഷണ്ഡതുല്യനായ ആ വൃദ്ധനെ ഞാൻ എന്തിനാക്ഷേപിക്കുന്നു. എല്ലാം എൻെറ ആലോചനക്കുറവിൻെറ ഫലംതന്നെ, (എന്ന് ആലോചനയോടെ സ്ഥിതിചെയ്യുന്നു.)

(അണിയറയിൽ) മഹാരാജാവ് ഇതിലെ, ഇതിലെ.

രാജാ— (ചെവിയോർത്ത്) ഓ! ഋതുപർണ്ണൻെറ വരവായെന്നു തോന്നുന്നു. (ദീർഘശ്വാസം ചെയ്ത്) കഷ്ടം! കഷ്ടം!

നീലാംബരി— ആദിതാളം.

കണ്ണികൾ

ഫ. മന്നവകുലംതന്നിൽ എന്നെപ്പോൽ കാലദോഷം
വന്നവനന്യനുണ്ടൊ ചന്നാഗവിഭൂഷണ!

ദ. അന്നു കുണ്ഡിനപുരേനടിച്ചു സ്വയംവരേ
ചെന്നു ഞാൻപരിവാരസൈന്യസമേതം
ന. ഇന്നു സാകേതാധിപൻതന്നുടെസാരഥിയായ്
ചെന്നു ചേരുന്നപ്പുരേരണ്ടാംസ്വയംവരേ.

(എന്നു വിഷാദത്തോടെ സ്ഥിതി ചെയ്യുന്നു)

(അനന്തരം വിശേഷമായ വസ്ത്രാഭരണങ്ങൾ ധരിച്ചു ഋതുപർണ്ണനും വഴി കാണിച്ചുംകൊണ്ടു വാർഷ്ണേയനും മറെറാരു ഭാഗത്തു പ്രവേശിക്കുന്നു.)

ഋതുപർണ്ണൻ—(ശിരസ്സുതൊട്ടു്) അല്ലയോ ശീഘ്രമെ!

പാർസിബിഹാക്—ആദിതാളം

ഖണ്ഡം

ഹ. ഉത്തമാംഗമെന്നഭിമാനം-പുന
രൊത്തതല്ലറികതവന്നുനം
ചിത്തജന്മാൽസുരവരക്കും-നൃപ
സത്തമർമുതലഖിലക്കും-പരം
ചേർത്തഭീമജാതനുസംഗം-പൂജ്യ
മാത്ത!കാങ്കെനേടുമിതരാംഗം.

(ചുററിനടന്നു് ഉത്സാഹത്തോടെ)

ഭ. നേത്രങ്ങൾരണ്ടുമിന്നമിതരസം-ബഹു
ചിത്രംനുകരുമവൾസുഷമാരസം
ശ്രോത്രങ്ങൾമധുരവചസ്സുകളുംകേൾക്കും
ഗാത്രംവരിയുംബാഹുവല്ലികളുംപുന-
രാത്തതിതിക്ഷമധരോഷ്ഠങ്ങളുംമാറും
ചാർത്തിനിൽത്താമലച്ചെപ്പുകളും

ഒന്നു ചീഞ്ഞാൽ ഒന്നിനുവളം എന്നു പറയുന്നതു് എത്രയും വാസ്തവമാണെന്നുള്ളതു ഇന്നെനിക്കു് ബോദ്ധ്യമായി. എന്തെന്നാൽ, അന്നു വൈരസേനിക്കു് അപ്രകാരം ബുദ്ധിഭ്രമം ഉണ്ടായില്ലെങ്കിൽ ഇന്നെനിക്കു് ഈ ഭാഗ്യോദയം എങ്ങിനെയുണ്ടാകും. എന്റെ സൌകര്യംമാത്രം നോക്കിയാണു് സ്വയംവരം ഒരു ദിവസം നീട്ടിവെച്ചതെന്നു് ആ ബ്രാഹ്മണന്റെ വാക്കുകളിൽനിന്നും ധാരാളം ധ്വനിക്കുന്നുണ്ടു്. ഇനി ആലോചിപ്പാനുള്ളതു് ഈ രണ്ടുദിവസങ്ങൾകൊണ്ടു കുണ്ഡിനത്തിൽ ചെ

ല്ലുന്നതെങ്ങിനെയാണെന്നാണ്. അതും സാരഥ്യനിപുണനായ ബാഹുകനുള്ളപ്പോഴം എനിക്ക് അസാദ്ധ്യമായി തോന്നുന്നില്ല. (എന്നു ചുററിനടക്കുന്നു)

രാജാ—(ഋതുപർണ്ണനെക്കണ്ടു) ഇതാ, അദ്ദേഹം അടുത്തുവന്നു കഴിഞ്ഞു. ഇനി ജാഗ്രതയായി നിൽക്കതന്നെ.

ഋതുപർണ്ണൻ—(ബാഹുകനെക്കണ്ടു മന്ദസ്മിതത്തോടെ) ബാഹുക, എല്ലാം ഒരുക്കമായില്ലേ?

ബാഹുകൻ—എല്ലാം ഒരുക്കമായി ആരോഹണം ചെയ്യാം.

ഋതുപർണ്ണൻ—(തേരിൽകയറി) നിങ്ങളും കയറുകതന്നെ.

രണ്ടാളും—കല്പനപോലെ. (എന്നു മുൻഭാഗത്തു കയറി ഇരിക്കുന്നു)

ഋതുപർണ്ണൻ—എന്നാൽ കുതിരകളെ വിടുകയല്ലേ?

രാജാ—ഇതാ അടിയൻ വിടുന്നു

ഋതുപർണ്ണൻ—(ഉത്സാഹത്തോടുകൂടി)

തോടി—ധ്രുവരൂപകം

പല്ലവം

ശൃണുശൃണുബാഹുക! ദമസഹോദരീപരിണയാർത്ഥം
മുന്നം ചെന്നേൻ നന്ദിപൂർവ്വം

ചരണങ്ങൾ

൧. മന്നവൻനൈഷധൻതന്നുടെഭാഗ്യത്താൽ
അന്നവളെൻവശഗയായ്
വന്നതില്ലെന്നതെവേണ്ടു— ശൃണു

൨. ഇന്നുനിൻസാരഥ്യസാമർത്ഥ്യംകാട്ടുകിൽ
മന്നവരാരുണ്ടെങ്കിലും
തന്വിയെഞാൻകൊണ്ടുപോരാം— ശൃണു

രാജാ—(വിഷാദത്തോടെ വിചാരം) ഹാ! കഷ്ടം! ആ ഭാഗ്യംതന്നെയാണല്ലൊ, എന്നെ ഇപ്പോഴം, ഈ സ്ഥിതിയിലാക്കിയത്. (സ്പഷ്ടം) സ്വാമിൻ! അടിയൻ രഥം നടത്തുന്നതായാൽ, സമയത്തിന്നു കുണ്ഡിനത്തിൽ ചെന്നു ചേരില്ലെങ്കിലൊ എന്നുള്ള ശങ്കയേ വേണ്ട.

ഋതുപർണ്ണൻ—ആ വിശ്വാസംകൊണ്ടുതന്നെയാണ് താൻതന്നെ രഥം നടത്തേണമെന്നു നാം കല്പിച്ചതും. (രാജാവിനെ

സൂക്ഷിച്ചുനോക്കി) എന്നാൽ, തന്റെ ഇന്നത്തെ മുഖഭാവം കൊണ്ട് എന്റെ ഈ ഉദ്യമത്തിൽ തനിക്കുത്ര തൃപ്തിയില്ലാത്തപോലെ തോന്നുന്നുവല്ലൊ, അതെന്താണ്?

രാജാ—(വിചാരം) കഷ്ടം! കഷ്ടം! എന്റെ ആന്തരീകവികാരങ്ങൾ എത്രതന്നെ പണിപ്പെട്ടടക്കിയാലും, പിന്നെയും മുഖത്തു പ്രകാശിക്കുന്നുവല്ലൊ (ഉത്സാഹം നടിച്ചു സ്പഷ്ടം) സ്വാമിൻ! അടിയന്ന്, അശേഷം ഉത്സാഹക്കുറവില്ല. പക്ഷെ—(എന്നു വിരമിക്കുന്നു)

ഋതുപൎണ്ണൻ—(ജിജ്ഞാസയോടെ) ബാഹുക! എന്താണ്! താൻ "പക്ഷെ" എന്നുമാത്രം പറഞ്ഞു നിറുത്തിയത്. ഭൃത്യനെന്നും വിഭുവെന്നും, ഉള്ള നില ഇവിടെ ആവശ്യമില്ലാ. പറവാനുള്ളതു പറയാം.

രാജാ—സ്വാമിൻ! ആ ഭൈമി, ഇപ്രകാരമുള്ള സഹാസപരിശ്രമങ്ങളാൽ ലഭിക്കപ്പെടുവാൻ മാത്രം യോഗ്യയാണൊ എന്നടിയൻ ശങ്കിക്കുന്നു.

ഋതുപൎണ്ണൻ—(മന്ദഹാസത്തോടെ) താൻ അവളെ കണ്ടിട്ടില്ലാത്തതിനാലാണ് ഇങ്ങിനെ ശങ്കിക്കുന്നത്.

രാജാ—(വിചാരം) ചിരകാലദൎശനഫലമായി ഭൂരികഷ്ടങ്ങൾ അനുഭവിച്ചു കഴിഞ്ഞു.

ഋതുപൎണ്ണൻ—ആ വനിതാരത്നം.

കാപി—ആദിതാളം

കണ്ണികൾ

൧. സൎവ്വസുരാസുരനരചാരണഗ-
ന്ധൎവ്വാപ്സരകിന്നരഗണകാമ്യം
സൎവ്വലോകവനിതാജനപുരുതര
ഗൎവ്വഹരണനിപുണംഗുണരമ്യം.

൨. ഹരിഹരൻ സരസിജഭവനിവരുടെയും
ഹരിചരണഭജനരതർമുനികളുടെയും
അരിയശാന്തരസമിയലുംമിഴിയുഗഭൃ-
മരവിരയിതംകാന്തിപൂരിതം

രാജാ—(വിചാരം) ഇതുകൾ വാസ്തവങ്ങൾതന്നെ. പക്ഷെ, ഛിണ്ണഫണ്ണമണ്ഡനമായിരിക്കുന്നതാണ് ആ രത്നം എന്നിളേഹം

അറിയുന്നില്ല. (ആലോചിച്ച്) അഥവാ, എന്റെ ദഗ്ദ്ധഹൃദയത്തിൽ ആജ്യധാര ചെയ്യിപ്പാൻ ഞാൻതന്നെ ശ്രമിക്കയാണല്ലോ ചെയ്യുന്നത് (വൈരസ്യത്തോടെ) സ്വാമിൻ! കേവലം ഒരു സൂതനായ അടിയൻ ആ രാജകന്യകയുടെ സുഷമാവിലാസങ്ങളെ ആലോചിച്ചു വല്ലതും ഉണർത്തിച്ചതാണെന്നു ശങ്കിക്കരുത്. ഈ പുനർവ്വിവാഹത്തിനൊരുങ്ങിയതുകൊണ്ടു തന്നെ ആ ഭൈമി ചാരിത്രഭ്രഷ്ടയല്ലേ?

ഋതുപർണ്ണൻ—അതു സാരമില്ല. അകാരണം വൈരസേനിയാൽ നിരാകൃതയായ അവളിൽ ഈ പുനർവ്വിവാഹകാര്യത്തിൽ ആരും ദോഷാരോപണം ചെയ്കയില്ല. അശ്വഗതി കഴിയുന്നതും വേഗത്തിലാകട്ടെ.

രാജാ—(രഥവേഗം നടിച്ച്)

ബിഹാക്—ആദിതാളം.

പല്ലവം

ഋതുപർണ്ണരാജൻകുതുകമകാ-
ങ്ക്ഷിതുനേരംകുതിരകൾദ്രുതഗതിയെ.

ചരണങ്ങൾ

൧. അതിദ്രുതഗതിയാർന്നുനോക്കുംനേരംഗഗനത്തിൽ
കതിരവൻതന്നെമുന്നിലനുപദംകാണുകയാലെ— ഋതു

൨. പിന്നാക്കിവെയ്ക്കേണമിനൻതന്നെയെന്നുണ്ടൊരു മോഹ-
മെന്നുതോന്നുംകാണുന്നാകിലിന്നിവകളോടുംവേഗം— ഋതു

വാർഷ്ണേയൻ—(അത്ഭുതത്തോടെ വിചാരം)

സാരഥിയാരിവനോർത്താൽ
സുരപതിതൻസൂതനായമാതലിയോ
വിരുതേറുന്നൊരുമമനള-
നരവരനോമൂർത്തിപൂണ്ടമാരുതനോ.

ഋതുപർണ്ണൻ—(പരിഭ്രമത്തോടെ)

ദർബാർ—ആദിതാളം.

പല്ലവം

മന്ദമാക്കെടൊതേരിൻഗമനംനീ
മന്ദംപോകുകിൽപോരുംബാഹുക! മന്ദ

ചരണങ്ങൾ

൧. സ്യന്ദനത്തിൻക്ഷോഭംക്ഷീണിപ്പിക്കുന്നെന്നെ
ഉത്തരീയവുംവീണുപോയ്പിറകിൽ

ചെന്നൊട്ടുത്തുടൻകൊണ്ടുപോരികനീ— മന്ദ

൨. എന്നുമാത്രമല്ല നിന്നുണ്ടൊന്നുചൊൽവാൻ
നന്നുനിൻദൈവപുണ്യംഇന്നുബോധമായ്മേ
മന്നിലീസ്യന്ദനമൊന്നുറപ്പിയ്ക്കനീ— മന്ദ

രാജാ—(മന്ദസ്മിതത്തോടെ)

തോടി—ആദിതാളം

പല്ലവം

ഉത്തരീയമൊളന്തമാംഗിയാളെൻ

അനുപല്ലവം

ചിത്തകാംക്ഷയെന്നരുളുകമന്നവ— ഉത്ത

ചരണം

പരിണയോത്സവംനാളെക്കാലത്തല്ലോ
അരിയകുണ്ഡിനവുംപെരികെദൂരത്തല്ലോ
അരിമയാസ്സുഖംഅപ്പുരംചേരുവാൻ
ഹരിണനേർമിഴിയെഅപരൻകൈക്കലാക്കും— ഉത്ത

ഋതുപർണ്ണൻ—ബാഹുക! താൻ രഥം നടത്തുന്ന സ്ഥിതിയ്ക്ക് അല്പനേരത്തെ താമസംകൊണ്ടു ദോഷമൊന്നും വരുവാനില്ലെന്നെനിയ്ക്കറിയാം. രഥം ഉറപ്പിയ്ക്കതന്നെ.

രാജാ—ഇതാ രഥം നിറുത്തിയിരിയ്ക്കുന്നു. ഉത്തരീയം വീണുകിടക്കുന്നത് അതിദൂരത്താകയാൽ അതെടുപ്പാൻ അസാദ്ധ്യം തന്നെ. എന്നാൽ എന്താണ് അരുൾചെയ്യാനുള്ളതെന്നു വെച്ചാൽ അരുൾചെയ്യാം.

ഋതുപർണ്ണൻ—(വിചാരം) എന്തുപറഞ്ഞാണു ശ്രമപരിഹാരം ചെയ്യാൻ സമയമുണ്ടാക്കേണ്ടത്. (ചുറ്റുംനോക്കി) ആകട്ടെ, ഇങ്ങിനെചെയ്യാം. (ചൂണ്ടിക്കാണിച്ച് സ്പഷ്ടം)

ഗൌളിപന്ത—ആദിതാളം.

പല്ലവം

ദൂരാലൊരുതരുനില്പതുകാണ്കനീ

അനുപല്ലവം

പേരതിൻതാന്നിയെന്നറികെടോബാഹുക— ദൂര

ചരണങ്ങൾ

൧. തരുവതിൽനില്ക്കുംഫലങ്ങളോരായിരം
ഇരട്ടിദലങ്ങളുണ്ടപ്രകാരം
വിരിഞ്ഞതാരുകൾനാലുശതം ബത
വിരിയാതുള്ളവശതമൊരുദശവും— ദൂരാ

വ. ഇന്നതിൻ ചാരെ ചെന്നിവനേരെ
എണ്ണിവരികെടോ സൂക്ഷ്മമായ്ത്താൻ
സന്ദേഹത്തെതീൎപ്പാനാദ്യം
പിന്നതുകൊണ്ടൊരു കാൎയ്യവുമുണ്ടതി- ൪൦

രാജാ—നിയോഗംപോലെ (എന്നുപോയി മടങ്ങി) അല്ലയോ മഹാഭാഗ! എൻെറ ദൃഷ്ടികൾക്കു ഭവാൻ അരുളിച്ചെയ്തതെല്ലാം ശരിയായിട്ടുതന്നെ കാണപ്പെട്ടു. എന്നാൽ ദൂരത്തിലുള്ള ആ വൃക്ഷത്തിൻെറ ഫലദലകുസുമങ്ങളുടെ സംഖ്യ ഇത്ര തിട്ടമായി ഗണിച്ചതെങ്ങിനെയാണെന്ന് അടിയൻ ആശ്ചൎയ്യപ്പെടുന്നു.

ഋതുപൎണ്ണൻ—എനിയ്ക്കു ദിവ്യനായ ഒരു മുനിയിൽനിന്നും സിദ്ധിച്ചിട്ടുള്ള 'അക്ഷഹൃദയം' എന്ന വിദ്യയാലാണ് ഞാൻ അറിഞ്ഞത്.

രാജാ—(വണക്കത്തോടെ) എന്നാൽ വിരോധമില്ലെങ്കിൽ അടിയനു ഗ്രഹിച്ചാൽ കൊള്ളാമെന്നുണ്ട്.

ഋതുപൎണ്ണൻ—വിരോധമില്ലായിരുന്നു. പക്ഷെ, ഒരു വിദ്യ പകരം ഗ്രഹിച്ചല്ലാതെ ഈ വിദ്യ ആൎക്കും ഉപദേശിക്കരുതെന്ന് അദ്ദേഹം എന്നെക്കൊണ്ടു ശപഥം ചെയ്യിച്ചിട്ടുണ്ട്.

രാജാ—അതുകൊണ്ടു വിരോധമില്ല. എനിയ്ക്കു അശ്വഹൃദയം എന്ന വിദ്യ സ്വാധീനമാണ്. അതങ്ങോട്ടും ഉപദേശിക്കാം.

ഋതുപൎണ്ണൻ—എന്നാൽ വിരോധമില്ല.

(രണ്ടാളും അന്യോന്യം ഉപദേശിയ്ക്കുന്നു).

ഋതുപൎണ്ണൻ—ബാഹുക! ഇപ്പോൾ എൻെറ ശ്രമം തീൎന്നിരിയ്ക്കുന്നതിനാൽ രഥം പോകട്ടെ.

രാജാ—കല്പനപോലെ (എന്നു രഥവേഗം നടിയ്ക്കുന്നു.)

ഋതുപൎണ്ണൻ—ബാഹുക! ഈ സ്ഥലം ഏതാണ്?

രാജാ—ഇതു കുണ്ഡിനത്തിൻെറ വടക്കുപടിഞ്ഞാറുഭാഗത്തുള്ള തമാലവനമാണ്.

ഋതുപൎണ്ണൻ—ഏ! ഇത്രയായോ?

രാജാ—ഉവ്വ്, ഇവിടെനിന്നു കുണ്ഡിനത്തിലേയ്ക്കു മൂന്നുകാതം വഴിയേയുള്ളു.

ഋതുപൎണ്ണൻ—(വിചാരം) കഷ്ടം! സ്വയംവരം നാളെയാണല്ലൊ. അല്ലെങ്കിൽ ഇന്നു ഞാൻ വൈദൎഭീരമണനായേനെ.

രാജാ—ഇതാ കണ്ഡിനം സമീപിച്ചു.

സീമയററമണിമന്ദിരങ്ങളും
കേമമായമതിൽഗോപുരങ്ങളും
ഭീമബാഹുബലകാങ്കഭീമനാം
സോമവംശമണിതൻെറമന്ദിരം.

ഋതുപൎണ്ണൻ—ബാഹുക! രഥം ഗോപുരദ്വാരത്തിൽ നിറുത്തിയാൽ മതി.

രാജാ—ഇതാ ഗോപുരദ്വാരമായതിനാൽ രഥം നിറുത്തിയിരിയ്ക്കുന്നു.

ഋതുപൎണ്ണൻ—(താഴത്തിറങ്ങി) ബാഹുക! താൻ രഥം സൂക്ഷിച്ച് ഇവിടെ നില്ക്കു. ഞാൻ ഭീമനെച്ചെന്നു കണ്ടതിൻെറ ശേഷം വാൎഷ്ണേയനെ ഇങ്ങോട്ടയയ്ക്കാം.

രാജാ—കല്പനപോലെ.

ഋതുപൎണ്ണൻ—വാൎഷ്ണേയ വരു.

വാൎഷ്ണേയൻ—താഴത്തിറങ്ങി കല്പനപോലെ. (എന്നു പിന്നാലെ ചെല്ലുന്നു)

ഋതുപൎണ്ണൻ—(കുറച്ചുനടന്ന് വിചാരം) ഇതെന്താണ് ഇവിടെ ആഘോഷങ്ങൾ ഒന്നും കാണുന്നില്ലല്ലൊ,

കാണ്മതില്ലമണിതോരണങ്ങൾകുലവാഴ
നാട്ടിയതുമെങ്ങുമെ
കാണ്മതില്ലപരഭൂമിപാലരുടെസേന
തേർകൊടിഹയങ്ങളും
കാണ്മതില്ലജനസംഘവുംചപലവിപ്ര-
രാത്തിയൊടുചോദ്യവും
കാണ്മതില്ലപുനരൊന്നുമിന്നിവിടെയന്നു
കണ്ടതുകണക്കഹോ.

അഥവാ സ്വയംവരംതന്നെ ഇല്ലെന്നുണ്ടോ. (ഇച്ഛാഭംഗത്തോടെ).

കാപി—ആദിതാളം

പല്ലവം

ഭൂസുരഭാഷിതംഭോഷ്കുതാൻനൂനമല്ലൊ

അനുപല്ലവം

ഇന്നിഹഘന്നതെൻഭോഷത്വം

ചരണങ്ങൾ

൧. ഭാസുരഗാത്രിയിൽപ്രേമത്തിൻശക്തിയാലും
ഭൂസുരന്മാൎക്കേഴം ചാപല്യമോൎക്കാതെയും
കോസലനായകൻഞാനെന്നതോൎക്കാതെയും
ഇന്നിഹവന്നതെൻദോഷത്വം— ഭൂസുര

൨. ആരണവാക്യത്തിന്നനേരറിഞ്ഞീടാതെയും
മാരശരങ്ങളേററുമതിവെളിവില്ലാതെയും
പരിജനപരിഷ്കൃദപദവികൾക്രൂടാതെയും
ഇന്നിഹവന്നതെൻദോഷത്വം— ഭൂസുര

(ആലോചനയോടെ ചുററിനടന്നു്) അല്ലെങ്കിൽ, അന്നത്തെപ്പോലെ ആഘോഷങ്ങൾ ഈ രണ്ടാം സ്വയംവരത്തിന്നു വേണ്ടെന്നു വെച്ചായിരിക്കാം. ഏതായാലും ഭീമനെച്ചെന്നു കാണുകതന്നെ (എന്നു വാൎഷ്ണേയനാൽ അനുഗതനായിപ്പോയി)

(അനന്തരം നളഗാത്രത്തിൽനിന്നു പരവശനായ കലി ചാടി ഓടുവാൻ ഭാവിയ്ക്കുന്നു)

രാജാ— (കലിയെക്കണ്ടു്) അഹോ! ഇതാ ദുഷ്ടനായ കലി പുറത്തു ചാടി. (ചെന്നു തടുത്ത്)

കാംബോധി— ആദിതാളം

കണ്ണികൾ

൧. പലവക ചതിയുടെഫലമനുഭവിയാതേ
ഖലമതെ!പോയിടുന്നതെവിടേയ്ക്കടാതിഷ്ഠ.

൨. ചൂതുകളായിരുന്നു ചതിച്ചെന്നെത്തോല്പിച്ചതും
ക്ഷിതിയുംപദവികളുംഹരിപ്പിച്ചതുംപിന്നെ.

൩. വനത്തിൽപത്നിയാസ്സന്നുവസനംകൊത്തിപ്പറന്നു
വനസങ്കടങ്ങളെല്ലാംഭുജിപ്പിച്ചതുംപാൎത്താൽ.

൪. നൂനമെൻവാളിന്നിരയാക്കാതെനിന്നെയുടൻ
ഞാനയച്ചിടുന്നതൊമൂഢമതെ!തിഷ്ഠ.

കലി— (താഴ്മയോടെ)

മാളവഗൌളവം— ആദിതാളം

കണ്ണികൾ

൧, കാതരമിഴിയിൽകൊതിയാലെഞാൻ
കൈതവംതുടൎന്നെ–പാൎത്താൽ
കൈതവമല്ലാതെൻജാതകഫലംതാൻ
ഭൂതദയാവസതേ–നൃപ!

൨. രാജമണെ! ഞാൻ ചെയ്ത പിഴകൾക്കെല്ലാം
വ്യാജമല്ലതകം ഫലം - ഭൂപ
രാജഗരളമന്നനതളിയത്തുപോരയോ
ത്യജരോഷം സുമതെ! ക്ഷണം.

(എന്നു നമസ്കരിയ്ക്കുന്നു)

രാജാ— (വിചാരം) ഭീതനായി, ശരണാഗതനായ ഇവനിൽ ശസ്ത്രം പ്രയോഗിയ്ക്കുന്നതു ക്ഷാത്രധർമ്മത്തിന്നു വിരോധമല്ലേ. (ആലോചിച്ച്) ആകട്ടെ, ഇങ്ങിനെയാവാം. (സ്പഷ്ടം) രേ! ദുഷ്ട പാപചരിതനായ നിന്റെ സ്പർശനത്താൽ എന്റെ പാദങ്ങളെ ദുഷിപ്പിക്കാതെ എഴുനേൽക്ക്.

കലി— (എഴുനേറ്റു ഭയപ്പെട്ടു വിറച്ചു നില്ക്കുന്നു)

രാജാ — എനിയ്ക്കുകപ്പെട്ട കഷ്ടങ്ങളെല്ലാം എന്റെ കാലദോഷത്താൽ വന്നതാണെന്നു സമാധാനിച്ചു നിന്റെ സർവ്വാപരാധങ്ങളും ഞാൻ ക്ഷമിച്ചിരിക്കുന്നു. എന്നാൽ; (വാൾ ഊരിപ്പിടിച്ച്)

സാവേരി—ആദിതാളം

പല്ലവം

സമയമൊന്നു ചെയ്തിടേണമുടനെനീ- ഇല്ലെന്നാലസിയിതു
സമയം പാനം ചെയ്തിടും നിൻ ഗളരുധിരം.

അനുപല്ലവം

കുമതെ! പഴുതെ കൊതിക്കിനായിതേ
മമ ഭുജപാശങ്ങൾ ഭേദിപ്പതിന്നിനി— സമയ

ചരണം

എന്നെയും ഋതുപർണ്ണനൃപൻ തന്നെയും- കാർക്കോടകനാ*
ചന്നാഗവരനെയും ഭീ നരേന്ദ്രനെയും
എന്നെവർ സ്മരിക്കുന്നിതന്നവരുടലിൽനി
ന്നൊന്നണഞ്ഞുപദ്രവിക്കില്ലെന്നെന്നാസിതൊട്ടു— സമയ

കലി— (ഭയത്തോടെ) ഭവാന്റെ നിയോഗം പോലെ ചെയ്യാം

രാജ—എന്നാൽ വേഗമാകട്ടെ (എന്നു വാൾ നീട്ടുന്നു)

കലി—(വാൾ തൊട്ട്)

ഭവാനെയും കദ്രുജഭീമജയെയും
ദിവാകരാത്മകനരേന്ദ്രനെയും
എവൻ സ്മരിക്കുന്നവനെന്റെ ബാധാ-
ലവം ഭവിയ്ക്കാ ഭവനാണെ സത്യം.

രാജാ— എന്നാൽ പോവുക തന്നെ.

കലി— (ഉത്സാഹത്തോടെ ഓടിപ്പോയി)

രാജാ — (വിചാരം) കാൎയ്യങ്ങളെല്ലാം കാൎക്കോടകന്റെ വാക്കുകളനുസരിച്ചുതന്നെയാണു വരുന്നതു്. അതിനാൽ ഭൈമിയും, മറെറാരാൾക്കു സ്വാധീനയാകുന്നതല്ലെന്നും വരുന്നു. (പുറം നോക്കി) എന്നു മാത്രമല്ല. സ്വയംവരകാൎയ്യംതന്നെ സംശയമായിരിക്കുന്നു. എന്തെന്നാൽ;

പുരമിതിലൊരുഘോഷംപോലുമേകാണ്മതില്ലീ
നരവരനൊഴികെമററാരുമവന്നതില്ലാ
ധരണിസുരവചസ്സുംകേൾവിയെന്നാത്രയല്ലൊ
പരമിവകൾനിനച്ചാൽസംശയംതാൻവിചാരം

(അനന്തരം ഒരു ചേടി പ്രവേശിച്ചു്) പ്രിയസഖി എന്നോടിപ്രകാരം പറഞ്ഞിരിക്കുന്നു. "സഖി കേശിനി, ഒരു ദിവസംകൊണ്ടു പന്ത്രണ്ടു ദിവസത്തെ വഴിയുള്ള അയോദ്ധ്യയിൽനിന്നു ഋതുപൎണ്ണൻ വന്നു ചേൎന്നതു് അത്ഭുതമായിരിക്കുന്നു. അതു് അശ്വഹൃദയം സ്വാധീനമുള്ള ആൎയ്യപുത്രനെക്കൊണ്ടല്ലാതെ മററാരാലും സാദ്ധ്യമല്ല. പിന്നെയും, വിറകും തീയുംകൂടാതെതന്നെ ഋതുപൎണ്ണപാചകനാണെന്നു പറയപ്പെടുന്ന ആ ബാഹുകൻ നിമിഷനേരംകൊണ്ടു കൊടുത്ത സാധനങ്ങളെല്ലാം പാകം ചെയ്തുവത്രെ. അതിനാൽ നീ ചെന്നു് ആ ബാഹുകൻതന്നെയോ രഥം നടത്തിയതെന്നു, അങ്ങിനെയാണെങ്കിൽ വല്ല കാരണവശാലും അംഗവിലാസങ്ങൾക്കു കുറവു വന്നിട്ടുണ്ടെങ്കിലും, വാക്കുകൾക്കും വ്യാപാരങ്ങൾക്കും ആൎയ്യപുത്രന്റേതുകളോടു വല്ല സാമ്യവുമുണ്ടോ എന്നും അറിഞ്ഞുവരിക" എന്നു്. അതനുസരിച്ചു് ഞാൻ ആ രഥത്തിന്റെ സമീപത്തിൽ വന്നു ചേരുകയും ചെയ്തു. ഇനി വിവരങ്ങളെല്ലാം അറികതന്നെ.

(എന്നു ചുററിനടക്കുന്നു)

രാജാ — (ചേടിയെക്കണ്ടു്) ഇതാ ഭൈമിയുടെ സഖിയായ കേശിനി ഇങ്ങോട്ടുതന്നെ വരുന്നുണ്ടല്ലോ. ആകട്ടെ, ഇപ്പോൾ അവളിൽനിന്നു് എല്ലാം അറിയാം.

ചേടി— (അടുത്തുചെന്നു്) അപരിചിതനാണെങ്കിലും വിശ്വാസം തോന്നുന്നതുകൊണ്ടു ചിലതെല്ലാം ചോദിച്ചറിഞ്ഞാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടു്. വിരോധമുണ്ടാകയില്ലല്ലൊ?

രാജാ— ഭദ്രേ! യാതൊരു വിരോധവുമില്ല.

ചേടി— ഭൂരികല്യാണി—ചാപ്പ്

പല്ലവം

പറകെടൊആരുടെതേരിതു

അനുപല്ലവം

ദൂരദേശത്തിൽനിന്നുവന്നതൊ ഇന്നിതു— പറ

ചരണങ്ങൾ

൧. ചാരുവാംനീഇതിൽസാരഥിയൊപ്പം
കാരണമെന്തീപുരെസന്ധ്യയിലെത്തീടുവാൻ
പരിചൊടീശരതിൽവന്നവനാരെന്നതും
നേരുതാൻചൊല്ലീടണംകൗതുകമുണ്ടറിവാൻ— പറ

രാജാ— ടി രാഗം— ടി താളം

പല്ലവം

പറകനീആരെടൊമാനിനി

അനുപല്ലവം

കാരണമെന്തിന്നൊൻചാരവെവന്നീടുവാൻ— പറ

ചരണങ്ങൾ

൧. ധീരവരൻകോസലസാരഥിഞാൻബാലികെ
കാരണംഭൈമീപുനരുദ്വാഹംവന്നീടുവാൻ
പരഭൃതഭാഷിണി!ഭൂപതിസാരഥികൾ
ഇരുവരിൽ ബാഹുകൻഞാനെന്നുവേണ്ടുതവ— പറ

ചേടി— (മന്ദസ്മിതത്തോടെ)

൨. അക്കഥകേട്ടുഞാനിപ്പുരെവന്നതെന്നാൽ
ഘോഷകതാനല്ലൊപുനരുദ്വാഹവാർത്തയതും
അക്കഥപോരുമാനൈഷധൻതന്റെകഥ
ദിക്കിലെങ്ങാനമുണ്ടോ,ഭൈമിതൻതോഴിയഹം— പറ

രാജാ— (അനാസ്ഥയോടെ)

൩. നളനെയാർകണ്ടിതുകേൾപ്പാനുമില്ലെങ്ങുമെ
കളമൊഴിനൈഷധനെന്തോന്നിഹവേണ്ടുന്നതും
നളിനബന്ധുകുലഭൂപനെവൈദർഭിതാൻ
ആളയച്ചില്ലൊക്ഷണാലാഗതനാക്കിയതും— പറ

ചേടി—

൪. നേരുതാനെന്നാലതിൻകാരണംകേൾക്കഭവാൻ
വീരസേനാത്മജനെക്കാണുവാൻമാത്രമല്ലൊ

ആരണ്ടനേകനാളേക്കാസലലെ ചൺ ചൊന്ന
സാരമാം ചോദ്യത്തിനനന്തരം ചൊന്നാതെവൻ— പറ

രാജാ—(വിചാരം) ഇവൾ, എന്നെ പരീക്ഷിപ്പാൻവേണ്ടി ഭൈമിയാൽ നിയോഗിക്കപ്പെട്ടവളാണ്, നിശ്ചയം. പുനർവ്വിവാഹത്തിന്റെ കാര്യവും തീർച്ചയായല്ലൊ. ഇവരോട് എന്തിനധികം സംസാരിക്കുന്നു, ഇങ്ങിനെ പറയാം (സ്പഷ്ടം) അതു ബാഹുകനായ ഞാൻതന്നെയാണ്. എന്നാൽ, കാര്യവശാൽ ഭവതിയോടുള്ള സംഭാഷണം ഇപ്പോൾ നിറുത്തേണ്ടിവന്നിരിക്കുന്നു.

ചേടി—ശരിതന്നെ, ഇപ്പോൾ ആര്യൻ അസ്വതന്ത്രനാണല്ലൊ. ഇത്രയും എന്നോടു സംസാരിപ്പാൻ ഒരുങ്ങിയതിന്നു ഞാൻ ഭവാനോടു നന്ദിപറഞ്ഞുകൊള്ളുന്നു (എന്നു പോയി)

രാജാ—(ചുററിനടന്നു വിചാരം) അയോദ്ധ്യയിൽ വന്ന ബ്രാഹ്മണർ രണ്ടാളും, ഞാൻ അവിടെ ഉണ്ടോ എന്നറിവാൻവേണ്ടി ഭൈമിയാൽ നിയോഗിക്കപ്പെട്ടവരാണ്. എല്ലാംകൊണ്ടും അവൾ നിരപരാധതന്നെ. (മേല്പോട്ടു നോക്കി)

നവരസകാനഡ—ആദിതാളം.

പല്ലവം

അമലകമലവദനേ! ഞാൻതാൻ
അപരാധിയ ജമനേ!

അനുപല്ലവം

ആരണ്ണവാക്യത്തിൻ നേരറിയാതെ ഞാൻ
നിരവധി കോപിച്ചേനധികം പഴിച്ചേൻ ഹൃദി— അമല

ചരണങ്ങൾ

൧. സതികുലമകുടമണേ! എന്നെ—
ക്കാണുമതിന്നുതന്നെ
നിന്നുടെയത്നമശേഷമതെന്നാലും
ഇന്നുതിരിഞ്ഞുമറഞ്ഞു വിരോധവും— അമല

൨. ഇന്നവയെല്ലാമെയോർത്തഴൽ
ചേർന്നിടുന്നു ഹൃദി മേ
സന്നതഗാത്രി! യെന്നപരാധമൊക്കാതെൻ
സന്നിധിയിൽവന്നു തരികമുഖദർശനം— അമല

(എന്നു വിഷാദത്തോടെ സ്ഥിതിചെയ്യുന്നു)

(അനന്തരം വിരഹവിധുരയായ ദമയന്തി പ്രവേശിക്കുന്നു)

ദമയന്തി—(വിചാരം) ഞാൻ കേശിനിയുടെ വാക്കുകളെ വിശ്വസിക്കുന്നുവെങ്കിലും അംഗവൈരൂപ്യത്തിന്റെ സംഗതി എന്താണെന്നാണ് വിചാരിയ്ക്കേണ്ടത്. (എന്നാലോചിച്ചു നില്ക്കുന്നു).

രാജാ (ദമയന്തിയെക്കണ്ട്) അയേ! ഇതാ ഭൈമി,

വെഞ്ചുരുട്ടി — ചാപ്പ്.

കണ്ണികൾ

ക. വിരഹാനലശിഖയാൽവാടി
വരതനുവിൻധാടിമൂടി
ധൂമവ്യാപ്തസ്തംഭമോടി
സീമയാന്റലഞ്ഞാടിയാടി

വ. കുന്തലേററവുംസടയിണങ്ങി
ഹന്ത!പാണ്ഡുരാംഗണ്ഡമമങ്ങി
ദന്തച്ഛദത്തിൻരാഗംമങ്ങി
ഭന്തപാളികളേതാൻപൊങ്ങി

ന. ചട്ടലരനേത്രംകണ്ടിൽപ്പോയും
അട്ടത്തീട്ടുന്നീമട്ടത്തേൻവാണി
ഞ്ഞാനംവല്ലഭാഎന്നപിപ്പവാം
ചിഹ്നംമാത്രമോതീടുന്നു.

ദമയന്തി—(വിഷാദത്തോടെ വിചാരം) അല്ലയൊ ഭഗവതി കാത്ത്യായനി! പലപ്പോഴും എന്റെ സംശയങ്ങളും നിവത്തിച്ചുതന്ന ഭവതി ഈ അവസരത്തിലും എന്നെ രക്ഷിക്കേണമെ. (എന്നു രാജാവിനെ സമീപിച്ചു സൂക്ഷിച്ചുനോക്കി നില്ക്കുന്നു)

രാജാ—(വിചാരം) ഞാൻ നിമിത്തമായി എത്രയൊ ദുഃഖങ്ങൾ അനുഭവിച്ച ഇവളെ യഥാത്ഥശരീരം മറച്ചുവെച്ച് ഇനിയും ദുഃഖിപ്പിയ്ക്കുന്നത് എന്തിനാണ്. (എന്നു കാക്കോടകദത്തമായ തുകിൽ ധരിയ്ക്കുന്നു)

ദമയന്തി—(രാജാവിനെക്കണ്ടു വിവിധവികാരങ്ങളോടുകൂടി) ഹാ! ദൈവമെ! ഇതെന്റെ പ്രാണനാഥൻതന്നെ.

രാജാ—(അടുത്തുചെന്നു ഗൽഗദത്തോടെ) ദേവി! ഞാൻ ചെയ്ത സകല അപരാധങ്ങളും ക്ഷമിച്ച് ഇപ്പോഴും എന്നെ ഭത്താവെന്നുതന്നെ ഓമ്മിയ്ക്കേണമെ.

ദമയന്തി—ആൎയ്യപുത്ര! (വിരമിച്ചു കരയുന്നു)

രാജാ— ഘണ്ട— ചാപ്പു്.

പല്ലവം

ദുഷ്ടനാകുംകലിയെന്നുള്ളിൽ
പുഷ്ടഗൎവ്വംവാഴുകയാൽ.

അനുപല്ലവം

അവനിയുംമണിസദനംപുരുധന-
മിവകളഖിലവുംനഷ്ടമായപിൻ- ദുഷ്ട

ചരണം

(നമസ്കരിച്ചു്) കാട്ടിൽനിന്നെബോധശൂന്യാൽ
വിട്ടുപോയെൻനാഥെഞാനും
കാദ്രവേയകൃപയാലിന്നു
ഭദ്രംവന്നുഞാൻനിന്നോടുചേൎന്നു- ദുഷ്ട

ദമയന്തി—(രാജാവിനെ എഴുനേല്പിച്ചിരുത്തി)

കാപി-രൂപകം

ചിന്തു്

൧. പ്രാണനാഥ!വനപ്രാണികളെത്തന്നെ
ത്രാണംചെയ്യാനാക്കിയോ-എന്നെ
കാനനത്തിൽതാനെവിട്ടുപോയതെ-
ന്തേണധരാനന! നീ.

൨. ചാരത്തുതങ്ങുംനിന്നെക്കാണാഞ്ഞതങ്ങുംതന്നെ
ആരാഞ്ഞേൻഞാൻവിപിനെ-അത്ര
നേരത്തൊരുപെരുംപാമ്പെൻവാമപദം
ധീവര!ഗ്രസിച്ചാൻ.

൩. ബാധയാലെഞാനുംരോദനംചെയ്യവെ
വ്യാധനേകനരികെ-വന്നു
ഘോരഭുജഗത്തെക്കൊന്നുപിന്നെന്നെ
മാരമാലേകിനാൻഞാൻ.

൪. ഉന്നതനെഭസ്മമാക്കിനേനാകലി
വന്നുപിന്നെതടഞ്ഞാൻ-എന്റെ
ക്രന്ദനംകേട്ടെത്തിസ്യന്ദനത്തിൽതാതൻ
എന്നേയുംകൊണ്ടുപോന്നാൻ.

(എന്നു കരയുന്നു)

രാജാ—(കണ്ണുതുടച്ചു) ദേവി! ഇതുകളെല്ലാം ആലോചിച്ചുതന്നെ ഇതുവരെ ദുഃഖിച്ചു് എന്നോ ഇനിയും ഓരോന്നു പറഞ്ഞു ദുഃഖിപ്പിയ്ക്കുന്നതെന്തിനാണ്?

ദമയന്തി—ആര്യപുത്ര! പിന്നെ എപ്പോഴാണ ഭവാന് എന്റെ ഓൎമ്മയുണ്ടായത്?

രാജാ—അന്നുതന്നെ ഉണ്ടായി. പക്ഷെ, ദുഷ്ടനായ കലിയുടെ ആവേശശക്തിയാൽ അതു സ്വപ്നപ്രായമായിരുന്നു.

ബിഹാക്—ചാപ്പു

പല്ലവം.

കാന്തെ! ഏകാകാന്താരാന്തെ ഞാൻ

അനുപല്ലവം

ബന്ധൂകാധരി! നിന്നെവിട്ടുപോയതിൽപിന്നെ—കാന്തെ

ചരണങ്ങൾ

൧. ചപലനാംകലിയാലെകരിയാലെതരുപോലെ
വിപിനത്തിലിഴയ്ക്കപ്പെട്ടുററഞാൻകുഴങ്ങിവ— കാന്തെ

൨. വട്ടച്ചുററിക്കളിക്കുംകാട്ടുതീയ്യിൽപെട്ടു
പെട്ടുപോമെന്നുറച്ചുമട്ടുംകാൎക്കോടകനെ— കാന്തെ

൩. കയ്യാലങ്ങെററിവിട്ടുതോളുൽദംശിയ്ക്കപ്പെട്ടു
പയ്യെനീറുംവിഷാൽകലാഷിനോടൊയുംപെട്ടു— കാന്തെ

അതിന്നു ശേഷം മാത്രമെ എനിയ്ക്കു സ്ഥിരബോധമുണ്ടായിട്ടുള്ളു.

(ഒരു കഞ്ചുകി പ്രവേശിച്ചു്) വിവരമെല്ലാം അറിഞ്ഞു് അമ്മയൊന്നിച്ചു മഹാരാജാവ് ഇങ്ങോട്ടെഴുന്നെള്ളുവാൻ വിചാരിയ്ക്കുന്നതായി കല്പിച്ചിരിയ്ക്കുന്നു.

രാജാ—ദേവി! വാൎദ്ധക്യത്താൽ ക്ഷീണിച്ചിരിക്കുന്ന അവരെ ഇവിടത്തോളം നടത്തുന്നതു യുക്തമല്ല. നമ്മൾതന്നെ അങ്ങോട്ടുചെന്നു കാണേണ്ടതാണ്.

ദമയന്തി—ആൎയ്യപുത്രന്റെ ഇഷ്ടംപോലെ.

(എന്നു രണ്ടാളും പോയി)

ആറാമങ്കം കഴിഞ്ഞു.

# സംഗീതനൈഷധം

## ഭാഷാനാടകം.

### ഏഴാമങ്കം

(അനന്തരം ഒരു ചേടി പ്രവേശിക്കുന്നു)

ചേടി — (വിചാരം) ഇഷ്ടസഖി ഒരു വിധത്തിൽ തന്റെ ഭൎത്താവോടു ചേൎന്നു വിചാരിക്കുമ്പോൾ സന്തോഷംതന്നെ. എങ്കിലും ഇന്നുതന്നെ ഞങ്ങളെ വിട്ടു ഭൎത്തൃഗൃഹത്തിലേയ്ക്കു പോകുമല്ലൊ എന്നു വിചാരിക്കുമ്പോൾ ഉള്ള ഹൃദയശല്യവും ദുസ്സഹമായിരിക്കുന്നു. എന്തു ചെയ്യാം. ഈയുള്ളവൎക്കു കൂടക്കൂടെ ഇങ്ങിനെയുള്ള വ്യസനത്തിന്നു മാത്രമായിട്ടാണല്ലൊ സഖിയുടെ സ്നേഹം വന്നുകൂടിയിരിക്കുന്നത്. അന്നു, വിവാഹാനന്തരം ഭൎത്താവൊന്നിച്ചു പോയപ്പോൾ ഉണ്ടായ ദുഃഖം ഇന്നും മറന്നിട്ടില്ലാത്ത എനിക്ക് ഇപ്പോൾ സഖിയുടെ വേൎപ്പാടിനാൽ ഉണ്ടാവാൻ പോകുന്ന ദുഃഖം അനുഭവിക്കാതെ തന്നെ അറിയാം. (എന്നു വ്യസനത്തോടെ ചുററിനടക്കുന്നു)

മറെറാരു ചേടി — (പ്രവേശിച്ച് വിചാരം) ഈശ്വരകാരുണ്യം കൊണ്ടു പ്രിയസഖി ഭൎത്താവിനെ പ്രാപിച്ച് വിരഹശോകനിവൎത്തയായി. തന്റെ ആലോചനക്കുറവുകൊണ്ടു വന്നുചേൎന്ന ദൈന്യതയാൽ ലജ്ജിതനായി ഋതുപൎണ്ണമഹാരാജാവു പ്രഭാതത്തിൽതന്നെ അയോദ്ധ്യയിലേക്കു തിരിച്ചതിനാൽ അദ്ദേഹത്തോട്, പുനൎവ്വിവാഹവാൎത്താപ്രസ്താവത്തെക്കുറിച്ച് എന്തു പറയേണ്ടുവെന്നറിയാതെ കുഴങ്ങിയിരുന്ന മഹാരാജാവിന്നുണ്ടായിരുന്ന ഹൃദയശല്യവും നീങ്ങി. എന്നാൽ,

ബിഹാക് — ധ്രുവരൂപകം.

പല്ലവം

പതിവിരഹമെൻസഖിയ്ക്കുകന്നതുമൂലമായ്

അനുപല്ലവം

മുദിതംമനംസഖിവിരഹമോൎത്താതുരംമേ — പതി

ചരണങ്ങൾ

൧. ലോകമാകവെശൂന്യമായ്തീൎന്നുമേ
ശോകവാരാന്നിധിയതിൽമുഴുകീടുന്നുഞാൻ— പതി

൨. കഷ്ടമതിക്ഷണംഇഷ്ടജനവിരഹം
പുഷ്ടമായ്താൻഭുജിച്ചിരിക്കുമാറായിന്നഹൊ— പതി

(ആലോചിച്ച്) എങ്കിലും, ഈ ശുഭാവസരത്തിൽ എന്റെ മുഖത്ത് അല്പമെങ്കിലും ശോകവികാരം പ്രദൎശിപ്പിക്കുന്നത് അനുചിതമായിരിക്കുന്നതാണ്. ഏതെങ്കിലും, സഖിയുടെ നിയോഗപ്രകാരം കേശിനിയെ അന്വേഷിച്ചു പിടിച്ചുകൊണ്ടു പോകതന്നെ. (ചുററിനടന്ന് ആദ്യത്തെ ചേടിയെക്കണ്ട്) കേശിനി നീ എന്താണ് ഇങ്ങിനെ മനോരാജ്യം ഭരിച്ചുകൂടിയിരിക്കുന്നത്? വരു, സഖി ഭൎത്തൃഗൃഹത്തിലേക്കു യാത്രയായല്ലൊ.

കേശിനി— സഖി ശംഖിനി! അവൾ പോയശേഷം, നമ്മുടെ അവസ്ഥയെക്കുറിച്ചുള്ള ചിന്തകളെക്കൊണ്ടുതന്നെയാണ് ഞാൻ മനോരാജ്യം ഭരിയ്ക്കുന്നത്.

ശംഖിനി— അവൾ ഈ മൂന്നുവൎഷം അനുഭവിച്ച വിരഹദുഃഖത്തിൽ ഉപരിയാണൊ നമുക്കു വരുവാൻ പോകുന്ന ദുഃഖം?

കേശിനി— അവരവൎക്കു വരുന്നത് അവരവൎക്കു വലിയതുതന്നെ.

ശംഖിനി— സഖി! അതെനിയ്ക്കറിവില്ലാഞ്ഞല്ല. പക്ഷെ, ഈ സമയത്ത്, നാം ധൈൎയ്യപ്പെട്ടിരിക്കാഞ്ഞാൽ അവളും ദുഃഖിയ്ക്കുന്നതാണല്ലൊ?

കേശിനി— അതു ശരിയാണ്.

ശംഖിനി— അവൾ ഇപ്പോൾ നമ്മളെ കാത്തിരിയ്ക്കുയാണ്. നമുക്കങ്ങോട്ടു ചെല്ലാം.

കേശിനി— അങ്ങിനെയാകട്ടെ.

(രണ്ടാളും പോയി)

ഇങ്ങിനെ പൂൎവ്വാംഗം.

ISHNAVILASAM READING
M. MAYINKEEL * WOO

(അനന്തരം രഥാരൂഢരായി രാജാവും ദമയന്തിയും വാൎഷ്ണേയനും പ്രവേശിക്കുന്നു)

തോടി—ആദിതാളം

പല്ലവം

വല്ലഭെ! കാണ്കനീകാലവൈഭവത്തെ
അല്ലണിവേണീജനമൌലിമണെ ശുഭെ!

അനുപല്ലവം

അല്ലലുംസൌഖ്യവുമല്ലുംപകലുംപോ-
ലല്ലയൊചേരുന്നുപ്രാണികൾക്കെല്ലാം— വല്ല

ചരണങ്ങൾ

൧. ക്രൂടംതന്നിൽതോററുനാടുവിട്ടന്നുനാം
ആടലോടടവിപൂകുവാൻപോകുമ്പോൾ
ആടലാൎന്നകന്നപൌരന്മാരെല്ലാവരും
കൂട്ടിയാക്കുമങ്ങുചെല്ലുമ്പോൾനാമിന്നു— വല്ല

൨. എന്നതല്ലദുഷ്ടൻപുഷ്കരൻതൻഗളം
തന്നിലെരുധിരംപാനംചെയ്യുന്നാസി
ഒന്നുകൂടിവീക്ഷംമന്നവഭോഗങ്ങൾ
ഒന്നൊഴിഞ്ഞിടാതെനാംഭുജിച്ചീടും— വല്ല

ദമയന്തി—നാഥാ! ബുദ്ധിയില്ലാത്തവനായ അവന്റെ വധത്തെക്കുറിച്ച് ആലോചിക്കപോലും ചെയ്യരുത്.

രാജാ—(മന്ദസ്മിതത്തോടെ)

ചെഞ്ചുരുട്ടി—ആദിതാളം

പല്ലവം

പുഷ്കരനവൻചെയ്തതെല്ലാംപുഷ്കരാക്ഷിനിൻ

അനുപല്ലവം

നിഷ്കപടമാംഹൃത്തിൽനിന്നുമാഞ്ഞുപോയിതൊ— പുഷ്ക

ചരണങ്ങൾ

൧. അധികമാംഗർവ്വത്താൽദൂതിനുവിളിച്ചതും
നേത്തിരിക്കുവെന്നമ്മെഅപഹസിച്ചതുംപിന്നെ
അവനിയിൽനിന്നവൻതള്ളിവിപിനംതന്നിൽ
അവശതയോടയച്ചതുമോക്കുന്നില്ലയൊ— പുഷ്ക

൨. വനഭുവിവിശപ്പിനാൽവലവെച്ചിരിക്കവെ
അന്നനയമൊട്ടുകലിദ്വാപരന്മാരെ
മിന്നൽപ്പെരുംവികിരങ്ങളാക്കിച്ചമച്ചയച്ച
വസനംപറിപ്പിച്ചതുമോക്കുന്നില്ലയൊ— പുഷ്ക

ദമയന്തി—അതെല്ലാം ശരിതന്നെ. എങ്കിലും കനിഷ്ഠനല്ലെ?

രാജാ—അതിനാലാണല്ലൊ അധികം വിരോധത്തിനു സംഗതി.

മററൊരുവൻ ചെയ്തിടുംകററമതെല്ലാം ക്ഷമിച്ചിടാം ദയിതെ!
ഉററവർ വൈരികളായാൽ പീററാതീരാ ഹരിക്കിലുംജീവൻ.

ദമയന്തി— അതും ശരിതന്നെയാണ്.

രാജാ— വാർഷ്ണേയ! താനെന്തു പറയുന്നു?

വാർഷ്ണേയൻ— സ്വാമി അരുളംചെയ്തതു ശരിയാണ്.

അന്യവംശജനതെങ്കിലുംഹൃദിനിനച്ചി
ടാതെയതികൌതുകാൽ
ദൈന്യമെന്നതറിയിച്ചിടാതെയനുജൻക-
ണക്കബഹുനാറംഭവാൻ
മാന്യ!പോററിയതുചെററുമുറംതല്ലിറിലോർത്തി-
ടാതെയിതുനാറംവരെ-
യ്ക്കന്യവൈരിയൊടുചേർന്നു ചെയ്തവനിനയ്ക്കി-
ലിന്നുനിഹനിയ്ക്കണം.

രാജാ— വാർഷ്ണേയ! നാം ഇങ്ങിനെയെല്ലാം ദുഃഖിച്ചിരിക്കവെ അവൻെറ കീഴിൽ വർത്തിക്കേണ്ടിവന്ന എൻെറ പ്രജകളുടെ സ്ഥിതി എന്തായിരിക്കം?

വാർഷ്ണേയൻ— സ്വാമി! അവരുടെ അവസ്ഥ എന്താണെന്നാലോചിപ്പാനുണ്ടോ?

നിശിശശധരനുടെനൻമൂള
ശിശിരകരസ്പർശാന്നകമുദങ്ങറം
പകലതിതീഷ്ണമതാകും
പകലവനുടെരശ്മിയേററമട്ടല്ലൊ?

രാജാ— (പുറവുംനോക്കി) വാർഷ്ണേയ! ഈ സ്ഥലമേതാണ്?

വാർഷ്ണേയൻ— സ്വാമി! ഇതു നിഷധപുരിയുടെ പൂർവ്വഭാഗത്തുള്ള മൈതാനമാണ്.

രാജാ— എന്നാൽ നമ്മുടെ പുരം സമീപിച്ചല്ലൊ?

വാർഷ്ണേയൻ—സ്വാമി! ദശിക്കാറായി,

രാജാ— (ഉത്സാഹത്തോടെ)

ഭൂരികല്യാണി— രൂപകം

പല്ലവം

കാണുകെടോനിഷധംകണ്ണിന്നാനന്ദൌഷധം

അനുപല്ലവം

പങ്കേരുഹാക്ഷി!മുന്നിലരികിൽ— കാണുക

ചരണങ്ങൾ

൧. ഉന്നതമതിൽഗോപുരങ്ങൾ
എന്നവയിലുമുയൎന്നുനിൽക്കും
പൊന്നാണിഹൎമ്മ്യനിരയും-നല്ല
മന്നാവമണിസദനോപരി
മിന്നുന്നമകുടകുടങ്ങളും— കാണെങ്കെടോ

൨. മതിലതുചുററിക്കിടക്കുംകിട-
ങ്ങതിനകമെഴുംജലത്തിൽ
മതിമുഖിതവവദനം,മുടി,
ഗതിയുംകണ്ടോളിച്ചുമരുന്നു
ഭീതിയോടബ്ജഭ്രമരമരാളങ്ങൾ— കാണെങ്കെടോ

വാൎഷ്ണേയൻ—സ്വാമി! ഇതാ ഗോപുരദ്വാരം സമീപിച്ചു.

രാജാ—എന്നാൽ രഥം നിറുത്തി കുതിരകളെ വിട്ട, ഇറങ്ങട്ടെ.

വാൎഷ്ണേയൻ—ഇതാ രഥം ഉറപ്പിച്ചു ഇറങ്ങാം, (ഇറങ്ങുന്നു).

രാജാ—(ദമയന്തിയൊന്നിച്ചിറങ്ങി) വാൎഷ്ണേയ! താൻ അകത്തു ചെന്നു പുഷ്കരനോട് ഇപ്രകാരം അറിയിച്ചുവരു.

ചൂതിൽ ചതിച്ചുനിജരാജ്യംപറിച്ചുവനരാജ്യംഭരിപ്പതിനുനീ
വാദിച്ചയച്ചനളനിന്നുംപുരത്തിലിതചേരുന്നുചൂതുപൊരുവാൻ
മോദിച്ചുരാജ്യമിതുവാഴേണമെന്നുഹൃദിതാല്പൎയ്യമെങ്കിലുടനെ
ചൂതിന്നുകോപ്പിടുകയല്ലെങ്കിലങ്ങുവഴിമാറിഗ്ഗമിയ്ക്കവെളിയിൽ

വാൎഷ്ണേയൻ—സ്വാമി! കല്പനപോലെ ചെയ്യാം. (എന്നു പോയി)

രാജാ—ദേവി! വാൎഷ്ണേയൻ തിരിച്ചുവരുന്നതുവരെ നമുക്ക് ഈ വൃക്ഷത്തിൻെറ ചുവട്ടിൽ ഇരിയ്ക്കുക.

ദമയന്തി—അങ്ങിനെതന്നെ. (രണ്ടാളും ഇരിക്കുന്നു)

രാജാ—(ചുററുംനോക്കി) ദേവി!

മാരരഞ്ജിനി—ആദിതാളം.

കണ്ണികൾ

൧. വൎഷംമൂന്നായിപ്പുരമിതുഖലൻ
വാഴന്നിന്നതിനാൽപലഭേദങ്ങൾ
വന്നിട്ടുണ്ടിവിടെചൊല്ലാമെല്ലാം
ദയിതെ!കുണ്ഡിനനാഥസുതെ!

൨. പുരത്തിനകമിടമില്ലാഞ്ഞിവിടയു-
മെങ്ങുംതിങ്ങീടിനവീടുകൾ
കാണ്മതുമില്ലിവിടെശഠൻതൻ
ദ്രോഹത്താൽവിട്ടെങ്ങാപോയിതവർ.
൩. ചെറുമരമനവധിയുണ്ടായിരുന്നൊരു
ഭാഗംമരുഭൂമിയുമായിതു
കിണറുംകുളവുമെല്ലാംനിരന്നിതു
കണ്ടാലുംപുഷ്കരൻചെയ്തതെല്ലാം
൪. ചൂതിൽചതിച്ചതുംസർവ്വവുംഹരിച്ചതും
പിന്നീടുള്ളവയെല്ലാംഞാൻ
ക്ഷമിച്ചിടാമെൻപ്രജകൾസഹിച്ചവ
ഓർത്താൽസഹിപ്പതിന്നൊങ്ങിനെഞാൻ

(അനന്തരം ഒരു ഭൃത്യനെക്കൊണ്ടു ചൂതുപടവും മററും എടുപ്പിച്ചു പുഷ്കരനും പിന്നാലെ വാർഷ്ണേയനും പ്രവേശിക്കുന്നു)

പുഷ്കരൻ—(വിചാരം) സകലവും എനിക്കു പണയംതന്നു വനവാസത്തിനു പോയവൻ ഇപ്പോൾ വീണ്ടും ചൂതിന് ഒരുങ്ങിവരാൻ എന്തായിരിക്കും സംഗതി. പക്ഷെ, ഭീമനെയൊ മററാ കണ്ടിരന്നു വല്ലതും സമ്പാദിച്ചുകൊണ്ടു വന്നിട്ടുണ്ടായിരിക്കാം. ആകട്ടെ, എന്തിനു വൈകിക്കുന്നു. ഉള്ളതു പിടുങ്ങി വീണ്ടും വനത്തിലേക്കുതന്നെ അയക്കുക. (ചുററിനടക്കുന്നു)

വാർഷ്ണേയൻ—(രാജാവിന്റെ അടുക്കൽചെന്നു) സ്വാമി! കല്പന അറിവിക്കയും ചൂതിനു സന്നദ്ധനായി ആയാൾ വരികയും ചെയ്തു.

രാജാ—ശരി, പോയി കുതിരകളെ വിശ്രമിപ്പിയ്ക്കൂ.

വാർഷ്ണേയൻ—കല്പനപോലെ (പോയി)

പുഷ്കരൻ—(രാജാവിനെക്കണ്ട് അടുത്തുചെന്നു ഹാസത്തോടെ)

നവരസം—ആദിതാളം.

കുഞ്ഞികം

൧. നന്നേവന്നതെന്തിപ്പോൾനള!ജലമാനസനീ
ഇന്നോവരെയാജ്ഞിച്ചവയെതന്നീടുവതിന്നോ.
൨. കന്നൽകണ്ണാളാംഭൈമിയുണ്ടല്ലീക്കൂടെ
നന്നായ്ത്തുന്നയായല്ലോവനവാസത്തിനായിനിയും.

ന. കാട്ടിൽസുഖമില്ലാഞ്ഞൊബതവനചരരെങ്ങാനും
ആട്ടിപ്പായിച്ചോപോന്നതുപട്ടികണക്കിഹനി
ർ. ഗാത്രംകൃശമാവാനെന്തെകാര്യനിഷങ്ങുവനെങ്ങതി-
മാത്രംകിട്ടാഞ്ഞൊനിയ്യോചൂതിനുവന്നവനും.

രാജാ—(കോപത്തോടെ)

കമാശി—ആദിതാളം.

കണ്ണികൾ

ഫ. പരിഹാസങ്ങളലമലംദുർമ്മതെ!
വരികെടൊചൂതിനുപോരുന്നാകിൽ
നാവിലൊവിരുതുകൾകാട്ടീടേണ്ടു
ചൂതിൽകാണാംജയമപജയവും— പരി
വ. മുന്നെപ്പോലെവരുമിന്നുമെന്നാത്തും
നിന്നകതാരിൽവേണ്ടടൊപുഷ്കര!
നിന്ദ്യന്മാരാമവരിപ്പുരയിൽ
എന്നുംവരികയുമില്ലിനിമേലിൽ— പരി

പുഷ്കരൻ—(ഭൃത്യനോട്) എടൊ, വിനയ! ചൂതുപടവും ചൂതും നിരത്തു.

ഭൃത്യൻ—കല്പനപോലെ (ചൂതുപടം നിരത്തി മാറിനില്ക്കുന്നു)

പുഷ്കരൻ—ഇരിയ്ക്കാം. (ഇരിക്കുന്നു)

രാജാ—ഭൈമി! വരു. (രണ്ടാളും ഇരിക്കുന്നു)

പുഷ്കരൻ—എന്നാൽ തുടങ്ങുകയല്ലെ? എന്താണ് പണയം?

രാജാ— തരുവൻകുതിരകൾരഥവും
സാരഥിയെയുംജയിച്ചുനീയെന്നാൽ
പറയുകപണയംജയമതു
തരമൊട്ടുഞാൻതന്നെനേടിടുന്നാകിൽ

പുഷ്കരൻ—അണിഭൂഷണവുംമുടിയും
ഗുണഗണമിയലുന്നമാത്യർനാൽവരെയും
ശ്രുണബതകുതിരപ്പടയും
പണയംതേരുംഗജങ്ങളെപ്പേരും.

രാജാ—എന്നാൽകളിച്ചോളു.

പുഷ്കരൻ—(കളിച്ച്) ശഹന— ആദിതാളം

കണ്ണികൾ

ഫ. ഇതരാരുകാണ്കനീവീരസേനാത്മജ!
നീരസമേതുംവേണ്ടിതുകൊണ്ടുതോ

രാജാ—൨. മതിമതിഞെട്ടിഞ്ഞതീകണ്ടതുകോളല്ലെടൊ
ആദ്യപെരുപ്പംതോൽമയ്യോളപ്പം
൩. വീണ്ടുംകളിപ്പതിൽകണ്ടിടാമല്ലൊ
കണ്ടിതംഞാൻചൊന്നവാക്കിനാൽവേണ്ട ാ!

പുഷ്കരൻ—(ചിരിച്ച്) ദൈവാധീനത്തിലിരിക്കുന്ന ജയവും അപജയവും. പിന്നെ ഒരുത്തൻ കിടന്നു ചിലയ്ക്കുന്നതിന്മേൽ എന്താണ് വിചാരിപ്പാനുള്ളത്. (കളിച്ചു വിഷാദം നടിക്കുന്നു)

രാജാ—(ചിരിച്ച്) ഏ! എന്താണ് വ്യസനിപ്പാനുള്ളത്? ഒരുവൻ കിടന്നു ചിലയ്ക്കുന്നതിന്മേൽ എന്താണ് വിചാരിപ്പാനുള്ളത്? (കളിച്ച്) പുഷ്കര! നോക്കിക്കൊൾക, ഒട്ടക്കം തകരാറു പറഞ്ഞിട്ടു കാര്യമില്ല.

പുഷ്കരൻ—ഒന്നുമില്ല കളിച്ചോളു.

രാജാ—(കളിച്ച്) ശങ്കരാഭരണം-രൂപകം.

കണ്ണികൾ

൧. പണയമായിവെച്ചതെല്ലാംഇനിയുമെന്തുതാൻ
പണയം വെച്ചിടുന്നതെന്നു ചൊൽകപുഷ്കര!

പുഷ്കരൻ—(മുടിയും ആഭരണങ്ങളും അഴിച്ചുവെച്ച്)
൨. അവനിയുംമൽഭണ്ഡാരവുമെന്നുവേണ്ടെടൊ
അവനിന്ദ്രസർവ്വവുംഞാൻപണയംവെച്ചിടാം

രാജാ—എന്നാൽകളിച്ചോളു.

പുഷ്കരൻ—(കളിച്ച്) ഈശ്വര! എന്താണിങ്ങിനെ (വിഷണ്ണനായി ഇരിയ്ക്കുന്നു)

രാജാ—൩. അവശഭാവംഎന്തിനേവംസഹജ! ചൊല്ലുനീ
അപജയപ്പെട്ടായൊമനസിധൈര്യംമാഞ്ഞിതൊ?

പുഷ്കരൻ—(കോപത്തോടെ)
൪. ജയവുമപജയവുമീശൻകരുണപോലല്ലൊ
ജയമിനിമേൽവരുമെനിക്കകാണ്കനൈഷധ!
(കളിച്ചു തല താഴ്ത്തുന്നു)

രാജാ—൫. സ്വപ്നമെല്ലാംസ്വസ്ഥനാകുംനേരത്തായിടാം
വിഘ്നമെന്യേഞാൻകളിപ്പതാസ്ഥകാണ്കനീ.
(കളിച്ച്കിരീടാഭരണാദികൾ ധരിച്ച്)

ശുദ്ധകല്യാണി—ആദിതാളം

പല്ലവം

ഇനിയൊരുഗതിവനവാസംഅല്ലെ-
ന്നാകിൽപണയംവെയ്ക്കനിൻദേഹം.

അനുപല്ലവം

ഇന്നിവരണ്ടിലേതിൽനിനക്കഭിമതംഎന്നാൽ
നന്നായുരചെയ്കനീയുംമറ്റുതാൻസമ്മതം— ഇനിയൊ

ചരണങ്ങൾ

൧. മുന്നംചൂതിൽചതിയാലെ-നീ
എന്നോടുപറിച്ചുവരിത്തുകാലെ
ഒന്നൊഴിയാതവയൊരുപോലെ കാൺക
ഇന്നുനമുക്കായ്വന്നിന്നാപജയത്താലെ- ഇനിയൊ

൨. വഞ്ചനയിനിലവലേശം നീ
നെഞ്ചിൽകരുതീടായ്കവരുംക്ലേശം
കിഞ്ചനവൈകീടാതെവദഉദ്ദേശം-ഏതും
അഞ്ചിടുന്നതാകിലതുമതിമോശം— ഇനിയൊ

പുഷ്കരൻ—(ആത്മഗതം) അയ്യൊ! ഈശ്വര! ഇനി എന്താണിവിടെ ചെയ്യേണ്ടത്. നിസ്സാരമായ ഈ ശരീരം ഇനിയും തോൽക്കുന്നപക്ഷം അന്യാധീനമായി വരുമല്ലൊ എന്നു ഭയപ്പെട്ടു വനവാസം ചെയ്യുന്നപക്ഷം ലോകവാസികളുടെ പരിഹാസവും, ശരീരം പണയപ്പെട്ടാൽ, അനുചിതമായ ദാസ്യവുമാണല്ലൊ ഫലം. (ആലോചിച്ച്) അല്ലെങ്കിൽ, ഇനിയും എനിക്കു ജയം വന്നുകൂടാ എന്നില്ലല്ലൊ. അവസാനംവരെ നോക്കാം. അതാണ് ഉചിതം. (സ്പഷ്ടം)

ക്ഷത്രിയപുത്രൻ ഞാനെൻഗാത്രം വെച്ചേൻനിനക്കുപണയമതാ
നിസ്പൃപനേടുന്നാകിൽഭൃത്യനതായ്ക്കാനിരുന്നിടാംമേലിൽ. [യ്

രാജാ—(ചിരിച്ച്) നല്ലത് പുഷ്കര, നല്ലത്. നീയും ആ മഹാനായ ഭാർഗ്ഗവരാമനെപ്പോലെ മാതാവിനേക്കാൾ അധികം പിതാവിനെയാണ് സ്നേഹിയ്ക്കുന്നത്. കളിച്ചുകൊൾക.

പുഷ്കരൻ—(ചുക്കിണിയെടുത്ത്) അല്ലയൊ വൈരസേനിൻ! ഇപ്പോൾ ഞാൻ ജയിച്ചുവല്ലൊ?

രാജാ—കൈതവമെന്നിയെനീതാ-
നിനയുംസോദര! ജയിച്ചുവെന്നാകിൽ
പറയുന്നെന്തിന്നധികം
തവവൻതന്നവയശേഷവുംതിരിയെ.

പുഷ്കരൻ—കൊള്ളാം, അധികംശ്രമംകൂടാതെ കഴിഞ്ഞുകല്ലും.
(കളിച്ചു്) ഹാ! ഹാ! ദൈവമെ!

ഗോപികാവസന്തം—ചാപ്പ്

കണ്ണികൾ

൧. അയ്യൊ ഞാനേവംവിധം-വരുവാനെന്നൻ
കയ്യാൽ ഞാനൊരുദോഷം എന്നും
ചെയ്തതായോർക്കുന്നില്ലെ-കഷ്ടംകഷ്ടം
മെയ്യുംഅന്യാധീനമായ്

൨. മുന്നംഞാൻനേടിയവ-എല്ലാമിന്നീ
മന്നനസ്വാധീനമായ്-അതുകട്ടെ
ഇന്നിവൻദാസനാവാൻ-എന്തെന്തയ്യൊ
മുജ്ജന്മദുരിതമൊവാൻ. (കരയുന്നു)

രാജാ— തോടി—ഏകതാളം.

കണ്ണികൾ

൧. പാരാതെമുന്നംചെയ്തതോരാതെ
തനപിപോലെകേഴാതെ-അല്പം
ലജ്ജയുണ്ടെന്നാകിൽചൂതാടുകവാതോതുക.

൨. ഭോജനംചെയ്യാൻനല്ലോരുഭാജനം
തന്നെനീയെന്നോർമനം-തന്നിൽ
മുന്നംകൊണ്ടേനല്ലോഞാനെന്നാൽകേണീടുമൊ.

൩. വൈകാതെവന്നകഷ്ടംമാക്കാതെ
എങ്ങാൻമണ്ടിപ്പോകാതെ-ഇനി
പുരുഷനെന്നാകിൽചൊന്നതുപോൽചെയ്യുമവൻ.

പുഷ്കരൻ—

൪. ദേവനെമുന്നംതോററുപോയ്യനെ
വാണനിയ്യുമിന്നെന്നെ-പാരം
പഴിച്ചതിൻഫലംകൊണ്ടീടുകകണ്ടീടുക.
(കളിച്ചു് തലതാഴ്ത്തുന്നു)

രാജാ—(എഴുന്നേററു വാറം ഊരി)

ദേവന്നേ ഷതികറം ചെയ്യുതിന്നുമി-
ദ്ദേവിയെപ്പരിഹസിച്ചതിന്നുമായ്
കേവലംതവശിരസ്സറുപ്പതേ
കോപശാന്തിയതിന്നുള്ളാരൌഷധം.

(എന്നു വെട്ടുവാൻ ഓങ്ങുന്നു)

(അണിയറയിൽ) വധിക്കരുതെ. വധിക്കരുതെ.

രാജാ—(കൈ പിൻവലിച്ച് ആശ്ചൎയ്യത്തോടെ) അയെ! ആരാണ് ഇവനെ നിഗ്രഹിയ്ക്കുന്നതിൽ നിന്നെന്നെ വിരോധിയ്ക്കുന്നത്. (അണിയറയിലേക്കുനോക്കി സന്തോഷത്തോടെ ദമയന്തിയോട്)

കീരവാണിമണിയങ്ങുമിങ്ങുമാസ്സാരമാൽ പെരുകിവാണനമ്മളെ
ആരുമേ ത്തുമറിയാതെചെന്നൊരാചാരുഹംസമിഹവന്നിട്ടുന്നിതാ

ഹംസം—(തിരനീക്കിപ്രവേശിച്ച്) വധിയ്ക്കരുതെ,വധിയ്ക്കരുതേ,

രാജാ—പ്രിയമിത്രത്തിന്നുസ്വാഗതം.

ദമയന്തി—ഇപ്പോറം ഞങ്ങളിൽ കനിഞ്ഞ് എവിടുന്നാണ് വരുന്നാത്?

ഹംസം—ഇപ്പോറം ഞാൻ സത്യലോകത്തുനിന്നുതന്നെയാണ്. അല്ലെ സ്നേഹിത! സ്രഷ്ടാവ് ഭവാനോടു പറവാനായി എന്നോട് ഇങ്ങിനെ ആജ്ഞാപിക്കുന്നു.

രാജാ- എന്താണ് ഭഗവാൻ വിധാതാവ് ആജ്ഞാപിയ്ക്കുന്നത്?

ഹംസം— നിന്നെപ്പോൽതന്നെദുഷ്ടൻകലിയുടെവശമാ
പ്പെട്ടവൻപ്രേരണത്താൽ
തന്നെചെയ്യുമ്മതെല്ലാമറികനിയതമീ
പുഷ്കരൻചെയ്യതല്ല
എന്നുള്ളീതത്വമാക്കാതിവനെബതഭവാൻ
നിഗ്രഹിച്ചെങ്കിലൊവ-
ന്നനിയ്ക്കുംപാപമയ്യോതവരുന്നമഖിലം
നിശ്ചയംഭസ്മമാക്കും.

രാജാ—ഭഗവാനായ ധാതാവിന്റെ ആജ്ഞ ധിക്കരിക്കപ്പെടാവുന്നതല്ലല്ലൊ. അതിനാൽ പുഷ്കര! ഞാൻ നിന്നെ വിട്ടാം മുന്നെപ്പോലെ ഇവിടത്തന്നെ സുഖിച്ചിരുന്നുകൊൾക.

പുഷ്കരൻ—(നമസ്കരിച്ചെഴുന്നേററു വിചാരം) ആവൂ, ഞാൻ ലോകാപവാദത്തിൽനിന്നു മോചിയ്ക്കപ്പെട്ടുവല്ലൊ.

വാസിഷ്ഠൻ—ഇനിയും ഭവാനു ഞാൻ എന്തു ഇഷ്ടത്തെയാണു ചെയ്യേണ്ടത്?

രാജാ—എന്താണ് ഇങ്ങിനെ പറയുന്നത്?

ചെഞ്ചുരുട്ടി—ആദിതാളം

പല്ലവം

കല്യാണമെനിയ്ക്കിനിയന്നരാജനിൽനൽനാൽ

അനുപല്ലവം.

കല്യാത്മൻമംഗളംനിൻ
ആഗമനത്തിനുപിമ്പെവരുവതുപതിവല്ലൊസഖി— ക

ചരണങ്ങൾ

മൂന്നംഭിന്നസ്ഥലങ്ങളിൽപാർണൊ-
രെന്നയുംപുനരിവളെയും
ഒന്നിപ്പിച്ചതുമിന്നിവനെ
കൊന്നീടിൽചേരാവുംദോഷംനീക്കിയതുംനീ— ക

എങ്കിലും, ഇനിയും ഭവാൻ കൃപചെയ്യുവാൻ വിചാരിയ്ക്കുന്നുവെങ്കിൽ ഇപ്രകാരം കൂടി ഭവിക്കട്ടെ.

ഭരതവാക്യം.

മന്നിൽസങ്കടമേററിടുംകലിമലംബാധിച്ചിടാതാകണം
ഒന്നിനുന്നായകരാകുലംപ്രജകളിൽചേർക്കാതയുംവാഴണം
കന്നൽകണ്ണികളത്രയുംസതികളായ്മന്നൊവിളങ്ങിടണം
നന്നായുള്ളവചെയ്യുവാനഖിലരുംചിത്തത്തിലോർത്തിടണം

(എന്ന് എല്ലാവരും പോയി)

ഏഴാമങ്കം കഴിഞ്ഞു.

സംപൂർണ്ണം.

——⁂——

Indic Digital Archive Foundation
gpura.org